ISSN-0971-8397

# യോജന

ഒക്ടോബർ 2015 ഒരു വികസനപത്രിക ₹ 20

## നൈപുണ്യ വികസനം: ഭാരതം പുതിയ ഉയരങ്ങളിലേയ്ക്ക്


നൈപുണ്യ വികസനത്തിന് ഒരു പുനർ നിർവചനം
ദിലീപ് ചിനോയ്

തൊഴിലവസരങ്ങളും നൈപുണ്യവും സാങ്കേതിക വിദ്യയും
അരുൺ മയ്റ, മദൻ പദാക്കി

നൈപുണ്യ വികസനവും സാമൂഹിക മാറ്റവും
സുനിതാ സാംഖി

കൈത്തറി സംരക്ഷണത്തിലൂടെ പൈതൃക പരിപാലനം
മോനിക എസ് ഗാർഗ്

ഫോക്കസ്
ഗാന്ധിജിയും കരകൗശല വിദ്യയും




# കൈത്തറി ഉത്പന്നങ്ങളുടെ ഇ–വിപണനം



കൈത്തറി ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്താനും യുവതലമുറയെ കൈത്തറിയിലേക്ക് ആകർഷിക്കുവാനും ലക്ഷ്യമിട്ട് ഇന്ത്യാ ഗവൺമെന്റ് നയരൂപീകരണം പ്രഖ്യാപിച്ചു.

അംഗീകൃത ഇ– കൊമേഴ്സ് സ്ഥാപനങ്ങളുമായി സുതാര്യവും മത്സരക്ഷമവും കാര്യക്ഷമവുമായ രീതിയിൽ കൈത്തറി ഉത്പ്പന്നങ്ങളുടെ ഇ–വിപണനത്തിന് സഹകരിക്കാൻ കൈത്തറി ഡപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം നേതൃത്വം നൽകുമെന്ന് നയത്തിൽ പറയുന്നു. കൈത്തറി ഉത്പന്നങ്ങളുടെ ഓൺലൈൻ വ്യാപാരത്തിൽ താൽപര്യമുള്ള ഏതൊരു ഇ–കൊമേഴ്സ് സ്ഥാപനത്തിനും പ്രസ്തുത കാര്യാലയവുമായി ബന്ധപ്പെടാം. അപേക്ഷകന്റെ യോഗ്യതയും മറ്റുവിവരങ്ങളും പരിശോധിക്കുന്ന ചുമതലപ്പെട്ട സമിതി വിവിധ വശങ്ങൾ വിലയിരുത്തി ശുപാർശകൾ സമർപ്പിക്കും. അപേക്ഷകളിൽ മൂന്നാഴ്ചക്കുള്ളിൽ തീരുമാനമെടുക്കും. അനുമതി ലഭിക്കുന്ന ഇ–കൊമേഴ്സ് സ്ഥാപനം അതിന്റെ ഹോം പേജിൽ മുൻഗണനാടിസ്ഥാനത്തിൽ കൈത്തറി ഉത്പന്നങ്ങളുടെ പരസ്യം നൽകണം എന്നാണ് വ്യവസ്ഥ. ഇന്ത്യാ ഹാൻഡ്‌ലൂം, ഹാൻഡ്‌ലൂം മാർക്ക് എന്നീ മുദ്രകളോട് കൂടിയ കൈത്തറി ഉത്പന്നങ്ങളുടെ പ്രത്യേക വിഭാഗവും ഇ–കൊമേഴ്സ് പേജിൽ ആരംഭിക്കാം. താഴെപറയുന്ന ഇടപെടലുകളിലൂടെ ഡി.സി കാര്യാലയം കൈത്തറി ഉത്പ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കും.

● അംഗീകൃത ഇ–കൊമേഴ്സ് സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ വെബ്സൈറ്റിലൂടെയും സംസ്ഥാന ഗവൺമെന്റ്, കൈത്തറി സർവീസ് സെന്ററുകൾ എന്നിവ മുഖേനയും പരസ്യപ്പെടുത്തും. ● കൈത്തറി സേവനകേന്ദ്രങ്ങൾ, ക്ലസ്റ്ററുകൾ എന്നിവ മുഖേന ഇ–കൊമേഴ്സ് സ്ഥാപനങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തും. ● വില കൂടിയ ഇനം ഉത്പന്നങ്ങളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പരസ്യപ്പെടുത്തും. ● കൈത്തറി സേവന കേന്ദ്രങ്ങൾ, കോമൺ ഫെസിലിറ്റി സെന്ററുകൾ , കൈത്തറി കൂട്ടായ്മകൾ തുടങ്ങിയവയ്ക്ക് ഐടി അനുബന്ധ സൗകര്യങ്ങൾ നൽകും.

അംഗീകൃത ഇ–കൊമേഴ്സ് സേവന ദാതാക്കളുടെ പ്രകടനം തുടർച്ചയായി വിലയിരുത്തണം. അംഗീകാരം ദീർഘിപ്പിക്കുന്നത് പ്രകടനത്തിന്റെ അടിസ്ഥാനത്തിലാകും. മേഖലകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും അനുഭവസമ്പത്തിന്റെയും അടിസ്ഥാനത്തിൽ നയ ചട്ടക്കൂട് പുനരവലോകനം ചെയ്യും. കൈത്തറി ഉത്പാദകർ, ഉപഭോക്താക്കൾ എന്നിവരുടെ താല്പര്യം സംരക്ഷിക്കുകയാണ് ലക്ഷ്യം. കൈത്തറി മേഖലക്കാർക്ക് ഉണർവ് പകരാൻ നയം ഉപകരിക്കും എന്നാണ് പ്രതീക്ഷ. ദേശീയ കൈത്തറി ദിനാചരണം, ഇന്ത്യാ കൈത്തറി സ്റ്റാൻഡ് തുടങ്ങിയവ ഇതിനുള്ള ചുവടുവയ്പുകളാണ്.

ഒക്ടോബർ 2015

വാല്യം 44 | ലക്കം 3

# യോജന

ചീഫ് എഡിറ്റർ:
**ദീപിക കച്ചൽ**

**മലയാളം പതിപ്പ്**

*സീനിയർ എഡിറ്റർ:*
**ഡോ. നീതു സോണ എം.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**




ഈ ലക്കത്തിൽ

## നൈപുണ്യ വികസനം: ഭാരതം പുതിയ ഉയരങ്ങളിലേയ്ക്ക്

**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം - 695 001, ഫോൺ : 0471 - 2323826
ഇ-മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്), പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48-53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ്, ന്യൂഡൽഹി 110 003

വരിസംഖ്യ ഒരു വർഷം ₹ 100/-, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/-

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ. പി ജി ധോപെ

യോജന ഒക്ടോബർ 2015




## ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

# ക്ഷണിക്കുന്നു

**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● ഒക്ടോബർ 2015 ● വാല്യം 44 ● ലക്കം മൂന്ന്

# ഉള്ളടക്കം

## നൈപുണ്യ വികസനം: ഭാരതം പുതിയ ഉയരങ്ങളിലേയ്ക്ക്

7 നൈപുണ്യ വികസനത്തിന് ഒരു പുനർ നിർവചനം
ദിലീപ് ചിനോയ്

10 തൊഴിലവസരങ്ങളും നൈപുണ്യവും സാങ്കേതിക വിദ്യയും
അരുൺ മയ്റ, മദൻ പദാക്കി

16 നൈപുണ്യ വികസനത്തിലൂടെ സാമൂഹിക മാറ്റം
സുനിത സാംഖി

23 കൈത്തറി സംരക്ഷണത്തിലൂടെ പൈതൃക പരിപാലനം
മോനിക എസ് ഗാർഗ്

30 ഫോക്കസ്
ഗാന്ധിജിയും കരകൗശല വിദ്യയും

34 വൈദഗ്ധ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും
ഡോ. സ്വാതി മജുംദാർ

37 നൈപുണ്യ ഭാരതം: സ്ത്രീ ശാക്തീകരണത്തിന്റെ പ്രസക്തി
ദേവ് നാഥൻ

41 രാഷ്ട്ര പുരോഗതിക്ക് നൈപുണ്യ വികസനം
എസ്. എസ്. മന്ത

48 വന പരിപാലനവും ജനപങ്കാളിത്തവും
ഡോ. ഈസ

52 അക്ഷര കേരളം അക്ഷയ കേരളം
ഡോ. പി. ഗോപിനാഥൻ പിള്ള

57 സൗര വൈദ്യുത പദ്ധതികൾ
മധു സുകുമാരൻ നായർ

62 നൈപുണ്യ വികസനം: വിഭവ, ശേഷികളുടെ മൂലധനവത്കരണം
പ്രൊഫ. മാനേജ് ജോഷി, ഡോ. അരുൺ ബഹാദൗരിയ, ഡോ. ഷെൽജാ ദീക്ഷിത്

67 ജൈവകൃഷിയ്ക്ക് ഒരാമുഖം
സുരേഷ് മുതുകുളം

71 ഡിജിറ്റൽ വിപ്ലവപാതയൊരുക്കി ബിബിഎൻഎൽ
അബ്ദു മനാഫ് കെ.

74 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

**നവംബർ 2015**

**ഗതാഗത മേഖല**

# നൈപുണ്യ ഭാരതം

വിജയം ജാലവിദ്യയിലൂടെ കരസ്ഥമാക്കാൻ കഴിയുന്ന ഒന്നല്ല. വിജയിക്കാൻ വൈദഗ്ദ്ധ്യം ആവശ്യമാണ്. ഈ സാർവ്വത്രിക സത്യം യുവതലമുറയ്ക്കും ഒരേ പോലെ ബാധകമാണ്. യുവ തലമുറയുടെ ഊർജ്ജം ഏതൊരു രാജ്യത്തിന്റെയും സാമൂഹ്യ, സാമ്പത്തിക വികസനത്തിന്റെ ചാലകശക്തിയായി വിനിയോഗിക്കാം, ഫലപ്രദമായി വഴി തിരിച്ചുവിടണമെന്നുമാത്രം. നൈപുണ്യ വികസനവും തൊഴിലുമാണ് ഈ ശക്തി സംഭരിക്കാനുള്ള ഉത്തമമാർഗം. ലോകത്തിൽ യുവജനങ്ങളുടെ ഏറ്റവും വലിയ സമ്പത്ത് ഉണ്ടെന്ന് നമുക്കഭിമാനിക്കാമെങ്കിലും ഇന്ത്യയിലെ തൊഴിലുടമകൾ വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയുടെ അപര്യാപ്തത മൂലം ക്ലേശിക്കുന്നു എന്നതാണ് സത്യം. പ്രത്യേക ജോലികൾക്കായി വൈദഗ്ധ്യമുള്ളവരുടെ അഭാവമാണ് കാരണം. 2014 ലെ ലേബർ ബ്യൂറോ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിൽ ഔപചാരികമായി വൈദഗ്ധ്യം നേടിയ തൊഴിലാളികൾ കേവലം രണ്ട് ശതമാനം മാത്രമാണ്. പരമ്പരാഗത രീതിയിൽ വിദ്യാഭ്യാസം നേടിയവരിൽ വലിയ ഒരു വിഭാഗത്തിന്റെ തൊഴിൽ ശേഷിയില്ലായ്മയാണ് മറ്റൊരു വെല്ലുവിളി. ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായം പ്രൗഢ മനസ്സുകൾക്ക് കളരിയാകുന്നുണ്ടെങ്കിലും പ്രത്യേക ജോലികൾക്ക് ആവശ്യമായ നൈപുണ്യ നിലവാരത്തിന്റെ കാര്യത്തിൽ പിന്നാക്കം പോകുന്നു. കോളേജുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും പുറത്തുവരുന്ന പ്രതിഭകൾക്കും അവരുടെ തൊഴിൽ നൈപുണ്യ നിലവാരത്തിനും തമ്മിൽ വലിയ അന്തരമുണ്ട്. ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന ഈ ജനസംഖ്യക്ക് രാജ്യത്തിന്റെ മാത്രമല്ല ലോകത്തിന്റെയാകെ നൈപുണ്യ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ശേഷിയുണ്ട്. ഉചിതവും മതിയായതുമായ നൈപുണ്യ വികസനവും പരിശീലനവുമാണ് ഈ ശക്തിയെ സാങ്കേതിക നൈപുണ്യമുള്ള മനുഷ്യ വിഭവശേഷിയായി പരിവർത്തനം ചെയ്യാനുള്ള മാർഗ്ഗം. ഈ പ്രശ്നത്തിന് പരിഹാരം കാണുക എന്നതാണ് ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്ന സ്കിൽ ഇന്ത്യ മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നൽകി തൊഴിലെടുക്കാൻ ശേഷിയും വൈദഗ്ധ്യവും ഉള്ള തൊഴിൽ സേനയെ ഇതുവഴി വാർത്തെടുക്കുകയാണ് ലക്ഷ്യം. 2022-ഓടെ 40 കോടി ജനങ്ങൾക്ക് അവരവർക്ക് യോജിച്ച മേഖലകളിൽ നൈപുണ്യം നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. എല്ലാ വിഭാഗങ്ങളുടെയും വളർച്ചയ്ക്ക് എല്ലാ തലങ്ങളിലും വിദഗ്ദ്ധരായ തൊഴിൽ സേന അനിവാര്യമാണ്. നൈപുണ്യ വികസനം ഒറ്റപ്പെട്ടുകാണാവുന്ന ഒന്നല്ല. വിദ്യാഭ്യാസം, തൊഴിൽ എന്നിവയുമായി നൈപുണ്യ പരിശീലനത്തെ ബന്ധിപ്പിക്കുന്ന പ്രക്രിയയുടെ അവിഭാജ്യ ഘടകമായി അത് മാറേണ്ടിയിരിക്കുന്നു. ഗവൺമെന്റ് ഏജൻസികൾക്കും സംവിധാനത്തിനും മാത്രമായി ഈ ലക്ഷ്യം നേടാനാവില്ല. സ്വകാര്യ മേഖല, ഗവൺമെന്റിതര സംഘടനകൾ, നൈപുണ്യ പരിശീലനത്തിൽ പരിചയസമ്പത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഈ പ്രക്രിയയുടെ ഭാഗമാകണം. എല്ലാ വിഭാഗങ്ങൾക്കും തുല്യ പരിഗണന നൽകുകയും വേണം.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ് യുവാക്കൾക്ക് നൈപുണ്യം നൽകുന്നതിനുള്ള മൗലികമായ മാർഗം. അതേ സമയംതന്നെ, വനിതകൾ, പാർശ്വവത്കൃതർ, ഗിരിവർഗക്കാർ തുടങ്ങിയവർക്ക് അനുയോജ്യമായ പരിശീലന പരിപാടികൾ ആവശ്യമാണ്. പാർശ്വവത്കൃത വിഭാഗങ്ങൾക്ക് നൈപുണ്യം നൽകുന്നതിൽ നിരക്ഷരത ഒരു പ്രശ്നമാകും. വനിതകളെ സംബന്ധിച്ച് കുടുംബപ്രശ്നങ്ങളും സാമൂഹ്യപ്രതിബന്ധങ്ങളും ഉയർന്നുവരാം. നൈപുണ്യ പരിശീലനം വിജയകരമാക്കണമെങ്കിൽ ഈ ഘടകങ്ങളും പരിഗണിക്കേണ്ടതുണ്ട്.

വേഗത, ഗുണനിലവാരം, സുസ്ഥിരത എന്നിവയുടെ അകമ്പടിയോടെ നൈപുണ്യ പരിശീലനത്തിന്റെ വെല്ലുവിളി നേരിടാനാണ് 2015 ലെ ദേശീയ നൈപുണ്യ വികസന സംരംഭകത്വ നയം ലക്ഷ്യമിടുന്നത്. രാജ്യത്തിനകത്ത് നടക്കുന്ന എല്ലാ നൈപുണ്യ വികസന പരിപാടികളും ഒരു ചട്ടക്കൂടിന് കീഴിൽ കൊണ്ടുവരാൻ നയം ലക്ഷ്യമിടുന്നു.

നൈപുണ്യം, പരിശ്രമം എന്നിവ ചേരുമ്പോൾ വിജയം പിറവികൊള്ളുന്നു. ഗവൺമെന്റ് അടുത്തിടെ രൂപം കൊടുത്ത നടപടികളോടെ നൈപുണ്യ വികസനം ഒരു പ്രസ്ഥാനത്തിന്റെ രൂപം ആർജ്ജിക്കുന്നു എന്ന് പറയാം. ഗവൺമെന്റിന്റെ പരിശ്രമങ്ങൾ ഫലം കാണാൻ കുറച്ചുസമയം എടുത്തേക്കും. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ നൈപുണ്യം നേടിയ ഇന്ത്യക്കാർ (കുശൽ ഭാരതം) രാജ്യത്തെ സന്തുഷ്ടവും ആരോഗ്യപൂർണ്ണവും സമ്പദ് സമൃദ്ധവുമായ രാഷ്ട്രമാക്കി (കൗശൽ ഭാരതം) മാറ്റും. അതുവഴി "കുശൽ ഭാരതം, കൗശൽ ഭാരതം" എന്ന മുദ്രാവാക്യം നീതീകരിക്കപ്പെടുകയും ചെയ്യും.



# നൈപുണ്യ വികസനത്തിന് ഒരു പുനർ നിർവചനം

ദിലീപ് ചിനോയ്

**ഇ**ന്ത്യയുടെ വളർച്ച പുരോഗതിയുടെ പാതയിലയാണെന്നും 7.6 ശതമാനമെന്ന മൊത്ത ആഭ്യന്തര ഉത്പാദന വളർച്ച (ജിഡിപി) നേടുമെന്ന പ്രവചനങ്ങളെ പൊതു സൂചികകൾ പിന്താങ്ങുന്നുവെന്നും ഭാരതീയ റിസർവ് ബാങ്ക് അടുത്തിടെ പുറത്തുവിട്ട 2014-15 ലേക്കുള്ള വാർഷിക റിപ്പോർട്ടിൽ പറയുന്നു. വ്യവസായ ലോകത്തിന്റെ ആത്മവിശ്വാസം കരുത്താർജ്ജിച്ചതായും അടിസ്ഥാന സൗകര്യ മേഖലക്കായി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച നടപടികൾ കൂടി എത്തുന്നതോടെ സ്വകാര്യ നിക്ഷേപം വളരുകയും നാണയപ്പെരുപ്പം കുറഞ്ഞ് ഉപഭോക്തൃ താല്പര്യം വീണ്ടും വിപണിയിൽ പ്രതിഫലിക്കുമെന്നും റിപ്പോർട്ട് പറയുന്നു. ലോക രാഷ്ട്രങ്ങൾ എല്ലാം തന്നെ സാമ്പത്തിക മാന്ദ്യത്തിന്റെ ഭീഷണി നേരിടുമ്പോൾ ഇന്ത്യയുടെ സ്ഥിതി മറിച്ചാണെന്നാണ് ചില സൂചികകൾ പറയുന്നത്. അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥകൾക്കിടയിൽ ഇന്ത്യയുടെ ജിഡിപി മെച്ചപ്പെടുന്ന ലക്ഷണങ്ങളാണ് പൊതുവേ കാണുന്നത്.

ഗവൺമെന്റ് ഇതിനകം തന്നെ ചില നടപടികൾക്ക് തുടക്കമിട്ടു കഴിഞ്ഞു. ഇന്ത്യയിൽ നിർമ്മിച്ച ഉത്പന്നങ്ങൾ വിദേശ വിപണികളിൽ വിറ്റഴിക്കാൻ വിദേശ കമ്പനികൾക്ക് പ്രോത്സാഹനം നൽകുന്നത് ഇതിന്റെ ഭാഗമാണ്. നേരിട്ടുള്ള വിദേശ നിക്ഷേപ ചട്ടങ്ങളിൽ ഇങ്ങനെ അയവ് വരുത്താൻ ഗവൺമെന്റ് തയ്യാറായി. 'മേക്ക് ഇൻ ഇന്ത്യ' പരിപാടി വിവിധ മേഖലകളിൽ ഉത്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി ജിഡിപി വിഹിതം വർദ്ധിപ്പിക്കുവാനും വഴിയൊരുക്കും . ഉത്പാദനരംഗം കരുത്ത് നേടുന്നതോടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. തൊഴിൽ നൈപുണ്യം നേടുന്ന യുവതീയുവാക്കൾക്കാകും ഇതിന്റെ പ്രയോജനം ലഭിക്കുക. ഇതിന്റെ ഭാഗമായാണ് ഗവൺമെന്റ് 'സ്കിൽ ഇന്ത്യ മിഷന്' തുടക്കമിട്ടത്. 'മേക്ക് ഇൻ ഇന്ത്യ', 'ഡിജിറ്റൽ ഇന്ത്യ', 'സ്മാർട്ട് സിറ്റി' തുടങ്ങിയ പദ്ധതികളുടെ കേന്ദ്ര ബിന്ദുവായി സ്കിൽ ഇന്ത്യ ദൗത്യം മാറുമെന്നാണ് പ്രതീക്ഷ. തൊഴിൽ നൈപുണ്യവും ശേഷിയുമുള്ള ഒരു തൊഴിൽ സേനക്കുമാത്രമേ ഈ ദേശീയ ദൗത്യങ്ങളെയെല്ലാം വിജയത്തിലേക്ക് നയിക്കാനും ജിഡിപി വളർച്ച ഉയർത്തി പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയൂ. യുവാക്കൾക്ക് രാജ്യത്തിന്റെ ജനസംഖ്യാശേഷിക്കനുസരിച്ച് മാർഗ നിർദ്ദേശം നൽകി അവരുടെ വ്യക്തിപരവും തൊഴിൽപരവുമായ ഉന്നതിക്ക് വഴിയൊരുക്കുകയെന്നതാണ് പ്രധാനം.

വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ വികസിത രാഷ്ട്രങ്ങൾ തയ്യാറെടുക്കുന്നതുപോലെ ഇന്ത്യയിലെ വിദ്യാഭ്യാസ രംഗം ഉള്ളടക്ക സംബന്ധിയായി പരിഷ്കരണഘട്ടത്തിലൂടെ കടന്നുപോകുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ചില നടപടികൾ ഇവിടുത്തെ യുവാക്കളുടെ ശരിയായ ആവശ്യം എന്ന ലക്ഷ്യത്തിലേയ്ക്ക് നമ്മെ എത്തിക്കും. നമ്മുടെ ശ്രദ്ധ എപ്പോഴും വിദ്യാഭ്യാസം എന്നതിലായിരുന്നുവെങ്കിലും മൊത്തത്തിലുള്ള

നൈപുണ്യ വികസനം എന്നതിൽ അത് എത്തിയില്ല. മനുഷ്യവിഭവശേഷി എന്ന നമ്മുടെ ഏറ്റവും വലിയ ശക്തി ശരിയായി വിനിയോഗിക്കാൻ ഇതാണാവശ്യം. ഇന്ത്യയെ ലോകത്തിന്റെ മനുഷ്യവിഭവശേഷിയുടെ തലസ്ഥാനം എന്ന നിലയിലേക്ക് മാറ്റാൻ അടുത്ത 5-10 വർഷങ്ങൾ നിർണ്ണായകമാണ്.

ഇന്ത്യ പരിപാലിക്കുന്ന ജനസംഖ്യാശേഷികൊണ്ട് പ്രയോജനം ലഭിക്കുന്ന ഒരു സമയം ആഗതമാവുകയാണെങ്കിൽ അത് ഇപ്പോൾ തന്നെയാണ്. ഇക്കഴിഞ്ഞ സെൻസസ് അനുസരിച്ച് 15 മുതൽ 24 വയസ്സ് വരെയുള്ള യുവാക്കളുടെ എണ്ണം ഏറ്റവും അധികമായ കാലമാണിത്. ഇന്ത്യയുടെ ജനസംഖ്യ ചെറുപ്പമാകുമ്പോൾ സുസ്ഥിരമായ തൊഴിലവസരങ്ങളും പരമ പ്രധാനമാകുന്നു. വികസിത രാജ്യങ്ങൾ മിക്കതും വികസ്വര രാജ്യങ്ങളിൽ ചിലതും നേരിടുന്നതുപോലെ 15 വയസ്സ് മുതൽ 60 വയസ്സു വരെയുള്ളവരുടെ ജനസംഖ്യ ചുരുങ്ങുകയല്ല ഇന്ത്യയിൽ, മറിച്ച് വർദ്ധിക്കുന്ന സുവർണ്ണാവസരമാണ് നമുക്ക് കൈവന്നിരിക്കുന്നത്. ഏറ്റവും ഉത്പാദനക്ഷമമായ ഇവരിൽ ഊന്നിയുള്ള മുന്നേറ്റത്തിലൂടെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ വളർച്ചയുടെ പാതയിലേക്കും തൊഴിലവസരസൃഷ്ടിയിലേക്കും വഴി തിരിച്ചുവിടാൻ കഴിയും. 2022-ൽ ലോകത്തിലെ തൊഴിലെടുക്കുന്നവരിൽ 15 മുതൽ 17 വരെ ശതമാനവും ഇന്ത്യക്കാരായിരിക്കും എന്നതാണ് കണക്ക്.

ഇന്ത്യയിലെ തൊഴിലെടുക്കാൻ ശേഷിയുള്ളവരുടെ ജനസംഖ്യ 2040 ഓടെ ചൈനയെ കടത്തിവെട്ടുമെന്നാണ് ഇന്നത്തെ കണക്ക്. സമ്പദ് വ്യവസ്ഥയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വച്ച് നോക്കിയാൽ ഇന്ത്യക്ക് വ്യക്തമായ ആധിപത്യമുണ്ട് എന്ന് കാണാം. എന്നാൽ ശോഭനമായ ഒരു ഭാവിക്ക് വേണ്ടി നമുക്ക്, തൊഴിൽ ചെയ്യാൻ ശേഷിയുള്ളവരുടെ എണ്ണത്തെ മാത്രം ആശ്രയിച്ച് നിൽക്കാനാവില്ല. രാജ്യത്തെ ഏകദേശം 50 കോടിയോളം വരുന്ന തൊഴിലെടുക്കുന്നവരിൽ 14 ശതമാനം പേർ ഔപചാരിക സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായുള്ളപ്പോൾ ബാക്കി 86 ശതമാനവും അസംഘടിത മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഈ 86 ശതമാനത്തിന് ശരിയായ പരിശീലനമോ തൊഴിൽവിപണിയിൽ അംഗീകാരമോ ലഭിച്ചിട്ടില്ലെന്നതാണ് വെല്ലുവിളി.

വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ എന്നിവ തമ്മിൽ നിലവിൽ ഭീമമായ പൊരുത്തക്കേട് ഉണ്ട്. സെക്കൻഡറി തലത്തിന് ശേഷമുള്ള വിദ്യാഭ്യാസം തങ്ങളുടെ തൊഴിലവസരം മെച്ചപ്പെടുത്തിയെന്ന് 54 ശതമാനം യുവാക്കൾ മാത്രമേ വിശ്വസിക്കുന്നുള്ളുവെന്നാണ് പഠനങ്ങൾ വെളിവാക്കുന്നത്. 56 ശതമാനം വിദ്യാർത്ഥികളും ഹൈസ്ക്കൂളിനും ഉന്നത പഠനത്തിനും ഇടയിൽ പഠനം നിർത്തുന്നു. ഇത്തരം വസ്തുതകൾക്കും വിശ്വാസങ്ങൾക്കും ഇടയിൽ ഒരു ചെറിയ ശതമാനം മാത്രമേ പരീശീലനവും തൊഴിലും നേടുന്നുള്ളു. ഇന്ത്യയിലെ യുവാക്കളുടെ അഭിലാഷങ്ങളും തൊഴിൽദായകരുടെ പ്രതീക്ഷകളും തമ്മിൽ നിലവിലുള്ള ഭീമമായ ചേർച്ചയില്ലായ്മയും, തൊഴിലും തൊഴിൽശേഷിയും തമ്മിലുള്ള വിടവും നമുക്ക് ഇവിടെ കാണാം. ജനസംഖ്യയുടെ പകുതിവരുന്ന 25 വയസ്സിൽ താഴെയുള്ളവർക്ക് തൊഴിൽ കണ്ടെത്തുകയെന്നതാണ് രാജ്യം നേരിടുന്ന ഒരു പ്രധാന വെല്ലുവിളി.

നൈപുണ്യത്തിന്റെ ആവശ്യവും പ്രാധാന്യവും രാജ്യം മനസ്സിലാക്കിയതോടെ എല്ലാ വ്യവസായ സ്ഥാപനങ്ങളും മന്ത്രാലയങ്ങളും സംസ്ഥാനങ്ങളും കോർപറേറ്റ് സ്ഥാപനങ്ങളും വ്യക്തികളും കൈകോർത്ത് ഇന്ത്യയെ ലോകത്തിന്റെ നൈപുണ്യ തലസ്ഥാനമായി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമത്തിലാണ്.

നൈപുണ്യവികസനം, സംരംഭകത്വം എന്നിവക്കായി പ്രത്യേക മന്ത്രാലയം രൂപീകരിക്കുക എന്നതായിരുന്നു രാജ്യത്തെ നൈപുണ്യ രംഗം മെച്ചപ്പെടുത്തുന്നതിന് ഗവൺമന്റ് നടത്തിയ സുപ്രധാന കാൽവയ്പ്. 450ൽപരം ജില്ലകളിൽ പരന്നുകിടക്കുന്ന നൈപുണ്യ സംവിധാനം രാജ്യത്ത് ഇപ്പോൾ നിലവിലുണ്ട്. ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ രൂപം നൽകിയ ഈ സംവിധാനത്തിൽ 37 മേഖലാ നൈപുണ്യ കൗൺസിലുകൾ, 235 പരിശീലന പങ്കാളികൾ, 3011 പരിശീലന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്നു. കൃത്യമായ നയങ്ങളിലൂടെ ഗവൺമെന്റ് പിന്തുണയും മാർഗ നിർദ്ദേശവും ഇതിന് ഉറപ്പാ

ക്കുകയാണ് അടുത്ത നടപടി. വിവിധ മേഖലക ളിലെ തൊഴിൽ പരിശീലനത്തിന്റെ നിലവാരം നിശ്ചയിക്കത്തക്കവണ്ണം ദേശീയ തൊഴിൽ നില വാരത്തിന് രൂപം നൽകാൻ എൻ.എസ്.ഡി.സി നൈപുണ്യ മന്ത്രാലയവുമായി ചേർന്ന് പ്രവർത്തിച്ച് വരികയാണ്. 55 ലക്ഷം പേർക്കാണ് ഇതുവരെയായി എൻ.എസ്.ഡി.സി തൊഴിൽ പരി ശീലനം നൽകിയത്. ഇതിൽ 61%പേർക്ക് തൊഴിലും ലഭിച്ചു. വിവിധ വ്യവസായ മേഖലക ളിലെ ഭീമമായ വിടവ് നേരിടത്തക്കവണ്ണം ഇത് വേഗത്തിലാക്കി വരികയാണ്.

സ്കിൽ ഇന്ത്യ മിഷൻ, 2015 ലെ നൈപുണ്യ നയം എന്നിവ മുഖേന 2022 ഓടെ രാജ്യത്തെ 40 കോടി യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നൽകാ നാണ് ലക്ഷ്യം. ത്വരിതഗതിയിൽ ഗുണമേൻ മയേറിയ നൈപുണ്യ പരിശീലനം വൻതോതിൽ നൽകികൊണ്ട് തൊഴിലെടുക്കാൻ ശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ദർശന ത്തിൽ ഊന്നിയാണ് നൈപുണ്യനയത്തിന് രൂപം നൽകിയിട്ടുള്ളത്. സമ്പത്തും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കാൻ സാധിക്കും വിധം നവീന സംരംഭക സംസ്കാരവും ഇതുവഴി രാജ്യത്ത് വേരൂന്നും.

എഴുപതിലധികം നൈപുണ്യ വികസന പരിപാ ടികളാണ് നിലവിൽ നടക്കുന്നത്. ഓരോന്നിനും വെവ്വേറെ യോഗ്യതാ മാനദണ്ഡങ്ങൾ, പരിശീലന കാലയളവ്, ചെലവ്, ഫല, നിരീക്ഷണ സംവി ധാനം എന്നിവയുണ്ട്. നൈപുണ്യ വികസന പ്രക്രി യകളെയും സംവിധാനങ്ങളെയും യുക്തിസഹമാ ക്കുന്ന മഹത്തായ കാൽവയ്പാണ് കേന്ദ്രഗവ ൺമെന്റ് നയം മാറ്റത്തിലൂടെ നടത്തിയത്.

വിവിധ പരിപാടികളിലൂടെ കോർപ്പറേറ്റ്-പൊതുമേ ഖലാ സ്ഥാപനങ്ങൾ യുവാക്കളെ പിന്തുണക്കാൻ മുന്നോട്ട് വരുന്നതിന് വ്യവസായ ലോകം ഇപ്പോൾ സാക്ഷ്യം വഹിക്കുകയാണ്. ധനസഹാ യം, അടിസ്ഥാന സൗകര്യം, വിജ്ഞാന സമ്പാദ നത്തിന് അംഗീകാരം, ദേശീയ യോഗ്യതാ ചട്ടക്കൂ ട് സ്വീകരിക്കൽ, തൊഴിൽ നിലവാരം തുട ങ്ങിയവയിലൂടെയാണ് യുവാക്കൾക്ക് പിന്തുണ ലഭിക്കുന്നത്. പവർഗ്രിഡ്, എൻടിപിസി, കോൾ ഇന്ത്യ, അംബുജാ സിമന്റ്, എസ്സാർ, കൊക്കകോള എന്നിവ പ്രധാന ഉദാഹരണങ്ങളിൽപ്പെടും. നൈപുണ്യവികസനരംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭാവന വളരെയാണ്. പവർഗ്രിഡ് കോർപ്പറേഷൻ, കോൾ ഇന്ത്യ ലിമിറ്റ ഡ്, ദേശീയ താപ വൈദ്യുത കോർപ്പറേഷൻ എന്നിവ ഇതിനായി 200 കോടിയിലധികം രൂപ നൽകിക്കഴിഞ്ഞു.

മറ്റൊരു വശത്ത്, നൈപുണ്യ വികസന മന്ത്രാല യത്തിന്റെ സുപ്രധാന പരിപാടികളായ പ്രധാന മന്ത്രി കൗശൽ വികാസ് യോജന, നൈപുണ്യ വായ്പാ പദ്ധതി, ദീനദയാൽ ഉപാധ്യായ ഗ്രാമീണ നൈപുണ്യ പദ്ധതി, നയിമൻസിൽ, ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് എന്നിവ നൈപുണ്യ വികസന രംഗത്ത് പ്രവേശനം, തുല്യത, ഗുണമേൻമ, സ്ഥാ പന വായ്പാ സൗകര്യം മുതലായവ ഉറപ്പാക്കും.

യുവാക്കളുടെ തൊഴിൽ ശേഷിയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ പ്രധാനമന്ത്രി നൈപുണ്യ വികസന പദ്ധതി സഹായിക്കും. വിജ്ഞാന സമ്പാദനത്തിന് അംഗീകാരം നൽകി വ്യക്തികളുടെ നൈപുണ്യത്തെ അംഗീകരി ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. വരുന്ന ഒരു വർഷത്തിനിടെ രാജ്യത്തെ 24 ലക്ഷം യുവാക്കൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുകയാണ് ലക്ഷ്യം.

പുരോഗമനാത്മക ഇന്ത്യയെന്ന ലക്ഷ്യത്തിലേ ക്കാണ് നിലവിലുള്ള നൈപുണ്യരംഗം നീങ്ങുന്ന ത്. കുശാൽ ഭാരതം, കൗശൽ ഭാരതം എന്ന ലക്ഷ്യം മുന്നിൽ കാണാനുള്ള അവസരവുമാ ണിത്. ഇപ്പോൾ സ്കിൽ ഇന്ത്യ പദ്ധതിയും ആരം ഭിച്ചതോടെ സമീപനം കൂടുതൽ വിശാലവും ശക്തവുമാകാനാണ് സാധ്യത. വ്യവസായ ലോക ത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നേരിടാനുള്ള പരിശീലന സൗകര്യം സൃഷ്ടിക്കുക, പരിശീലനം സിദ്ധിച്ച യുവാക്കൾക്ക് തൊഴിൽ ഉറപ്പ് വരുത്തുക എന്നിവയാണ് ഇനി മുന്നിലുള്ള വെല്ലുവിളികൾ.

(ദേശീയ നൈപുണ്യ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറാണ് ലേഖകൻ)

# തൊഴിലവസരങ്ങളും നൈപുണ്യവും സാങ്കേതികവിദ്യയും

അരുൺ മെയ്റ, മദൻ പദാക്കി

**അടുത്തിടെ പുറത്തുവന്ന ഒരു റിപ്പോർട്ട് പ്രകാരം വരുന്ന പത്തു വർഷത്തിനകം ഭാരതത്തിൽ 11.5 കോടി യുവാക്കൾ തൊഴിലെടുക്കാൻ പ്രാപ്തരായി മുന്നോട്ടുവരും. തൊഴിൽദാതാക്കളായ നിലവിലുള്ള വൻകിട സ്ഥാപനങ്ങൾക്കു പക്ഷേ ഇത്രയധികം പേരെ ഉൾക്കൊള്ളാൻ സാധിക്കില്ലെന്നുറപ്പാണ്. ഈ സാഹചര്യത്തിൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ഭാരതത്തിനു മുന്നിലുള്ള വലിയ വെല്ലുവിളിക്കുള്ള പരിഹാരം യുവാക്കളെ കൂടുതൽ പേർക്കു തൊഴിൽ നൽകാൻ സാധിക്കുംവിധം സംരംഭകരാക്കിത്തീർക്കുക എന്നതാണ്.**

**യു**വാക്കൾക്കു വേണ്ടത്ര തൊഴിലവസരങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ട ബാധ്യത മറ്റേതു രാഷ്ട്രത്തേക്കാളും ഭാരതത്തിനുണ്ട്. ചൈന ഉൾപ്പെടെയുള്ള ധനികരാഷ്ട്രങ്ങൾക്ക് അവരുടെ സമ്പദ് വ്യവസ്ഥയ്ക്ക് ആവശ്യമായിടത്തോളം തൊഴിൽ ചെയ്യാവുന്ന പ്രായക്കാരെ ലഭ്യമല്ലാത്ത സാഹചര്യമുണ്ടാകുമെന്നാണ് ജനസംഖ്യാ കണക്കുകൾ വെച്ച് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. അതേസമയം, ഭാരതമാകട്ടെ ജോലിയെടുക്കാൻ അനുയോജ്യമായ വളരെയധികം പേരുള്ള രാഷ്ട്രമായി വളർന്നു കൊണ്ടിരിക്കുകയാണ്. 18 വയസ്സിനു താഴെ പ്രായമുള്ള 47 കോടി ഭാരതീയരുണ്ട്. 2014ലെ കേന്ദ്ര ഇക്കണോമിക് സർവേ ചൂണ്ടിക്കാട്ടുന്നതു രാജ്യത്തിന്റെ തൊഴിൽസേനയിൽ ഓരോ വർഷവും 6.3 കോടി പേർ കൂട്ടിച്ചേർക്കപ്പെടുന്നു എന്നാണ്.

ജനസംഖ്യയ്ക്ക് ആനുപാതികമായ നേട്ടം യുവജനതയിൽ നിന്നു ഭാരതത്തിന് ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. പക്ഷേ, അതിനുള്ള തടസ്സങ്ങൾ പലപ്പോഴും ശ്രദ്ധിക്കപ്പെടാറില്ലെന്നതു വസ്തുതയാണ്. സമ്പാദിക്കുന്നതിനും ചെലവിടുന്നതിനും യുവാക്കൾ തയ്യാറാകേണ്ടത് സമ്പദ്‌വ്യവസ്ഥയുടെ

വളർച്ചയ്ക്ക് അനിവാര്യമാണ്. എന്നാൽ യുവാക്കൾക്കു വരുമാനം നേടിയെടുക്കാവുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടാൽ മാത്രമേ ഇതു സാധിക്കുകയുള്ളൂ. ഇത്തരമൊരു അവസ്ഥാവിശേഷമുണ്ടായാൽ മാത്രമേ ജനസംഖ്യാനുപാതികമായ നേട്ടം സമ്പദ്‌വ്യവസ്ഥയ്ക്കു ലഭിക്കുകയുമുള്ളൂ. ആഗ്രഹിക്കും വിധം സമ്പാദിക്കാനും ചെലവിടാനും ജീവിതനിലവാരം ഉയർത്താനും സാധിച്ചില്ലെങ്കിൽ യുവാക്കൾക്കിടയിൽ വൻതോതിലുള്ള അസ്വസ്ഥത പടരും.

'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായി 50 കോടി പേർക്കു സ്കിൽ ഡെവലപ്മെന്റ് മിഷൻ വഴി തൊഴിൽ നൈപുണ്യ പരിശീലനം നൽകുക എന്നത് കേന്ദ്ര ഗവൺമെന്റ് അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കു പരിപാടിയാണ്. തങ്ങളുടെ നിർമ്മാണശാലകൾ ചൈന ലോകരാഷ്ട്രങ്ങൾക്കായി ഒഴിഞ്ഞുകൊടുക്കുകയും ആ രാജ്യത്തെ വേതനനിരക്ക് ഉയരുകയും ചൈനീസ് കറൻസിയുടെ വില ഉയരുകയും അവിടെ യുവാക്കളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്യുന്നത് ലോകത്തിന് ലാഭകരമായി പ്രവർത്തിക്കുന്ന നിർമാണശാലയായി മാറാനുള്ള അവസരമാണു ഭാരതത്തിനു പകർന്നു നൽകുന്നത്. ഈ അവസരം ഉപയോഗപ്പെടുത്താൻ സാധിക്കണം. നല്ല ഉദ്ദേശ്യത്തോടെ ആസൂത്രണം ചെയ്ത പദ്ധതികൾ യാഥാർഥ്യമാക്കാൻ മെച്ചപ്പെട്ട രീതി പിന്തുടരുകയും സാമ്പത്തികവളർച്ചയുടെ രീതി പരിഷ്കരിക്കുകയും ചെയ്തില്ലെങ്കിൽ ഈ അവസരം ഉപയോഗപ്പെടുത്താൻ ഭാരതത്തിനു സാധിക്കാതെ വരും. പ്രവർത്തനരീതിയിൽ മാറ്റം വരുത്തിയില്ലെങ്കിൽ രാജ്യം പ്രശ്നങ്ങൾ നേരിടേണ്ടിവരുമെന്നതിനുള്ള തെളിവാണ് മൊത്തം ആഭ്യന്തര ഉത്പാദനം ഉയരുമ്പോഴും മറ്റു വികസ്വര രാഷ്ട്രങ്ങളെ അപേക്ഷിച്ച് തൊഴിലവസരങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടാതെ പോവുന്നത്. 1990ൽ സാമ്പത്തികനയം മാറ്റിയതു മുതൽ മൊത്തം ആഭ്യന്തര ഉത്പാദന നിരക്കിൽ വന്ന ശരാശരി വർധന ശ്രദ്ധേയമായിരുന്നു.

ജോബ്സ്-എന്റർപ്രൈസസ്-ടെക്നോളജി-സ്കിൽസ് (ജെ.ഇ.ടി.എസ്.) ബന്ധിത സംവിധാനത്തെ രൂപപ്പെടുത്തുന്നവർ ജനസംഖ്യാവർധനവ് നേട്ടമായി കാണുന്നതിനുപകരം ദുരന്തമായിത്തീരുമെന്ന് ആശങ്കപ്പെടുന്നതിനാലാണ് തൊഴിലവസര, തൊഴിൽ നൈപുണ്യ മേഖലകളിൽ കാര്യങ്ങൾ അതിവേഗം നടന്നുകിട്ടുന്നതിനായുള്ള സമ്മർദമുണ്ടാകുന്നത്. കൂടുതൽ കാര്യങ്ങൾ അതിവേഗം ചെയ്തുതീർക്കാനുള്ള സമ്മർദ്ദമുണ്ടാകുമ്പോഴൊക്കെ ഫലപ്രാപ്തിക്കായി കൂടുതൽ വിഭവങ്ങളും അധികാരവും ലഭ്യമാക്കപ്പെടുന്നതാണു പതിവ്. ഈ രീതിക്കു ഇപ്പോഴും മാറ്റം വന്നിട്ടില്ല. കൂടുതൽ വിഭവങ്ങളും അധികാരവും വിട്ടുനൽകുന്നത്, അതിലൂടെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ്. പക്ഷേ, ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞതുപോലെ, അത്ര വഴങ്ങാത്ത ഒരു പ്രശ്നം ഏതു രീതിയിലുള്ള പ്രവർത്തനം കൊണ്ടാണോ സൃഷ്ടിക്കപ്പെട്ടത്, അതേ വഴിയിലൂടെ തന്നെ പരിഹരിക്കാൻ ശ്രമിച്ചാൽ ഫലിക്കില്ല.

ജെ.ഇ.ടി.എസ്. സംവിധാനത്തിൽ ലോകത്താകമാനം ബാധിക്കുന്ന രണ്ടാമത്തെ പ്രശ്നം അനിശ്ചിതത്വമാണ്. സാങ്കേതികവിദ്യയുടെ വളർച്ചയോടെ സംരംഭങ്ങളുടേയും തൊഴിലവസരങ്ങളുടേയും രീതി തന്നെ മാറുകയാണ്. ആശയവിനിമയം, പൊതു ഗതാഗതം, പ്രസിദ്ധീകരണം, ചില്ലറ വിൽപന തുടങ്ങിയ വ്യവസായങ്ങളിലെല്ലാം വലിയ മാറ്റങ്ങളാണു സംഭവിക്കുന്നത്. ഓട്ടോമേഷൻ, ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയ സാധ്യതകളിലൂടെ നിർമാണ മേഖലയിൽ പോലും പുതിയ രീതികൾ നടപ്പായി. ഉദാഹരണത്തിന്, പ്രത്യേക തരം യന്ത്രങ്ങൾ ഉപയോഗപ്പെടുത്തിയാൽ 3-ഡി പ്രിന്ററുകൾ ഉപയോഗിക്കുന്ന ചെറു യൂണിറ്റുകൾക്കു പോലും വലിയ ഉത്പാദനശാലയുടെ അതേ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കും. സാങ്കേതികവിദ്യ അതിവേഗം പരിഷ്കരിക്കപ്പെടുകയും അതോടെ പുതുമയാർന്ന രീതികൾ അവലംബിക്കാൻ സാധിക്കുകയും ചെയ്യുന്നു. അടുത്ത പത്തു വർഷം പിന്നിടുമ്പോഴേക്കും ഉത്പാദനശാലകളുടേയും സേവന വ്യവസാ

യസ്ഥാപനങ്ങളുടേയും സംവിധാനം എങ്ങനെയായിരിക്കും എന്നു പ്രവചിക്കുക എളുപ്പമല്ല. ആ കാലമാകുമ്പോഴേക്കും ഏതു വിധത്തിലുള്ള ജോലികളാവും ഉണ്ടാവുകയെന്നോ അത്തരം ജോലികൾ ചെയ്യാൻ എന്തു തരം നൈപുണ്യമാണ് വേണ്ടിവരികയെന്നോ ഊഹിക്കാൻ പോലും ബുദ്ധിമുട്ടാണ്. ഉത്പാദന, സേവന സംരംഭങ്ങളുടെ കാര്യത്തിൽ സാങ്കേതികവിദ്യയിലെ പരിഷ്കാരങ്ങൾ നിർണായകമാകുന്ന കാലഘട്ടത്തിൽ ഈ അനിശ്ചിതത്വം മാത്രമാവില്ല വികസിതരാഷ്ട്രങ്ങളെ ലക്ഷ്യം വെച്ചു മനുഷ്യവിഭവശേഷി വികസിപ്പിച്ചെടുക്കുന്നതിൽ ഭാരതത്തിനു മുന്നിലുള്ള വെല്ലുവിളി.

രാജ്യത്തെ വളരെ സമ്മർദ്ദം സൃഷ്ടിക്കുന്ന മൂന്നാമത്തെ പ്രശ്നം ഗ്രാമീണ മേഖലകളിൽ തൊഴിലവസരം സൃഷ്ടിക്കപ്പെടേണ്ടതിന്റെ അനിവാര്യതയാണ്. വരുമാനം വർധിക്കണമെങ്കിൽ ഉത്പാദനക്ഷമത വർധിക്കണമെന്നതാണ് കൃഷിയുടെ സ്ഥിതി. ഇതു സാധ്യമാകുമ്പോൾ കൃഷിപ്പണി ചെയ്യാൻ വേണ്ടിവരുന്നവരുടെ എണ്ണം ഗണ്യമായി താഴും. അത്തരമൊരവസ്ഥയിൽ ഉപജീവനമാർഗം തേടി കൂടുതൽ ഗ്രാമീണ യുവാക്കൾ നഗരങ്ങളിൽ ചേക്കേറും. എന്നാൽ, ഭാരതത്തിലെ നഗരങ്ങൾ മിക്കതും ജനസംഖ്യാ പെരുപ്പം നേരിടുന്നവയും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നവയുമാണ്. ഇപ്പോഴുള്ളതിനേക്കാൾ എത്രയോ അധികം പേർക്കു പാർപ്പിടവും വെള്ളവും ഗതാഗതവും സുരക്ഷയുമൊക്കെ നൽകാൻ നഗരങ്ങൾക്കു സാധിക്കണം. എന്നാൽ, നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിൽ കാര്യമായ അപര്യാപ്തതയുണ്ടെന്നതു വസ്തുതയാണ്. ഈ ദുരവസ്ഥ നീക്കാനാണ് സ്മാർട്ട് സിറ്റികളും അമൃത് പദ്ധതിയും വിഭാവനം ചെയ്തിരിക്കുന്നത്. അതേസമയം, ഒരു ദശാബ്ദത്തേക്കോ ചിലപ്പോൾ അതിനപ്പുറം വരേയ്ക്കോ യുവജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം നയിക്കാനുള്ള സൗകര്യങ്ങൾ നമ്മുടെ നഗരങ്ങളിൽ ഒരുക്കാൻ സാധിക്കില്ലെന്നു പറയുന്നതാവും ശരി. അതുകൊണ്ടുതന്നെ ഗ്രാമങ്ങളിൽ കഴിയുന്നവർക്കു മെച്ചപ്പെട്ട ജീവിതം നയിക്കാനും ഗ്രാമീണ യുവാക്കൾക്ക് ആധുനിക രീതിയിലുള്ള ജോലികൾ ലഭിക്കാനുമുള്ള അവസരമൊരുക്കണം.

**ജെ.ഇ.ടി.എസ്. ബന്ധിത വ്യവസ്ഥയ്ക്കു പുതിയ രൂപരേഖ**

വൻകിട രീതിയിൽ കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള പൊതുരീതി മുകളിൽനിന്നു നല്ല നിയന്ത്രണമുള്ള സമഗ്രമായ ഒരു കൂറ്റൻ സംവിധാനം രൂപീകരിക്കുകയെന്നതാണ്. ഇതാണ്, ഓരോ ഘട്ടമായി ഓരോ ഘടകം കൂട്ടിച്ചേർത്ത് ഉത്പാദനം പൂർത്തിയാക്കുന്ന അസംബ്ലി ലൈൻ മോഡൽ അഥവാ രേഖാരൂപത്തിലുള്ള ഉത്പാദന ശൃംഖലാ മാതൃക. അസംബ്ലി ലൈനിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ത് എന്നു നേരത്തേ നിശ്ചയിക്കാവുന്ന അവസരങ്ങളിൽ ഈ രീതി ഫലപ്രദമാണ്. 21-ാം നൂറ്റാണ്ടിൽ നയരൂപീകരണം നടത്തുകയും സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുന്നവർ നേരിടുന്ന വെല്ലുവിളി ഭാവിയിൽ എന്തു തരം തൊഴിൽ ചെയ്യാനുള്ള സൗകര്യമാണ് ഒരുക്കേണ്ടതെന്നും എന്തുതരം തൊഴിൽ ചെയ്യാനുള്ള നൈപുണ്യമാണ് ആവശ്യമെന്നും നിർണയിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. തൊഴിൽ നൈപുണ്യ വികസനത്തിനായി അസംബ്ലി ലൈൻ ഇനി പ്രായോഗികമല്ല.

പുതിയ രൂപഭംഗിയോടു കൂടിയ ഒരു പരസ്പര ബന്ധിത സംവിധാനം അനിവാര്യമാണെന്നു വ്യക്തം. ഏഴ് അടിസ്ഥാന തത്വങ്ങളിൽ ഊന്നിയാണ് ഇതു രൂപപ്പെടുത്തേണ്ടത്.

1. വിതരണശൃംഖലയുടേയോ അസംബ്ലി ലൈനിന്റേയോ രൂപത്തിൽ ആസൂത്രണം ചെയ്യരുത്. അന്തിമ ഉൽപന്നത്തെ കണക്കാക്കി പിന്നോട്ട് വിഭാവനം ചെയ്ത സംവിധാനമൊരുക്കരുത്. മറിച്ച്, അവസരങ്ങളും തൊഴിലും അതിവേഗം എത്തിപ്പിടിക്കാനും മാറുന്ന സാഹചര്യങ്ങൾക്ക് ആവശ്യമായ നൈപുണ്യം എത്രയും പെട്ടെന്ന് ആർജിക്കാനും യുവാക്കളെ സജ്ജരാക്കുന്നതായിരിക്കണം.

2. വിദ്യാർഥികളെ നല്ല പഠിതാക്കളാക്കിത്തീർക്കുന്നതിനാണ് ഊന്നൽ നൽകേണ്ടത്. നന്നായി തൊഴിൽ ചെയ്യാനറിയുവരെ മാത്രമല്ല, നന്നായി പഠിക്കാൻകൂടി അറിയുന്നവരെ വേണം സർവകലാശാലകളും സാങ്കേതിക വിദ്യാലയങ്ങളും വഴി വാർത്തെടുക്കാൻ. (തൊഴിൽ തേടുന്നവരിലും സംരംഭങ്ങൾക്കു തുടക്കമിടുന്നവരിലും പഠിക്കാനുള്ള കഴിവ് പ്രോത്സാഹിപ്പിക്കുന്നതിനാകണം സംരംഭങ്ങളുടെ കാര്യത്തിലും ഊന്നൽ.

3. തൊഴിൽദായകർ വെറും ഉപഭോക്താക്കളാകരുത്; മറിച്ച് തൊഴിൽനൈപുണ്യ വികസനത്തിന്റെ അവിഭാജ്യ ഘടകമായിരിക്കണം. ഇപ്പോഴത്തേതിനേക്കാൾ വേഗത്തിൽ മാറ്റങ്ങൾക്കു വിധേയമാകാൻ സാധ്യതയുണ്ടെന്ന തിരിച്ചറിവോടെ കാലത്തിനനുസരിച്ച് സംരംഭങ്ങളെ പുനഃക്രമീകരിക്കാൻ തൊഴിൽദാതാക്കൾക്കു സാധിക്കണം. പ്രവർത്തന രീതിയിൽ അടിക്കടി മാറ്റങ്ങൾ വരുത്താനും തൊഴിലാളികളുടെ തൊഴിൽനൈപുണ്യം പരിഷ്കരിച്ചെടുക്കുവാനും ശ്രദ്ധിക്കണം. മാറ്റങ്ങൾ നടപ്പാക്കപ്പെടുന്നത് അതിവേഗമായിരിക്കുമെന്നതിനാൽ തൊഴിലിടങ്ങളിൽ മാത്രമായിരിക്കും ജീവനക്കാർക്ക് പുതിയ രീതികളും സാങ്കേതികവിദ്യയും പരിചയപ്പെടാൻ സാധിക്കുക.

4. ആഗോളതലത്തിലുള്ള മത്സരത്തെ നേരിടാൻ സാധിക്കണം. മറ്റു രാജ്യങ്ങളിലെ സമാന വ്യവസായരംഗത്തുള്ളവരിൽ നിന്നു മാത്രമല്ല, ഒരേ വ്യവസായത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കപ്പുറമുള്ളവയിൽ നിന്നു പോലും മത്സരം പ്രതീക്ഷിക്കണം.

5. ഏതു സംരംഭത്തിലായാലും പഠിക്കാനും മെച്ചപ്പെടാനും കെൽപ്പുള്ള ഏക വിഭവം മനുഷ്യർ മാത്രമാണെന്നോർക്കണം. ഒരു വ്യവസായത്തിൽ അനുദിനം വില വർധിച്ചുകൊണ്ടിരിക്കുന്ന ഏക ഘടകവും തൊഴിൽപരിചയമുള്ള മനുഷ്യ വിഭവശേഷി തന്നെ. വർത്തമാനകാല ലോകത്തിൽ തൊഴിലുടമകൾ തങ്ങളുടെ സ്ഥാപനങ്ങൾ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡിജിറ്റൽ വത്ക്കരിക്കുന്നതിനൊപ്പം മനുഷ്യത്വ വത്ക്കരിക്കാനും ശ്രദ്ധിക്കണം.

6. ജെ.ഇ.ടി.എസ്. ബന്ധിത സംവിധാനത്തിന്റെ രൂപരേഖ ചലനാത്മകമായ ശൃംഖലയായിരിക്കും. അല്ലാതെ, കേവലം സമ്മർദമേറിയ വിതരണ ശൃംഖലയായിരിക്കില്ല. ഉള്ളടക്ക വികസനത്തിലും പരിശീലനത്തിലും പരിശീലകരെ സൃഷ്ടിക്കുന്നതിലും സംരംഭകരെ വാർത്തെടുക്കുന്നതിലും കഴിവുള്ള വിദഗ്ധരുടെ സാന്നിധ്യമുണ്ടാകും. തങ്ങളുടെ അതേ സേവനമേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവരുമായി അവർ മത്സരിക്കും. കൂടുതൽ കഴിവുള്ളവർ വളരും. ജെ.ഇ.ടി.എസ്. സംവിധാനത്തിനുള്ളിൽ പുതുമ നിലനിൽക്കും എന്നതിൽ തർക്കമില്ല.

7. സംരംഭകൾ പിന്തുടരേണ്ട മാനദണ്ഡം നിശ്ചയിക്കുകവഴി ഉപഭോക്താക്കളുടെ താത്പര്യം സംരക്ഷിക്കുക എന്നതാണ് ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ പ്രധാന ഉത്തരവാദിത്തം. അധികൃതർ മത്സരത്തെ നിയന്ത്രിക്കുകയും നിലവിലുള്ള സംരംഭകർ പുതു സംരംഭകരുടെ രംഗപ്രവേശം തടയുന്നതിനെ പ്രതിരോധിക്കുകയും വേണം. തൊഴിൽനൈപുണ്യ പരിശീലനം നൽകാൻ കെൽപ്പില്ലാത്ത ചെറുകിട സംരംഭകരെ ഉദ്ദേശിച്ച് ഇത്തരം കാര്യങ്ങളിൽ പൊതുസംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഇവിടെയും പക്ഷേ, തൊഴിൽനൈപുണ്യവികസനത്തിനു മേന്മ ഉറപ്പു വരുത്തേണ്ടതിന്റെ ചുമതല തൊഴിൽദാതാവിനാകണം. സാധിക്കുമെങ്കിൽ ഗവൺമെന്റിന്റെ പിന്തുണയില്ലാതെ, സംരംഭകർ സഹകരിച്ചു നടത്തുന്ന സഹകരണ സംരംഭമായി വേണം ഇത്തരം പൊതുസൗകര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ.

**ജെ.ഇ.ടി.എസിലെ പുതുമകൾ**

ഭൂമിക്കു മുകളിൽ ചുഴികളായി നിലകൊള്ളുന്ന കാലാവസ്ഥാ സ്ഥിതിയെ ചന്ദ്രനിൽനിന്നു നോക്കിക്കാണുന്നതു പോലെ ജെ.ഇ.ടി.എസ്. ബന്ധിത സംവിധാനത്തിലുണ്ടാകുന്ന മാറ്റങ്ങളെ ഉന്നത തല

ത്തിൽ വീക്ഷിക്കുകയാണ് നാം ഇതുവരെ ചെയ്തത്. ഇനി നമുക്ക് ഭൂമിയിലേക്ക് ഇറങ്ങിവന്ന് ഈ രൂപകൽപനാ ആശയങ്ങളിലൂടെ പുതിയ തൊഴിൽ രീതികൾ അഭ്യസിക്കാനും സംരംഭങ്ങൾ തുടങ്ങാനും യുവാക്കൾക്ക് അവസരം നൽകുന്ന തരത്തിൽ എങ്ങനെ രൂപം നൽകാമെന്നു ശ്രദ്ധിക്കാം.

സാമ്പത്തികമായി താങ്ങു നൽകുക അല്ലെങ്കിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള ഉപാധി എന്നാണ് ഉപജീവനമാർഗം നിർവചിക്കപ്പെടുന്നത്. എന്നാൽ ഇപ്പോൾ നമ്മുടെ യുവാക്കൾക്ക് ആവശ്യം ഉപജീവനമാർഗം മാത്രമല്ല; വരുമാനവർധനയുണ്ടാകുന്നതും സമൂഹത്തിന്റെ ആദരം പിടിച്ചുപറ്റാൻ സാധിക്കുന്നതുമായ ഔദ്യോഗിക ജീവിതം കെട്ടിപ്പടുക്കൽ കൂടിയാണ്. എന്നാൽ ഗ്രാമീണഭാരതത്തിൽ ഉദ്യോഗങ്ങളോ ആധുനിക രീതിയിലുള്ള തൊഴിലുകളോ കുറവാണെന്നതിനാൽ ഗ്രാമങ്ങളിലെ യുവാക്കൾ നഗരങ്ങളിലെ ചേരിപ്രദേശങ്ങളിലേക്കു കുടിയേറാനും നഗരം വെച്ചുനീട്ടുന്ന തൊഴിൽ എന്തുമാകട്ടെ, അതു സ്വീകരിക്കാനും നിർബന്ധിതരായിത്തീരുന്നു. **അടുത്തിടെ പുറത്തുവന്ന ഒരു റിപ്പോർട്ട് പ്രകാരം അടുത്ത പത്തു വർഷത്തിനകം ഭാരതത്തിൽ 11.5 കോടി യുവാക്കൾ തൊഴിലെടുക്കാൻ പ്രാപ്തരായി മുന്നോട്ടുവരും. തൊഴിൽദാതാക്കളായ നിലവിലുള്ള വൻകിട സ്ഥാപനങ്ങൾക്കു പക്ഷേ ഇത്രയധികം പേരെ ഉൾക്കൊള്ളാൻ സാധിക്കില്ലെന്നുറപ്പാണ്. ഈ സാഹചര്യത്തിൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുക എന്ന ഭാരതത്തിനു മുന്നിലുള്ള വലിയ വെല്ലുവിളിക്കുള്ള പരിഹാരം യുവാക്കളെ കൂടുതൽ പേർക്കു തൊഴിൽ നൽകാൻ സാധിക്കുംവിധം സംരംഭകരാക്കിത്തീർക്കുക എന്നതാണ്.**

ഗ്രാമീണ ഭാരതത്തെക്കുറിച്ച് പൊതുവായ ഒരു തെറ്റിദ്ധാരണയുണ്ട്. സാക്ഷരത, കംപ്യൂട്ടർ പരിജ്ഞാനം, ആശയവിനിമയ പാടവം, യുക്തിഭദ്രത, കാര്യങ്ങൾ വിലയിരുത്താനുള്ള ശേഷി തുടങ്ങിയ മേഖലകളിലെ അജ്ഞാനമാണ് ആധുനിക രീതിയിലുള്ള തൊഴിലുകൾ ഗ്രാമീണ ജനതയ്ക്കു ലഭിക്കാതിരിക്കാൻ കാരണമെന്നതാണത്. പക്ഷേ, സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ ഗ്രാമീണ ഭാരതത്തിന്റെ 'ജനിതകഘടന' തന്നെ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണെന്നു ബോധ്യമാകും. ആഗോളതലത്തിലേക്കു വളരാനുള്ള അഭിനിവേശവും സംരംഭകത്വമനസ്സും പഠിക്കാൻ നഗരജനതയ്ക്കു തുല്യമോ അതിലധികമോ ഉള്ള ആഗ്രഹവും നഗരജനതയ്ക്കുള്ള അതേ നിലവാരത്തിൽ വിവരം ആർജിക്കാനുള്ള സാധ്യതകളും വളർന്നുവരുന്ന ഗ്രാമീണ തലമുറയ്ക്കുണ്ട്.

നാട്ടിൻപുറങ്ങളിൽ കഴിയുന്നവർക്കു സാങ്കേതിക വിദ്യാപരിജ്ഞാനം കുറവാണെന്ന ഒരു ധാരണ പൊതുവേ ഉണ്ട്. എന്നാൽ ഹെഡ് ഹെൽഡ് ഹൈ (എച്ച്.എച്ച്.എച്ച്.) ഉത്തരകർണാടകത്തിലെ നാലു ജില്ലകളിൽ നടത്തിയ സർവേയിൽ തെളിഞ്ഞത് 53% പേർ സ്മാർട്ട്ഫോൺ ഉപയോഗിച്ചിട്ടുണ്ടെന്നും 73% പേർക്ക് മൊബൈൽ ഫോണിൽ ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെന്നുമാണ്. ഇ-കൊമേഴ്സിനെക്കുറിച്ച് നൂറു പേർക്കിടയിൽ നടത്തിയ സർവേ വ്യക്തമാക്കിയത് 90% പേരും ഓൺലൈൻ വിപണനത്തെക്കുറിച്ചു മനസ്സിലാക്കിയിട്ടുണ്ടെന്നും 47% പേർ ഓൺലൈൻ വഴി സാധനങ്ങൾ വാങ്ങുന്നതിന് ശ്രമം നടത്തിയിട്ടുണ്ടെന്നുമാണ്. ഗ്രാമീണതലത്തിൽ സാങ്കേതികവിദ്യ എത്രത്തോളം കടന്നുചെന്നിട്ടുണ്ടെന്നാണ് ഇതു കാണിക്കുന്നത്.

**വരുമാനമുണ്ടാക്കുന്നതിനു നൈപുണ്യം ഉപയോഗപ്പെടുത്തൽ**

തൊഴിലവസരങ്ങളും സംരംഭകത്വവും നിലനിൽക്കണമെങ്കിൽ നമുക്കു പുതിയ വിപണികൾ അനിവാര്യമാണ്. കച്ചവടത്തിനു പിന്തുണയേകുന്ന സേവനങ്ങൾ ലഭ്യമാക്കാനും വിപണി വിപുലപ്പെടുത്തുന്നതിനും കോർപറേറ്റുകളെ സഹായിക്കാൻ ഗ്രാമീണ യുവജനങ്ങളെ സജ്ജമാക്കുന്നതിന് സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഗേറ്റ്‌വേകളും സമാന പ്ലാറ്റ്ഫോമുകളും രൂപപ്പെടുത്തുക എന്ന വലിയ ഒരു അവസരം മുമ്പിലുണ്ട്. കൃഷി,

ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, ധനകാര്യ സേവനം, ചില്ലറവിൽപന, അവശ്യവസ്തുക്കളായ ജലം, ഊർജം, ആശയവിനിമയം തുടങ്ങി പല മേഖലകളിൽ പ്രവർത്തിക്കുന്ന കോർപറേറ്റുകൾ നമുക്ക് പരിചിതങ്ങളാണ്.

ആരോഗ്യം, വിദ്യാഭ്യാസം, വിനോദ പരിപാടികൾ, ഇ-കൊമേഴ്സ്, സേവനം തുടങ്ങിയ മേഖലകളിൽ ഗ്രാമീണ ഉപഭോക്താക്കളിലേക്ക് എത്താൻ ഇതു സഹായകമാണ്. ഇതിനു തുടക്കമിട്ട് മാസങ്ങൾക്കകം എച്ച്.എച്ച്.എച്ചിനുണ്ടായ അനുഭവം കാണിക്കുന്നത് പുതിയ വിപണികൾക്കായി പുതിയ തൊഴിലവസരങ്ങളും സംരംഭങ്ങളും രൂപപ്പെട്ടുവരുന്നു എന്നതാണ്. ഇതിലൂടെ, തൊഴിൽ രഹിതരായ നൂറുകണക്കിനു പേർക്കു തൊഴിൽ നൽകാൻ സാധിക്കുകയും ചെയ്തു.

ഡിജിറ്റൽ ഇന്ത്യ എന്ന ഗവൺമെന്റിന്റെ ഭാവനാപരമായ പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു വിപണി സൃഷ്ടിച്ചെടുത്തതായിരുന്നു എച്ച്.എച്ച്.എച്ച്. നേടിയ മറ്റൊരു വിജയം. കർണാടകയിലെ ഇൻർനെറ്റ് മേളകളുടെ ലക്ഷ്യം ഗ്രാമീണ ഉപഭോക്തൃസംഘങ്ങൾക്ക് സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള പരീശിലനം നൽകുകയെന്നതാണ്. തവരഗരെ, നാർഗുണ്ട്, സിര തുടങ്ങി ആറു ജില്ലകളിൽ ഇത്തരം മേളകൾ സംഘടിപ്പിച്ചിരുന്നു. ഏകദേശം 8000 പേർക്ക് സാങ്കേതികവിദ്യയുടെ സാധ്യതകൾ പരിചയപ്പെടുത്താൻ സാധിച്ചു. അവരിൽ നല്ലൊരു ശതമാനം പേർ വരുമാനം നേടുന്നതിനും അറിവു പങ്കുവെക്കുന്നതിനും ഇന്റർനെറ്റ് അധിഷ്ഠിത ആപ്പുകളും മറ്റും ഉപയോഗപ്പെടുത്തുന്നുണ്ട്.

**ഉപസംഹാരം**

ആഗോളതലത്തിൽ തൊഴിലവസരങ്ങളും സംരംഭങ്ങളും സാങ്കേതികവിദ്യയും തൊഴിൽനൈപുണ്യവും ഉൾപ്പെടുന്ന ജെ.ഇ.ടി.എസ്. സംവിധാനം വളരെ ചലനാത്മകമായിട്ടുണ്ട്. അതുകൊണ്ടുതന്നെ വ്യവസായങ്ങളുടെയും ഉത്പാദനശാലകളുടെയും ഉൽപാദനപ്രക്രിയയുടെയും സംരംഭങ്ങളുടെയുമൊക്കെ രൂപം ഭാവിയിലെന്താകും എന്നു പ്രവചിക്കാൻ സാധ്യമല്ല.

തങ്ങളുടെ ജീവിതത്തിലെ എത്രയോ വർഷങ്ങൾ യത്നിച്ചു തൊഴിൽനൈപുണ്യം നേടിയെടുത്ത ഒരു ജനതയ്ക്ക് തൊഴിലവസരങ്ങൾ ലഭിക്കാതെ പോകുന്ന സ്ഥിതി ഒരു രാഷ്ട്രത്തിൽ ഉണ്ടാകുകയെന്നതു ചിലപ്പോൾ തൊഴിൽ നൈപുണ്യമില്ലാത്ത ജനതയുള്ള ഒരു രാഷ്ട്രത്തിന്റെ സ്ഥിതിയേക്കാൾ മോശമായ അവസ്ഥയായിരിക്കും. അതുകൊണ്ടുതന്നെ, ജെ.ഇ.ടി.എസ്. സംവിധാനത്തിനു കരുത്തു പകരേണ്ടതുണ്ട്. ദേശീയസംരംഭത്തിന്റെ ലക്ഷ്യമായി കൂടുതൽ മേഖലകളിൽ ഒട്ടേറെ സംരംഭങ്ങളും അവിടെയൊക്കെ തൊഴിലവസരങ്ങളും എന്നതാണു ലക്ഷ്യം വെക്കേണ്ടത്. സംരംഭങ്ങൾ വികസിക്കുന്നതിനനുസരിച്ച് ആവശ്യമായ തൊഴിൽനൈപുണ്യ വികസനവും നടത്തേണ്ടിവരും. അതിലുപരി, തൊഴിൽനൈപുണ്യ വികസനത്തിന്റെ പ്രധാന പങ്കും സംരംഭങ്ങൾക്കുള്ളിൽ തന്നെ നടക്കേണ്ടതാണെന്നതും ശ്രദ്ധേയമാണ്. സാങ്കേതികവിദ്യയിലുള്ള പരിഷ്കാരങ്ങൾ മാത്രം പ്രശ്നങ്ങൾക്കു പരിഹാരമാകില്ല. ജെ.ഇ.ടി.എസ്. സംവിധാനത്തിൽ സാങ്കേതിക വിദ്യ സംരംഭങ്ങൾക്കും തൊഴിലവസരങ്ങളുടെ സൃഷ്ടിക്കും വിഘാതവും സാധ്യതയുമാണ്. ജെ.ഇ.ടി.എസ്. സംവിധാനത്തിന്റെ ഘടന രേഖീയസംവിധാനത്തിൽനിന്നു സംരംഭങ്ങളുടെ ശൃംഖലാ രീതിയിലേക്കു പുനർനിർവചിക്കപ്പെടുകയും തുടർന്ന് അതിനാവശ്യമായവിധം സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും വേണം. അതിലൂടെ മാത്രമേ ഭാരതത്തിനാവശ്യമായ സംരംഭങ്ങളും അതുവഴി യുവാക്കൾക്കു മാന്യമായ തൊഴിലവസരങ്ങളും സൃഷ്ടിക്കാനും സുസ്ഥിരവും എല്ലാ പൗരൻമാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതുമായ വികസനം സാധ്യമാകുകയും ചെയ്യൂ. എച്ച്.എച്ച്.എച്ചിനെ പോലെ പുതുമാതൃകകൾ അവതരിപ്പിക്കുന്നവർ പുതുവഴികൾ തുറന്നു തരികയാണ്.

**അരുൺ മെയ്റ**
**ദേശീയ പ്ലാനിങ് കമ്മീഷൻ മുൻ മെമ്പറും**
**മദൻ പദാകി ഹെഡ് ഹെൽഡ് ഹൈ**
**സർവ്വീസസിന്റെ സിഇഒയുമാണ്**

# നൈപുണ്യ വികസനത്തിലൂടെ സാമൂഹിക മാറ്റം

**സുനിത സാംഖി**

ജനസംഖ്യാ വർധനവ് ഇന്ത്യയ്ക്ക് ഇന്ന് അനുഗ്രഹമാണ്. കാരണം രാജ്യത്തെ ജനസംഖ്യയിൽ 65 ശതമാനവും ജോലി ചെയ്യാൻ സാധിക്കുന്ന പ്രായ ഗണത്തിൽപ്പെടുന്നവരാണ്. ജനസംഖ്യാ വിസ്ഫോടനത്തിൽ അപൂർവമായി മാത്രം സംഭവിക്കുന്ന പ്രതിഭാസമാണ് ഇത്. ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ യുഎൻ റിപ്പോർട്ടു പ്രകാരം 2020 ആകുമ്പോഴേയ്ക്കും ഇന്ത്യക്കാരുടെ ശരാശരി പ്രായം 27 വയസായിരിക്കും. ചൈനയിലും അമേരിക്കയിലും ഇത് 37 ഉം. യൂറോപ്പിൽ 45 ഉം. ഇവിടെയാണ് ജനസംഖ്യ ഇന്ത്യയ്ക്ക് വലിയ സാധ്യതയായി മാറുന്നത്. ഇന്ത്യ ഇതാ ലോകത്തിന്റെ മനുഷ്യവിഭവ ഫാക്ടറിയാകാൻ പോവുന്നു. വാർധക്യത്തിലേയ്ക്കു നീങ്ങുന്ന ലോക സമ്പദ്‌വ്യവസ്ഥകൾക്ക് ആവശ്യമായ മനുഷ്യവിഭവം സംഭാവന ചെയ്യുവാൻ ഇന്ത്യക്കു മാത്രമേ സാധിക്കുകയുള്ളു. ഇതിനു പക്ഷെ നമ്മുടെ തൊഴിലാളികൾക്ക് കൃത്യമായ നൈപുണ്യ പരിശീലനം ലഭ്യമാക്കണം. എങ്കിൽ മാത്രമേ സ്വദേശത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇവിടെ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തോടുള്ള നമ്മുടെ വിമുഖതയാണ്. നമ്മുടെ വിദ്യാഭ്യാസവും തൊഴിൽ ലോകവുമായി ഒരു ബന്ധവുമില്ല. വ്യത്യസ്തമായി നൈപുണ്യമുള്ള, സമർത്ഥരായ പരിശീലകരുടെ അഭാവവും ഈ മേഖലയിൽ ഉണ്ട്.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ യൂത്ത് എംപ്ലോയ്മെന്റ് നെറ്റ് വർക്ക് തൊഴിൽ ലഭ്യതയ്ക്ക് നാല് ഘടകങ്ങളാണ് ചൂണ്ടിക്കാട്ടുന്നത് - തൊഴിൽ യോഗ്യതകൾ, എല്ലാവർക്കും തുല്യ അവസരങ്ങൾ, സംരംഭകത്വം, തൊഴിലവസര സൃഷ്ടി. അന്താരാഷ്ട്ര ലേബർ കമ്മീഷന്റെ 2000 ലെ പ്രമേയത്തിൽ ചൂണ്ടിക്കാട്ടുന്നത് വ്യക്തികൾക്ക് അടിസ്ഥാന വിദ്യാഭ്യാസവും നൈപുണ്യ പരിശീലനവും പുതിയ സാങ്കേതിക വിദ്യകളിൽ പരിജ്ഞാനവും ലഭിക്കുമ്പോഴാണ് അവർ തൊഴിൽ യോഗ്യരാകുന്നത്. നിരവധി നയങ്ങളും പദ്ധതികളും ശാസ്ത്രീയമായ ഇടപെടലുകളും ഈ മേഖലയിൽ കഴിഞ്ഞ ഏഴു വർഷമായി നടക്കുന്നുണ്ട്. അവശ വിഭാഗങ്ങളുടെ ഉന്നമനത്തിനായി അവർക്ക് നൈപുണ്യ വികസനം, ശേഷി വികസനം എന്നിവ കൈവരിക്കാനായി സഹായിക്കുന്ന പരിശീലന പരിപാടികൾ സമൂഹത്തിലെ വിവിധ മേഖലകളിലായി നടക്കുന്നുണ്ട്. ഇവിടെ, തൊഴിൽ വിപണിയുടെ സ്വഭാവങ്ങൾ, പ്രധാന നയങ്ങൾ, വെല്ലുവിളികൾ, അവശ വിഭാഗങ്ങളുടെ നൈപുണ്യവികസനത്തിനുള്ള നയപരമായ അനിവാര്യതകൾ എന്നിവയാണ് നാം ചർച്ച ചെയ്യുന്നത്.

**അവശ വിഭാഗവും, തൊഴിൽ വിപണിയും, നൈപുണ്യ വികസനം**

ആരാണ് അവശതയനുഭവിക്കുന്നവർ എന്നതാണ് ഇവിടുത്തെ പ്രധാന ചോദ്യം. ഒരാൾ അവശതയ നുഭവിക്കേണ്ടി വരിക പല തരത്തിലാണ്. അതിൽ ദാരിദ്ര്യം പോലുള്ള സാമ്പത്തിക ഘടകങ്ങൾ ഉണ്ട്. ലിംഗപരവും വംശീയവും ഭൂമിശാസ്ത്രപരവുമായ ഒറ്റപ്പെടൽ പോലുള്ള സാമൂഹിക ഘടകങ്ങളും ഉണ്ടാവാം. ഇതെല്ലാം വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ എന്നിവയ്ക്ക് പ്രതിബന്ധങ്ങളാണ്. ഇതു കൂടാതെയാണ് സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, ഭിന്ന ശേഷി തുടങ്ങിയ ഘടകങ്ങൾ. അങ്ങനെ നോക്കുമ്പോൾ അവശത ഉണ്ടാകുന്നത് വിവിധ കാരണങ്ങളാലാകുന്നു. വിദ്യാഭ്യാസവും പരിശീലനവും വഴി നൈപുണ്യവും സാക്ഷരതയും നേടുന്ന യുവാക്കൾ മാന്യമായ തൊഴിലിനു പ്രാപ്തരാകുന്നു. സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്നവരും വിദ്യാഭ്യാസം ലഭിക്കാത്തവരുമായ യുവാക്കൾ അവശതയനുഭവിക്കുന്നു. അവർക്ക് വിദ്യാഭ്യാസമില്ല, പരിശീലനവും ഇല്ല. അവർ തൊഴിൽ വിപണിയിലേയ്ക്ക് വളരെ നേരത്തേ കടന്നു വരുന്നു. തുച്ഛമായ വേതനത്തിന് നിലവാരം കുറഞ്ഞ തൊഴിലുകളിൽ അവർ നിയുക്തരാകുന്നു. അങ്ങനെ, തലമുറകളായി അനുഭവിക്കുന്ന ദാരിദ്ര്യത്തിന്റേയും സാമൂഹ്യ ബഹിഷ്കരണത്തിന്റേയും പഴയ വിഷമവൃത്തത്തിലേയ്ക്ക് അവരും തള്ളപ്പെടുന്നു. അതിനാൽ നൈപുണ്യ വികസനത്തിന്റെ പ്രശ്നങ്ങൾ മനസിലാക്കണമെങ്കിൽ തൊഴിൽ വിപണിയിലെ അവസ്ഥ ആദ്യം മനസിലാക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ തൊഴിൽ വിപണി ദ്വിമുഖമാണ്. അതായത് രാജ്യത്തെ തൊഴിലാളികളിൽ 435.66 ദശലക്ഷം അനൗപചാരിക മേഖലയിലും 8.1 ശതമാനം 38.56 ദശലക്ഷം ഔപചാരിക മേഖലയിലും തൊഴിലെടുക്കുന്നു. ഇതിൽ നല്ല പങ്കും, അതായത് ജനസംഖ്യയുടെ 65 ശതമാനവും ഗ്രാമപ്രദേശങ്ങളിലെ അസംഘടിത മേഖലയിൽ ജീവിക്കുന്നു. ഗ്രാമങ്ങളിൽ സ്ത്രീ തൊഴിലാളികളും പണിയെടുക്കുന്നു. അതിൽ എല്ലാ പ്രായക്കാരും ഉണ്ട്. ഏകദേശം 22.5 ശതമാനം വരും ഇവർ. വിദ്യാഭ്യാസ കാര്യത്തിൽ തൊഴിൽ മേഖലയിലേക്ക് എത്തുന്ന 30 ശതമാനവും നിരക്ഷരരാണ്. മറ്റൊരു 24 ശതമാനം പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരും. തൊഴിൽ സേനയിലെ 30 ശതമാനത്തിന് അടിസ്ഥാന വിദ്യാഭ്യാസമുണ്ട്. അതായത് ഹൈസ്കൂൾ തല വിദ്യാഭ്യാസവും അതിനു മുകളിലും. ഹൈസ്കൂൾ, സെക്കണ്ടറി സ്കൂൾ തലങ്ങളിൽ നിന്നാണ് കുട്ടികൾ കൂടുതലും കൊഴിഞ്ഞു പോകുന്നത്. ഇവിടെ മുതൽ കാര്യങ്ങൾ കൂടുതൽ സങ്കീർണമാകുന്നു. യുണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എജ്യൂക്കേഷൻ നല്കുന്ന കണക്കുകൾ( 2013 -14) പ്രകാരം 20 ശതമാനം കുട്ടികൾ അഞ്ചാം ക്ലാസിൽ വച്ചും, 47.4 ശതമാനം പേർ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാനത്തിലും വച്ച് പഠനം അവസാനിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ഈ കുറഞ്ഞ നിലവാരം തൊഴിൽ മേഖലയിൽ അവർക്ക് പരിമിതികൾ സൃഷ്ടിക്കുന്നു. ഔപചാരിക നൈപുണ്യവുമായി തൊഴിൽ വിപണിയിൽ എത്തുന്നവർ കേവലം മൂന്നു ശതമാനം മാത്രമാണ്. മറ്റൊരു 7 ശതമാനം അനൗപചാരികമായി ഈ നൈപുണ്യം സമ്പാദിച്ച് എത്തുന്നവരാകുന്നു. അതായത് 90 ശതമാനം തൊഴിലാളികളും രാജ്യത്തെ തൊഴിൽ മേഖല ആവശ്യപ്പെടുന്ന ഒരു നൈപുണ്യവും ഇല്ലാത്തവരാകുന്നു. ഇവരിൽ 2.79 ദശലക്ഷം സ്ത്രീ തൊഴിലാളികൾ ഔപചാരിക പരിശീലനം ലഭിച്ചിട്ടുള്ളവരാണ്. 8.63 ദശലക്ഷം പുരുഷന്മാരും. ഇതേ നിരക്കാണ് അനൗപചാരിക പരിശീലനത്തിന്റെ കാര്യത്തിലും.

വിവിധ വിഭാഗങ്ങളുടെ തലത്തിൽ പരിശോധിച്ചാൽ 48 ശതമാനം പേർ കാർഷിക മേഖലയിൽ ജോലി ചെയ്യുന്നു. ഇവരുടെ മൊത്ത ആഭ്യന്തര ഉത്പാദനം 16 ശതമാനമാണ്. ഇത് വളരെ താഴ്ന്ന ഉത്പാദന നിരക്കാണ്. എതാണ്ട് തൊഴിലില്ലായ്മയ്ക്കു തുല്യം. കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്ന ഭൂരിഭാഗവും സ്വയം തൊഴിലാണ് ചെയ്യുന്നത്. ഒരു വലിയ വിഭാഗം വളരെ തുച്ഛ

മായ വേതനത്തിന് കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നു.

രാജ്യത്ത് 2011 -ൽ നടന്ന സെൻസസ് പ്രകാരം 2.68 കോടി ഭിന്നശേഷിക്കാരുള്ളതിൽ 1.57 കോടി പേർ തൊഴിൽ ചെയ്യുന്ന പ്രായത്തിലുള്ളവരാണ്. വികലാംഗ നിയമം 1995 നിലവിൽ വന്നെങ്കിലും മാന്യമായ ജോലിക്കു വേണ്ടിയുള്ള അവരുടെ ആവശ്യം ഇനിയും പരിഗണിക്കപ്പെട്ടിട്ടില്ല. ഗ്രാമങ്ങളിലെ ഭിന്നശേഷിക്കാർ നൈപുണ്യ പരിശീലനങ്ങളിൽ നിന്നും തൊഴിൽ വിപണയിൽ നിന്നും പല കാരണങ്ങളാൽ അകറ്റപ്പെട്ടിരിക്കുന്നു.

ഏറ്റവും പുതിയ കണക്കുകൾ പ്രകാരം രാജ്യത്തെ എല്ലാ പ്രായക്കാരുമുൾപ്പെടെയുള്ള തൊഴിലില്ലാത്തവരുടെ നിരക്ക് പുരുഷന്മാരുടേത് 2.4 ശതമാനവും സ്ത്രീകളുടേത് 3.7 ശതമാനവുമാണ്.15 - 29 വയസുള്ള യുവാക്കളുടെ കണക്ക് 6.1 ശതമാനം മുതൽ 15.6 വരെ വിവിധ വിഭാഗങ്ങളിലായി വ്യത്യാസപ്പെട്ട് കാണുന്നു.നഗരത്തിലെ സ്ത്രീകളിൽ 15.6 ശതമാനവും ഒരു ജോലിയും ഇല്ലാത്തവരാണ്. ഒരുപക്ഷേ കുടുംബത്തിലുള്ള പുരുഷന്മാർ ജോലിയെടുത്ത് വീടു പുലർത്തുന്നതു മൂലമാകാം. 15 - 19 വരെ പ്രായ ഗണത്തിൽ ഇത് വളരെ കൂടുതലാണ്. ഒരു പക്ഷേ അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള ജോലി ലഭിക്കാത്തതിനാലാവാം. ഗ്രാമങ്ങളിൽ കൂടുതൽ യുവാക്കൾ കാർഷികവൃത്തിയിൽ വ്യാപൃതരാണ്. ഔപചാരിക വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത പരിശീലനവും ലഭിച്ചവർക്കിടയിലും തൊഴിലില്ലായ്മ നിരക്ക് വളരെ കൂടുതലാണ്. ഒരു പക്ഷേ, ആഗ്രഹിക്കുന്ന തരത്തിൽ അവരുടെ നൈപുണ്യത്തിനു പറ്റിയ മേഖലയിൽ തൊഴിൽ ലഭിക്കാത്തതിനാലാവാം.എന്തായാലും അവശതയനുഭവിക്കുന്ന യുവജനം ഏതു വിഭാഗമായാലും പാർശ്വവത്ക്കരണത്തിന്റേയും സാമൂഹ്യ ബഹിഷ്കരണത്തിന്റെയും അപകടകരമായ അവസ്ഥ നേരിടുന്നുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 15-24 പ്രായത്തിലുള്ള യുവാക്കൾ പട്ടിണിയുടെ ഭീഷണിയിലാണ്. കാരണം തൊഴിൽ വിപണിയിൽ എത്തുകയും അവിടെ മാന്യമായ വേതനം ലഭിക്കുന്ന തൊഴിൽ തരപ്പെടാതിരിക്കുകയും ചെയ്യുന്നതോടെ അവർ അതിൽ നിന്നു പിൻവാങ്ങുന്നു. ഈ വലിയ തൊഴിലില്ലായ്മ നിരക്കിനു കാരണം ഒരു പക്ഷെ അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിലുള്ള പരാജയമോ, മത്സര ക്ഷമതയുടെയോ, പരിശീലനത്തിന്റെ അഭാവമോ, അല്ലെങ്കിൽ ലഭിച്ച നൈപുണ്യ പരിശീലനത്തിന് നിലവിലുള്ള തൊഴിൽ മേഖലയിൽ ഡിമാന്റ് ഇല്ലാതെ പോയതോ ആവാം. യുവാക്കൾക്കിടയിലെ ഉയർന്ന നിരക്കിലുള്ള തൊഴിലില്ലായ്മ മൂലം അവരുടെ താൽപര്യങ്ങളെ വിഭജിക്കുന്നു. തത്ഫലമായി ഉത്പാദനരംഗത്ത് നഷ്ടം, നൈപുണ്യത്തിൽ ധ്രുവീകരണം, പ്രവർത്തനങ്ങളിൽ മാന്ദ്യം, സാമൂഹ്യ വിഭജന വർധന എന്നിവ സംഭവിക്കാം. പക്ഷെ, നൈപുണ്യ വികസനം മാത്രമല്ല, തൊഴിലില്ലായ്മക്ക് പരിഹാരം. പരിശീലനം ലഭ്യമാകുന്ന നൈപുണ്യ മേഖലയ്ക്ക് അനുസൃതമായ തൊഴിലവസരങ്ങൾ കൂടി സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

**അവശവിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും**

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ജീവിത ചക്ര സമീപനം സൂചിപ്പിക്കുന്നത് പരിഹരിക്കേണ്ട അപകടസാധ്യത ചെറുപ്പക്കാർക്ക് നന്നേ ചെറുപ്പത്തിൽ തന്നെ നല്ല തൊഴിൽ പരിശീലനം നൽകുക എന്നതാണ്. ഇന്ത്യയിൽ 70 ശതമാനം ആളുകളും കൃഷിയും കുടുംബവുമായി ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. അവർക്ക് ഉത്പാദന, വായ്പാ, തൊഴിൽ വിപണി സംബന്ധമായ നൈപുണ്യ പരിശീലനം നൽകേണ്ടത് കാർഷിക മേഖലയിലാണ്. ഇതുവഴി താഴ്ന്ന വരുമാനമുള്ള തൊഴിൽ തേടി ഗ്രാമീണ സ്ത്രീകൾ നഗരങ്ങളിൽ എത്തുന്നത് തടയാൻ സാധിക്കും. വിദ്യാഭ്യാസത്തിന്റെയും നൈപുണ്യ പരിശീലനത്തിന്റെയും താഴ്ന്ന നിലവാരം കുട്ടികളെ സ്കൂളിൽ നിന്നു പുറത്തേയ്ക്കു നയിക്കുകയും അനൗപചാരിക തൊഴിൽ മേഖലകളിലേയ്ക്ക് തുച്ഛമായ വേതനം തേടി കുട്ടിത്തൊഴിലാളികളായി അവർ എത്തിപ്പെടുകയും ചെയ്യുന്നു. ഇത് ഒഴിവാക്കാൻ നമ്മു

ടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കണം. കുട്ടികൾക്കും മാതാപിതാക്കൾക്കും വിദ്യാഭ്യാസത്തിന്റെയും മറ്റു പരിശീലന പരിപാടികളുടെയും പ്രയോജനത്തെ സംബന്ധിച്ചും അതിലൂടെ എങ്ങനെ മെച്ചപ്പെട്ട ജോലി നേടിയെടുക്കാൻ സാധിക്കുമെന്നത് സംബന്ധിച്ചും കൗൺസലിങ് നൽകണം.

അനൗപചാരിക മേഖലയിലെ നൈപുണ്യ ആവശ്യത്തിനുതകുന്ന ഏതാനും പരിശീലന പരിപാടികൾ രാജ്യത്തെ വിവിധ ഭൂപ്രദേശങ്ങൾ തിരിച്ച് ലഭ്യമാക്കുന്നുണ്ട്. ജോലിക്കാർ തുച്ഛമമായ വേതനത്തിന് ജോലി ചെയ്യുന്നു. അവിടെ നിന്ന് ജോലി പഠിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. ഇവിടെ അപ്രന്റിഷിപ് പരിശീലനവും ഔപചാരിക വിദ്യാഭ്യാസവും തമ്മിൽ ബന്ധിപ്പിക്കുക എന്നതാണ് വെല്ലുവിളി. അപ്പോൾ ചെറുപ്പക്കാർ ജോലിക്ക് ആവശ്യമായ സാങ്കേതിക വിദ്യകൾ പരിശീലിക്കാൻ സ്കൂളിൽ തുടരും. സ്കൂളുകളിൽ നിന്ന് ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ കൊഴിഞ്ഞു പോകുന്നത് വേണ്ടത്ര വനിതാ അധ്യാപകരുടെ അഭാവമോ, യാത്രാസൗകര്യങ്ങളുടെ അപര്യപ്തത മൂലമോ, ഹോസ്റ്റലുകൾ ഇല്ലാത്തതിനാലോ ആവാം. മിക്ക പരിശീലന പരിപാടികളും പുരുഷന്മാർക്കുള്ള തൊഴിലുകളെ അടിസ്ഥാനമാക്കിയാണ്. ഇതും ഈ മേഖലയിൽ നിന്ന് അകന്നു നില്ക്കുന്നതിന് പെൺകുട്ടികളെ നിർബന്ധിതരാക്കുന്നു. പെൺകുട്ടികൾക്കു കൂടി പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ നമ്മുടെ വൊക്കേഷണൽ പാഠ്യപദ്ധതികൾ മാറേണ്ടിയിരിക്കുന്നു.

15 -24 പ്രായ ഗണത്തിലുള്ളവരെ ഉദ്ദേശിച്ച് സാക്ഷരതാ നടപടികൾ ഉണ്ടാകണം. ഭിന്നശേഷിയുള്ള കുട്ടികളെ സ്കൂളിൽ പിടിച്ചു നിർത്താനായാൽ അവർക്കും തൊഴിൽ സാധ്യതകൾ വർധിക്കും. കുട്ടികൾക്ക് വിദ്യാഭ്യാസ സൗജന്യങ്ങൾ, പ്രത്യേക പ്രീ-സ്കൂൾ പരിപാടികൾ, സ്കൂൾ നടത്തിപ്പിലെ മികവ് തുടങ്ങിയവ പ്രാബല്യത്തിൽ വരുത്തുകയാണ് ഇതിന് ആവശ്യം. തൊഴിൽ വിപണിയിലേയ്ക്കു കടക്കാൻ ഭിന്നശേഷിയുള്ളവരും പലവിധ പ്രതിബന്ധങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റേയും പരിശീലനത്തിന്റേയും അഭാവം, സാമ്പത്തികമായ ബുദ്ധിമുട്ടുകൾ, തൊഴിലിടത്തിന്റെ സ്വഭാവം, ഭിന്നശേഷിയുള്ളവരോടുള്ള തൊഴിലുടമയുടെ മനോഭാവം തുടങ്ങിയവയാണ് ഈ പ്രതിബന്ധങ്ങൾ. ഇന്ത്യയിൽ ഭിന്നശേഷിയുള്ളവർക്ക് മാന്യമായ തൊഴിൽ ലഭ്യമാക്കുന്നതിന് പ്രതിബന്ധമായി നിൽക്കുന്ന ഈ സാഹചര്യങ്ങൾ എങ്ങിനെ അതിജീവിക്കാം എന്നാണ് ഗവൺമെന്റ്, തൊഴിലുടമ, സന്നദ്ധ സംഘടനകൾ തുടങ്ങിയവർ ചിന്തിക്കേണ്ടത്. മൊത്തത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് അവശവിഭാഗങ്ങൾക്ക് മുന്നിലുള്ള ഒരു പ്രധാന വെല്ലുവിളി സ്വയം തൊഴിലിനു വേണ്ട പരിശീലനത്തിനുള്ള സംവിധാനം കണ്ടെത്തുക എന്നതാണ്. കൂടാതെ ആവശ്യമായ പണം, തൊഴിൽ വിപണി ബന്ധം, സാങ്കേതിക പരിശീലനം, തൊഴിൽ വിവരങ്ങൾ, കരിയർ സേവനങ്ങൾ തുടങ്ങിയവയും ലഭ്യമാക്കണം.

മേൽ പ്രസ്താവിച്ച വസ്തുതകൾ നോക്കുമ്പോൾ നൈപുണ്യ സമ്പാദനത്തിനുള്ള വെല്ലുവിളി അതി സങ്കീർണമാണ്. സ്ഥലം, ഭൂമിശാസ്ത്രം, ഭാഷ, ലിംഗം, സാമൂഹിക മത വിഭാഗങ്ങൾ, താഴ്ന്ന വിദ്യാഭ്യാസ- നൈപുണ്യ നിലവാരം ഇങ്ങനെയെല്ലാമുള്ള പലതരം സമൂഹങ്ങളെ തൊഴിൽ വിപണിയുടെ മുൻ നിരയിലേയ്ക്ക് കൊണ്ടുവരിക എന്നത് ക്ലേശകരമായ ദൗത്യമാണ്.

ദ്രുതഗതിയിലുള്ള സാമ്പത്തിക പുരോഗതിയും വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയും മൂലം യുവാക്കൾക്ക് അവരുടെ പ്രാപ്തി വർധിപ്പിച്ചാൽ മാത്രമേ മാന്യമായ ജോലി നേടാൻ സാധിക്കൂ. ഇതിനും വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ അവസരങ്ങൾ എന്നിവയുടെ ലഭ്യത അത്യാവശ്യമാണ്. ഇവ തന്നെയാണ് തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക, ലിംഗ, ഭൂമിശാസ്ത്ര, അടിസ്ഥാനസൗകര്യ ഘടകങ്ങളെ നിർണ്ണയിക്കുന്നത്.

### വിദ്യാഭ്യാസ നൈപുണ്യ വികസനത്തിനുള്ള നടപടി

ഇന്ന് തൊഴിൽ വിപണിയിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് ഇല്ലാത്തത് അടിസ്ഥാന വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യവുമാണ്. അതിനാൽ ഈ രണ്ടു മേഖലകളിലും അടിയന്തിരമായ ഇടപെടൽ അനിവാര്യമാണ്. വിദ്യാഭ്യാസ അവകാശ നിയമം 2009, സ്കൂളിൽ പോകാത്ത കുട്ടികളെ ഉദ്ദേശിച്ചുള്ള രാഷ്ട്രീയ ശിക്ഷക് മാധ്യമിക അഭിയാൻ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തണം. കസ്തൂർബാ ഗാന്ധി ബാലിക വിദ്യാലയ റെസിഡൻഷ്യൽ പദ്ധതി പെൺകുട്ടികളെ സ്കൂളിലേയ്ക്ക് തിരികെ കൊണ്ടുവാരൻ ഉദ്ദേശിച്ചുള്ളതാകുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിലുള്ളവർക്കും അവശതയനുഭവിക്കുന്നവർക്കും ഭിന്ന ശേഷിയുള്ളവർക്കും വേണ്ടി വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തി മുടങ്ങിയ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുക എന്നതാണ് ഗവൺമെന്റ് ഇവരോട് ആവശ്യപ്പെടുന്നത്. ഉപരിപഠനത്തിന് ഈ വിഭാഗങ്ങളെ പ്രേരിപ്പിക്കുന്നതിന് നിരവധി സ്കോളർഷിപ്പുകളും ഫെലോഷിപ്പുകളും വേറെയും ഏർപ്പെടുത്തിയിട്ടുണ്ട്.

സ്കൂളുകളിൽ സ്ത്രീകളായ അധ്യാപകരെ കൂടുതൽ നിയമിക്കുക, സമൂഹത്തിന്റെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുക, സ്വച്ഛഭാരത് ദൗത്യം വഴി കൂടുതൽ ശുചിമുറികൾ നിർമ്മിക്കുക തുടങ്ങിയവയാണ് പെൺകുട്ടികളുടെ വിദ്യാഭ്യാസവും പരിശീലനവും പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. തൊഴിൽ മേഖലയിലെ ലിംഗാടിസ്ഥാനത്തിലുള്ള വിവേചനം അവസാനിപ്പിക്കാൻ സമൂഹവും അധ്യാപകരും കുറച്ചുകൂടി ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തണം. ദേശീയ സാക്ഷരതാ മിഷൻ 15 - 35 പ്രായപരിധിയിലുള്ള നിരക്ഷരരെ ഉദ്ദേശിച്ച് സമയബന്ധിതമായി പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

നൈപുണ്യ വികസനത്തിന്റെ തലത്തിൽ സംസ്ഥാനങ്ങളാണ് പദ്ധതികൾ നടപ്പാക്കുന്നത്. വ്യവസായങ്ങൾക്കാവശ്യമായ നൈപുണ്യ വികസന പരിശീലന പദ്ധതികളാണ് ഇപ്പോൾ ആവശ്യം. പട്ടിക ജാതി, പട്ടിക വർഗ്ഗം, പിന്നാക്ക വിഭാഗം, ന്യൂനപക്ഷം, സ്ത്രീകൾ, സ്കൂളുകളിൽ നിന്നു കൊഴിഞ്ഞുപോയവർ , ഭിന്നശേഷിയുള്ളവർ, വിദൂര ഗ്രാമങ്ങളിൽ താമസിക്കുന്നവർ തുടങ്ങി എല്ലാ പാർശ്വവത്കൃത വിഭാഗങ്ങളുടെയും തൊഴിൽ പരമായ യോഗ്യതയും സംരംഭകത്വ ശേഷിയും പോഷിപ്പിച്ച് മാന്യമായ തൊഴിലവസരങ്ങളിലേയ്ക്ക് അവരെ നയിക്കുക എന്നതാണ് നാഷണൽ പോളിസി ഓൺ സ്കിൽ ഡവലപ്മെന്റ് ആൻഡ് എൻട്രപ്രണർഷിപ്പ് 2015 എന്ന പദ്ധതി കൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതു കൂടാതെയും തൊഴിൽ യോഗ്യതാ സമ്പാദനം എന്ന ഈ വെല്ലുവിളി നേരിടാനുള്ള വിവിധ പദ്ധതികൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി വിദ്യാഭ്യാസ പരിശീലന മേഖലയിൽ വൻ മുതൽ മുടക്കാണ് ഗവൺമെന്റ് നടത്തുന്നത്. തൊഴിലാളികളുടെ മികച്ച യോഗ്യതാ സമ്പാദനം, സംരംഭങ്ങളുടെ ഉത്പാദന വർധനവ് തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലൂടെ രാജ്യവും വൻ സാമ്പത്തിക സാമൂഹിക പുരോഗതി പ്രാപിക്കണം എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം.

### അടുത്ത ഘട്ടം

ഹൈസ്കൂൾ തലം വരെയെങ്കിലും കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഇതിനായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വിവിധ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്കോളർഷിപ്പുകളുടെ നേരിട്ടുള്ള കൈമാറ്റം, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉച്ചഭക്ഷണം തുടങ്ങിയ ക്ഷേമ പദ്ധതികൾ തുടങ്ങിയവ സ്കൂളുകളിലെ ഹാജർ നിലവാരം ഉയർത്തിയിട്ടുണ്ട്. മാതാപിതാക്കൾക്ക് മഹാത്മഗാന്ധി തൊഴിലുറപ്പു പദ്ധതി, ഭക്ഷ്യസുരക്ഷ, അടൽ പെൻഷൻ യോജന, പ്രധാനമന്ത്രിയുടെ സുരക്ഷാ ബീമ യോജന തുടങ്ങി നിരവധി സാമൂഹ്യ പരിരക്ഷാ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം വഴി മാതാപിതാക്കൾ കുട്ടികളെ തൊഴിലിടങ്ങളിൽ നിന്ന് തി

രികെ വിളിച്ച് വീണ്ടും സ്കൂളുകളിലേയ്ക്ക് അയക്കും എന്നാണ് കരുതുന്നത്. കുട്ടികൾ പഠിക്കുന്നു എന്ന് ഉറപ്പാക്കുകയാണ് ഇതിന്റെയെല്ലാം ഉദ്ദേശ്യം. ശരിയായ കൗൺസലിംങ്ങും ഉപദേശങ്ങളും നല്കി സ്കൂളുകളിൽ നിന്നു കൊഴിഞ്ഞുപോകുന്നതിനെ കുറിച്ചുള്ള ചിന്തയിൽ നിന്ന് കുട്ടികളെയും പിന്തിരിപ്പിക്കണം. അപ്രാപ്യമായ മേഖലകളിലുള്ള കുട്ടികൾക്കായി വിദൂര വിദ്യാഭ്യാസ രീതികൾ സ്വീകരിക്കണം. ഈ ദിശയിലുള്ള ഒരു കാൽവയ്പ്പാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓപ്പൺ സ്കൂളിംങ്. ഇതിന്റെ സൗകര്യങ്ങൾ നമ്മുടെ കുട്ടികൾ പരമാവധി പ്രയോജനപ്പെടുത്തണം. താല്പര്യമുള്ള കുട്ടികൾക്ക് ഒരുവട്ടം കൂടി സ്കൂളിൽ ചേർന്ന് പഠിക്കാൻ അവസരം ഒരുക്കണം. ഈ ദിശ്യിലുള്ള ഒരു നീക്കമാണ് പ്രഥം ഓപ്പൺ സ്കൂൾ ഓഫ് എജ്യൂക്കേഷൻ പദ്ധതി. സാഹചര്യവശാൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാതെ പോയ പെൺകുട്ടികളെയും സ്തീകളെയും വീണ്ടും സ്കൂളിൽ എത്തിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസവും ജീവിത ശിക്ഷണവം പരിശീലിക്കാൻ അവസരം ലഭ്യമാക്കുകയാണ് ഈ പദ്ധതി.

### സ്കൂളുകളുടെ ഘടന നവീകരിക്കുക

ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് സ്കൂളുകളുടെ ഘടന നവീകരിക്കുക വഴി കുറെ കുട്ടികളെങ്കിലും കൊഴിഞ്ഞു പോകാതിരിക്കും എന്ന് കണക്കു കൂട്ടുന്നു. ഇതിലൊന്ന് അധ്യാപികമാരുടെ നിയമനമാണ്.സമൂഹത്തിലെ ചില വിഭാഗങ്ങൾ, ഗോത്രവർഗ്ഗക്കാർ തുടങ്ങിയവർ അധ്യാപികമാരില്ലാത്ത സ്കൂളിലേയ്ക്ക് അവരുടെ പെൺമക്കളെ അയക്കാൻ താല്പര്യപ്പെടുന്നില്ല. ജനസംഖ്യ കൂടുതലുള്ള മിക്ക സംസ്ഥാനങ്ങളിലും അധ്യാപകർ ഇല്ലാത്ത അവസ്ഥ ഉണ്ട്. അതിനാൽ മികച്ച പഠന ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിന് നല്ല അധ്യാപകരെ അടിയന്തിരമായി നിയമിക്കേണ്ടതുണ്ട്. ഇന്ത്യയിൽ 11 ശതമാനം വിദ്യാലയങ്ങളിലും ഒരു അധ്യാപകൻ മാത്രമാണുള്ളത്. എല്ലാ സ്കൂളുകളിലും അധ്യാപകരുടെ 40 ശതമാനം ഒഴിവുണ്ട്.

### വിദ്യാഭ്യാസത്തെ തൊഴിൽ ലോകവുമായി ബന്ധിപ്പിക്കുക

വിദ്യാഭ്യാസത്തെ സ്വീകരിക്കേണ്ട തൊഴിൽ ലോകവുമായി ബന്ധിപ്പിക്കുക എന്നതാണ് ഏറ്റവും അടിയന്തരമായി നടപടി എന്ന് ഈ മേഖലയിലെ വിദഗ്ധർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഒൻപതാം ക്ലാസ് മുതലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കുട്ടികൾക്ക് സ്കൂളിൽ തുടരാനും പുതിയ തൊഴിലുകൾ പഠിക്കാനും പ്രോത്സാഹനമാകും. അതിന് സ്കൂളുകളെ തൊഴിൽ ശാലകളുമായി ബന്ധിപ്പിച്ച് അപ്രന്റിസ്ഷിപ്പുകൾ തുടങ്ങണം, കുട്ടികളെ അതിൽ നിയമിക്കണം. ഇതാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്ന അപ്രന്റിസ്ഷിപ്പ് പ്രോത്സാഹൻ യോജന. വിദ്യാലയങ്ങളെ തൊഴിൽ ലോകവുമായി ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. രാജ്യത്തുടനീളമുള്ള പരിശീലനം വൈവിധ്യമുള്ളതായതിനാൽ പഠന തലങ്ങളിലും ഈ വൈവിധ്യം ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നാലും വിവിധ മേഖലകളിലെ പ്രാദേശിക ആവശ്യങ്ങൾ മുൻനിർത്തി തൊഴിലധിഷ്ഠിത പരിശീലന പരിപാടി ഏകീകരിക്കാനും നിയന്ത്രിക്കാനും വിവിധ വ്യവസായങ്ങൾക്കാവശ്യമുള്ള വിധത്തിൽ ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാനുമായി ഒരു സംവിധാനം ഉണ്ടാകണം. കാരണം തൊഴിൽ ദാതാക്കൾ എന്ന നിലയിൽ പ്രാദേശിക വ്യവസായങ്ങളുടെ പങ്ക് വളരെ വലുതാണ് പ്രത്യേകിച്ച് വടക്കു കിഴക്ക് സംസ്ഥാനങ്ങളിൽ. അവിടെ നിന്ന് പുറത്തു കടക്കാൻ ആ പ്രദേശത്തെ ആളുകൾക്ക് വൈമുഖ്യമാണ്. 2013 ൽ ആരംഭിച്ച നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ ലക്ഷ്യം പൊതു വിദ്യാഭ്യാസം, തൊഴിലധിഷ്ഠിതവിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ്.

### പൂർവ പഠനത്തിന് അംഗീകാരം

അനൗപചാരിക മേഖലയിൽ വളരെ കുറച്ച് ഇടപെടലുകളെ നടന്നിട്ടുള്ളു. ഈ തൊഴിൽ മേഖയിൽ 84 ശതമാനമാണ് പണിയെടുക്കുന്നത്.

അതിനാൽ അനൗപചാരിക പരിശീലനം പുനർഘടനയ്ക്കു വിധേയമാക്കേണ്ടിയിരിക്കുന്നു. എങ്കിലേ ആ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യ നിലവാരം പരിശോധിക്കാനാവൂ. ഒരു പക്ഷെ അവർ യോഗ്യതയുള്ളവരാകാം. പക്ഷെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ അവർക്ക് നല്ല ജോലി ലഭിക്കാനോ പുതിയ സംരംഭം തുടങ്ങാനോ സാധ്യമല്ല. ബനാറസിലെ നെയ്ത്തുകാർ ഛത്തിസ്ഗഡ്, വടക്കു പടിഞ്ഞാറൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ ലോഹ പണിക്കാർ തുടങ്ങിയവർക്കെല്ലാം നൈപുണ്യം ഉണ്ടായിരിക്കാം. പക്ഷെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ അവരെല്ലാം യോഗ്യതയില്ലാത്തവർ തന്നെ. അതിനാൽ ന്യൂന പക്ഷങ്ങളുടെ നൈപുണ്യ വികസനത്തിന്, തൊഴിൽ പുരോഗതിക്ക്, ഉയർന്ന ഉത്പാദന ക്ഷമതയ്ക്ക് അവരുടെ പങ്കാളിത്തത്തിനുള്ള തടസങ്ങൾ നീക്കിയേ മതിയാവൂ. ഇതിൽ വ്യവസായ സംഘടനകളും  തൊഴിലാളി യൂണിയനുകളും, തൊഴിലുടമകളുടെ സംഘടനകളും പ്രത്യേകിച്ച് അനൗപചാരിക മേഖലയിലുള്ളവരും സഹകരിക്കണം.

### ദുർഘട മേഖലയിലെ പ്രശ്നങ്ങൾ

ഉടാൻ, ഹിമായത്, പർവാസ്, നയിരോഷ്നി, സ്റ്റെപ്പ് അപ് തുടങ്ങിയ ഇടപെടലുകൾ ഇതിനോടകം യുവജനങ്ങൾക്ക്  തൊഴിൽ ലഭ്യമാക്കുന്നതിൽ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ നാം വിലമതിക്കണം.  പരിശീലന പരിപാടികളെയും തൊഴിലിനെയും വരുമാനം ഉണ്ടാക്കുന്ന അവസരങ്ങളെയും  തമ്മിൽ ബന്ധിപ്പിക്കണം. മലമ്പ്രദേശങ്ങൾ, തീവ്രവാദ ഭീഷണി നിലനില്ക്കുന്ന പ്രദേശങ്ങൾ തുടങ്ങിയ ദുർഘട മേഖലകളിൽ ഈ പദ്ധതികൾ എത്തിക്കണം. ഇതിനായി ഗവൺമെന്റിന്റെയും വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള പരിശീലന സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതു സമൂഹം എന്നിവയെല്ലാം ഒന്നിച്ച് പരിശ്രമിക്കണം.

### ഗുണഭോക്താക്കളുടെ സജീവ പങ്കാളിത്തം

നൈപുണ്യ വെല്ലുവിളി വൻ തോതിൽ ഗുണഭോക്താക്കളുടെ,  പ്രത്യേകിച്ച് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ തൊഴിലുടമകളുടെ പങ്കാളിത്തം ആവശ്യപ്പെടുന്നുണ്ട്. പാഠ്യപദ്ധതികൾ രൂപകല്പന ചെയ്യുക, അത് നടപ്പിലാക്കുക, പരിശീലന പരിപാടികൾ നിരീക്ഷിക്കുക തുടങ്ങിയ മേഖലകളിലും അവരുടെ സേവനം വേണം. ട്രേഡ് യൂണിയനുകൾക്കും  തൊഴിലുടമകളുടെ സംഘടനകൾക്കും വിദ്യാഭ്യാസ മേഖലയെ തൊഴിൽ ലോകവുമായി ബന്ധിപ്പിക്കുന്നതിന് അതായത്, വിവിധ പരിശീലനങ്ങൾ  നടപ്പാക്കുക, സ്കൂളുകളും ഫാക്ടറികളും തമ്മിൽ ബന്ധിപ്പിക്കുക, പരിശീലനത്തിന്റെ ഗുണമേന്മ പരിശോധിക്കുക, ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുക തുടങ്ങിയവയിൽ സഹകരിക്കാം. ഇതിൽ പ്രാദേശിക സമൂഹവും മറ്റ് സംഘടനകളും സഹകരിക്കണം.

### ഇതര ഇടപെടലുകൾ

കേന്ദ്ര സംസ്ഥാന ഗവൺമെന്റ് വകുപ്പുകൾ വിവിധ വിഭാഗങ്ങൾക്കായി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാറുണ്ട്. ഇത് പലപ്പോഴും ചിന്താക്കുഴപ്പങ്ങൾ സൃഷ്ടിക്കാറുമുണ്ട്. മാത്രവുമല്ല ഇതിലേയ്ക്ക് വൻതോതിൽ പണം ചെലവഴിക്കാറുമുണ്ട്. എന്നാൽ അതിനുള്ള ഗുണം ലഭിക്കാറുമില്ല. വിദ്യാഭ്യാസവും തൊഴിൽ മേഖലയും നൈപുണ്യ പരിശീലനവും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്ന ഇതര മന്ത്രാലയങ്ങളും തമ്മിൽ ഒരു ഏകോപനം ആവശ്യമുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെ ഈ ലക്ഷ്യത്തിലേയ്ക്ക് കുറെക്കൂടി വേഗത്തിൽ എത്താം. പ്രത്യേകിച്ച് പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ.

ഉപസംഹാരമായി പറയട്ടെ, സാമൂഹിക മാറ്റത്തിന് ഏറ്റവും ഫലപ്രദമായ ഉപകരണമാണ് നൈപുണ്യ വികസനം. പക്ഷെ വിദ്യാഭ്യാസത്തിന്റെ ഫലങ്ങളെ പഠന പരിശീലന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ  കൃത്യമായി നിരീക്ഷിക്കുകയും അതിനെ തൊഴിൽ വിപണിയിലേയ്ക്കും സമൂഹത്തിന്റെ സമഗ്രതയിലേയ്ക്കും എത്തിക്കുകയും ചെയ്യണം.

**(നിതി ആയോഗിന്റെ ഉപദേശകാംഗമാണ് ലേഖിക)**



# കൈത്തറി സംരക്ഷണത്തിലൂടെ പൈതൃക പരിപാലനം

മോനിക എസ് ഗാർഗ്

നവവധുവിന് സാരി എങ്ങനെയോ, അങ്ങനെയാണ് നമ്മുടെ സാംസ്കാരിക പൈതൃകവുമായി കൈത്തറിക്കുള്ള ബന്ധം. ഋഗ്വേദത്തിലും മഹാഭാരതത്തിലും രാമായണത്തിലുമെല്ലാം നെയ്ത്തുമായി ബന്ധപ്പെട്ട നിരവധി സന്ദർഭങ്ങളുടെ വിശദീകരണം  കാണാം. ഹാരപ്പ, മോഹൻജദാരോ എന്നിവിടങ്ങളിൽ നിന്ന് നെയ്തെടുത്ത വസ്ത്രങ്ങൾ, സൂചികൾ, തക്ലികൾ തുടങ്ങിയവ പൗരാണിക സംസ്കാരങ്ങളുടെ തെളിവുകളായി ലഭിച്ചിട്ടുണ്ട്. ഈജിപ്തിലെ പ്രസിദ്ധമായ പിരമിഡുകളിൽ നിന്ന് ചായപ്പണികളോടുകൂടിയ ഗുജറാത്ത് നിർമ്മിത വസ്ത്രശേഖരം ഗവേഷകർ കണ്ടെത്തുകയുണ്ടായി. പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പും ഇന്ത്യൻ നിർമ്മിത പരുത്തി വസ്ത്രങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ ഉണ്ടായിരുന്ന വിപണി മൂല്യത്തെയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

കൈത്തറിയിൽ സമർത്ഥരായ കലാകാരന്മാരാണ് ഈ ശ്രേഷ്ഠ പാരമ്പര്യം തലമുറകളായി കാത്തുപരിപാലിച്ചു പോരുന്നത്. ഇന്ന് കൈത്തറി മേഖലയിൽ ജോലി ചെയ്യുന്ന നാലു ദശലക്ഷത്തോളം തൊഴിലാളികളിൽ നല്ല ശതമാനം പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളും സ്ത്രീകളു

മാണ്. ഇന്ത്യയിൽ കൃഷി കഴിഞ്ഞാൽ രണ്ടാമത്തെ വലിയ തൊഴിൽ മേഖലയാണ് ഇത്. പരിസ്ഥിതി സൗഹൃദപരവും വികേന്ദ്രീകൃതവും ഗ്രാമാധിഷ്ഠിതവുമായ ഈ കുടിൽ വ്യവസായം നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ പ്രധാന സ്ഥാനം വഹിക്കുന്നു.

എന്നിരുന്നാലും 2010 ലെ കൈത്തറി സെൻസസ് വ്യക്തമാക്കുന്നത് ഈ മേഖലയുടെ ശോഭനമല്ലാത്ത ഭാവിയാണ്. നെയ്ത്തുകാരുടെ എണ്ണം പ്രതിവർഷം ഏകദേശം ഏഴു ശതമാനം എന്ന നിരക്കിൽ കുറഞ്ഞു വരുന്നു. തറികളുടെ എണ്ണവും കുറയുകയാണ്. അടുത്ത തലമുറ ഇതിൽ സംശയാലുക്കളും താല്പര്യ രഹിതരുമാണ്. കൈത്തറി വ്യവസായം അതിന്റെ അസ്തമയത്തോട് അടുക്കുന്നു എന്നതത്രേ ഇത് നൽകുന്ന സൂചന.

തളർച്ചയ്ക്കുള്ള കാരണങ്ങൾ പലതാണ്. സെൻസസിന്റെ കണ്ടെത്തൽ പ്രകാരം ഒരു നെയ്ത്തുകാരന്റെ പ്രതിമാസ വരുമാനം വെറും 3400 രൂപയാണ്. ഇന്ത്യയിൽ ഏത് തൊഴിലാളിയുടെയും ഏറ്റവും കുറഞ്ഞ ശരാശരി മാസ വരുമാനം 4500 രൂപയാണെന്ന് ഓർക്കണം. കലാകാരൻ സാമ്പത്തികമായി തളർന്നാൽ പിന്നെ കലയും അസ്തമിക്കും. നല്ല പെയ്ന്ററെപ്പോലെ, ചിത്രകാരനെപോലെ നെയ്ത്തുകാരും സമൂഹത്തിൽ ഉയർന്ന സ്ഥാനം അർഹിക്കുന്നു. കാരണം കൈത്തറി ഉത്പന്നങ്ങൾ വളരെ സവിശേഷമാണ്. അവ നെയ്യപ്പെട്ടിരിക്കുന്ന നൂലുകളിൽ നിറയെ ക്ഷമയുണ്ട്, താല്പര്യമുണ്ട്, സൗന്ദര്യമുണ്ട്, വൈദഗ്ധ്യമുണ്ട്. അതിനാൽ അവയ്ക്കാനുപാതികമായ പ്രതിഫലം ഈ മേഖലയിലെ തൊഴിലാളികൾ അർഹിക്കുന്നു. കൈത്തറി മേഖലയെ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമെ ഇത് സാധിക്കുകയുള്ളു.

ഇന്ത്യൻ നിർമ്മിത പരമ്പരാഗത കൈത്തറി ഉത്പന്നങ്ങൾ വൈവിധ്യം കൊണ്ടും വ്യാപ്തി കൊണ്ടും ലോകവിപണിയിൽ അസൂയാർഹമായ സ്ഥാനമാണ് നേടിയിട്ടുള്ളത്. ആഗോളവിപണിയിലെ 85 ശതമാനം കൈത്തറി ഉത്പന്നങ്ങളും ഇന്ത്യൻ നിർമ്മിതമാണ്. ഇതര ഉത്പാദക രാജ്യങ്ങളായ ശ്രീലങ്ക, നേപ്പാൾ, ബംഗ്ലാദേശ്, കമ്പോഡിയ, ഇന്തോനേഷ്യ എന്നിവയുടെ സംഭാവന ഈ മേഖലയിൽ വളരെ കുറവാണ്. ഉള്ളവ തന്നെ ഗാർഹിക ഉപയോഗത്തിനുള്ള വിരലിലെണ്ണാവുന്ന ഉത്പന്നങ്ങളും. അതേസമയം, കൈത്തറി കയറ്റുമതിയിൽ കഴിഞ്ഞ നാലുവർഷം കൊണ്ട് 40 ശതമാനം വർധനയാണ് നമ്മുടെ രാജ്യം കൈവരിച്ചിരിക്കുന്നത്. അതായത് ഇന്ത്യയുടെ കൈത്തറി കയറ്റുമതി വരുമാനം 2010 ലെ 260 ദശലക്ഷം ഡോളറിൽനിന്ന് 2014 ൽ 370 ദശലക്ഷം ഡോളറായി ഉയർന്നു. ഈ വളർച്ചാനിരക്ക് നൽകുന്ന സൂചന, കൈത്തറി മേഖലയ്ക്കുള്ള വൻ സാധ്യതയാണ്. സമ്പന്നമായ സാംസ്കാരിക പൈതൃകവും ജനസംഖ്യാപരമായ പ്രത്യേകതകളും അവകാശപ്പെടുന്ന ഇന്ത്യക്ക് ആഗോള വിപണിയിലേയ്ക്കു ആവശ്യമായ കൈത്തറി ഉത്പ്പന്നങ്ങൾ നിർമ്മിച്ചു നല്കാൻ സാധിക്കും. പക്ഷെ, പുതിയ കാലത്തിന്റെ ബഹുമുഖവും, വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നതും, സങ്കീർണവുമായ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്ന തരത്തിലുള്ള സമീപനമാണ് ഇതിന് വേണ്ടത്.സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്നതോടൊപ്പം നമ്മുടെ നെയ്ത്തു വ്യവസായം ആധുനികതയേയും ഉൾക്കൊള്ളണം.

ബനാറസിലെയും ചന്ദേരിയിലെയും നെയ്ത്തുകാർ സാരികളുടെ നിർമ്മാണശൈലി കുറേക്കൂടി നവീകരിച്ചാൽ അവർക്ക് കൂടുതൽ വരുമാനം നേടാനാകും. മാത്രവുമല്ല, സ്കാർഫ്, ടൈ, ബെൽറ്റ്, ബാഗ്, പൗച്ച്, വീടുകളിലേയ്ക്കാവശ്യമായ കുഷ്യൻ കവറുകൾ, മേശവിരികൾ, ജാലകവിരികൾ തുടങ്ങിയവയുടെ നിർമ്മാണത്തിലേയ്ക്കു കടന്നുകൊണ്ട് ഈ മേഖലയിൽ കൂടുതൽ വൈവിധ്യവത്ക്കരണം നടത്തിയാൽ വരുമാനം ഇരട്ടിയാക്കാനും അവർക്കു സാധിക്കും. ഇത്തരത്തിലുള്ള ഉത്പന്ന വികസനത്തിനും വൈവിധ്യവത്ക്കരണത്തിനും നെയ്ത്തുകാരുടെയും രൂപകല്പനാവിദഗ്ധരുടെയും ശക്തമായ സഹകരണം ഉണ്ടാകേണ്ടതുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഫാഷൻ ടെക്നോളജി(എൻഐഎഫ്ടി) പാഠ്യപദ്ധതിയിൽ നെയ്ത്തു കൂട്ടായ്മകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ നല്ല തുടക്കം കുറിച്ചിരിക്കുന്നു.



ഒരു വശത്ത്, ഏതെങ്കിലും കൈത്തറി, കരകൗശല കൂട്ടായ്മ സന്ദർശിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് നമ്മുടെ സമ്പന്നമായ പാരമ്പര്യത്തെ അടുത്ത് മനസിലാക്കാൻ സാധിക്കും. നെയ്ത്തുകാർക്കും കലാകാരന്മാർക്കുമാകട്ടെ ഡിസൈനിലും രൂപകല്പനയിലും കൂടുതൽ പുതിയ ആശയങ്ങൾ യുവ തലമുറയുമായുള്ള ആശയവിനിമയത്തിലൂടെ ഗ്രഹിക്കാനും സാധിക്കും. ജാബുവ മുത്തുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ഒരു കഷണം കൈത്തറി തുണികൂടി ചേർത്ത് വച്ച് മറ്റ് ഉത്പന്നങ്ങളിൽ ഉപയോഗിച്ചാൽ അതിന് പല മടങ്ങ് വില ലഭിക്കും. ഇത്തരത്തിലുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളിലൂടെ മാത്രമേ കൈത്തറിയെ വ്യാപകമാക്കാൻ സാധിക്കൂ.

മൂല്യശൃംഖലയിലെ മറ്റൊരു നിർണ്ണായക തലം വിപണിയാണ്. വിപണിയിലെ വ്യത്യസ്ത താൽപര്യങ്ങൾ ഉൾക്കൊള്ളുന്നതിൽ ഇന്ന് കൈത്തറി മേഖല പരാജയപ്പെട്ടിരിക്കുന്നു. വിപണിയിലെ വിഭജിക്കപ്പെട്ട താല്പര്യങ്ങളെ നാം മനസിലാക്കണം; അംഗീകരിക്കണം; ഉപയോഗപ്പെടുത്തണം. പത്താൻ, പഠോള, കണി, ബലൂചാരി, ജംദാനി തുടങ്ങിയ മേൽത്തരം ഉത്പന്നങ്ങൾക്ക് പ്രത്യേക പദവി നല്കി സംരക്ഷിക്കണം. അവയെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങളും വിശ്വാസങ്ങളും പ്രതീകങ്ങളും വഴി നെയ്ത്തുകാർ ഈ വിശേഷപ്പെട്ട വസ്ത്രങ്ങൾക്ക് ആകർഷകമായ മൂല്യമാണ് നല്കുന്നത്. നിർമ്മിതിയിലെ അനുപമമായ രൂപമാതൃകകളും വ്യത്യസ്തമായ നെയ്ത്ത് ശൈലികളും കൊണ്ടു രൂപപ്പെടുത്തുന്ന അവ സാധാരണക്കാരെ ഉദ്ദേശിച്ചുള്ളതല്ല, മറിച്ച് സമൂഹത്തിലെ ഉന്നതരായ വ്യക്തികൾക്കു വേണ്ടിയുള്ളതാണ് എന്ന് വ്യക്തമാക്കുന്നു. അനുയോജ്യവും മത്സരങ്ങൾ ഇല്ലാത്തതുമായ വിപണിയാണ് അവയ്ക്കുള്ളത് എന്നതിനാൽ അർഹിക്കുന്ന വില അവയ്ക്കു ലഭിക്കുകയും ചെയ്യുന്നു.

**അനുപമമായ രൂപമാതൃകകൾ; പകരം വയ്ക്കാനില്ലാത്ത ഉത്പന്നങ്ങൾ**

വിപണിയിൽ കൈത്തറി ഇന്നു നേരിടുന്ന ഏറ്റവും വലിയ ഭീഷണി യന്ത്രത്തറികളിൽ നിന്നുള്ള ഉത്പന്നങ്ങളും നിലവാരം കുറഞ്ഞ ഇറക്കുമതികളാണ്. യന്ത്രത്തറികളിൽ നിന്നുള്ള വസ്ത്രങ്ങൾ നിർമ്മിക്കാൻ അധ്വാനവും സമയവും കുറച്ചു മതി. വിലയും താരതമ്യേന കുറവാണ്. മാത്രവുമല്ല, യന്ത്രത്തറികളിൽ നിർമ്മിക്കുന്ന തുണികളും കൈത്തറിയിൽ നിർമ്മിക്കുന്ന തുണികളും തമ്മിൽ സാധാരണക്കാർക്ക് തിരിച്ചറിയാനും ബുദ്ധിമുട്ടാണ്. തന്മൂലം കൈത്തറികൾ എന്ന വ്യാജേന യന്ത്രത്തറി ഉത്പന്നങ്ങൾ വ്യാപകമായി വിൽക്കപ്പെടുന്നുണ്ട്. അതിനാൽ അടിയന്തിരമായി ബ്രാൻഡിങ് ഉണ്ടായേ തീരു. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം വസ്ത്രങ്ങളിലെ കൈത്തറി മുദ്ര വിശ്വാസ്യതയുടെ അടയാളവും മില്ലിലോ യന്ത്രത്തറിയിലോ നിർമ്മിതമല്ല എന്ന ഉറപ്പുമാണ് നല്കുന്നത്. ഉത്പന്നത്തിന്റെ ആധികാരികതയാണ് അത് സാക്ഷ്യപ്പെടുത്തുന്നത്. നിർഭാഗ്യവശാൽ സാധാരണക്കാരായ ആളുകൾക്ക് ഈ അടയാളം അത്ര പരിചിതമല്ല. അതിനാൽ കൈത്തറി അടയാളം തിരിച്ചറിയാൻ പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തേണ്ടിയിരിക്കുന്നു. കൈത്തറി

മുദ്രയുള്ള ഉത്പന്നങ്ങൾ മാത്രമേ രാജ്യത്തിന കത്തും പുറത്തും ഗവൺമെന്റ് സഹകരണ ത്തോടെ നടത്തപ്പെടുന്ന മേളകളിൽ പ്രദർശിപ്പി ക്കാൻ പാടുള്ളു എന്ന് നിബന്ധന വയ്ക്കണം. ബോധവത്ക്കരണത്തിനൊപ്പം ഗവൺമെന്റ് പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യം യഥാർത്ഥ കൈത്തറി നെയ്ത്തു കാർക്ക് ലഭിക്കുന്നു എന്ന് ഉറപ്പും വരുത്തണം.

പൊതുജന സ്വാധീനം, പൈതൃകം, കരകൗശല വസ്തുക്കളോടുള്ള താല്പര്യം തുടങ്ങിയ നിർണാ യക ഘടകങ്ങളിലൂടെയാണ് കൈത്തറി മേഖ ലയെ സുസ്ഥിരപ്പെടുത്തേണ്ടത്. എന്നാൽ ഈ തന്ത്രം, ഉത്പന്നാധിഷ്ഠിത വൈവിധ്യവത്ക്കരണ ത്തിൽ ഡിസൈനർമാരുടെ സഹകരണം ലഭി ക്കുന്ന അതിസമർത്ഥരായ നെയ്ത്തുകാർക്കും ഉന്നതരായ ഉപഭോക്താക്കൾക്കും മാത്രമേ ബാധ കമാകുന്നുള്ളു. ഇവരാകട്ടെ 20 ശതമാനം മാത്ര മാണ്, എന്നാൽ ഏറ്റവും മുന്തിയ ഉത്പന്നങ്ങളുടെ 80 ശതമാനം നിർമ്മിക്കുന്നതും ഇവർ തന്നെ. അതി നാൽ ഈ സമീപനം വളരെ പരിമിതമായ ഒരു വിഭാഗത്തിനു മാത്രമെ ഗുണം ചെയ്യുന്നുള്ളുവെ ങ്കിലും ഈ മേഖലയുടെ സുസ്ഥിരമായ നവീക രണം ഇതുവഴി സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൈത്തറിയെ മാത്രം ആശ്രയിക്കുന്ന ബാക്കി 80 ശതമാനം നെയ്ത്തുകാരെയും വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു.

**തൊഴിൽപരമായ ഭീഷണിയും അതു നേരിടാനുള്ള നടപടികളും**

പ്രത്യക്ഷമായും പരോക്ഷമായും 43 ലക്ഷം ആളു കൾ പണിയെടുക്കുന്ന മേഖലയാണ് കൈത്തറി എന്ന വസ്തുത നാം കാണാതെ പോകരുത്. ഇവ രെയെല്ലാം ഒരു സുപ്രഭാതത്തിൽ വിപണിയിൽ വൻ ഡിമാന്റുള്ള മേൽത്തരം ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ പരിശീലിപ്പിക്കുക സാധ്യവുമല്ല. എന്നിരുന്നാലും നാട്ടിൻപുറങ്ങളിലും വിദൂര ഗ്രാമ ങ്ങളിലും കൈത്തറി ഇപ്പോഴും ഉപജീവനത്തി നുള്ള പ്രധാന സ്രോതസ്സാണ്. മുഖ്യ ഭീഷണി യന്ത്രത്തറികളും തുണിമില്ലുകളും തന്നെ. കാരണം മിക്ക കൈത്തറി ഉത്പന്നങ്ങളുടെയും പകർപ്പ് യന്ത്രത്തറികളിൽ നിർമ്മിക്കാനാവും. ചില നെയ്ത്തുകാർ യന്ത്രത്തറികളിലേയ്ക്ക് മാറിക്കഴി ഞ്ഞു. യന്ത്രത്തറികൾ തീർച്ചയായും നെയ്ത്തു കാരുടെ ജീവിതം കൂടുതൽ ആയാസരഹിതമാ ക്കുന്നു, നല്ല വേതനം ലഭ്യമാക്കുന്നു, ജോലിക്ക് കൂടുതൽ കൃത്യതയും മികവും വേഗതയും നല്കുന്നു. അതേസമയം അത് മറ്റ് അനേകരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും ചെയ്യുന്നു. ഇങ്ങനെ വരുമ്പോൾ യന്ത്രത്തറികളിലേയ്ക്ക് മാറു ന്നതിനോ, മറ്റ് ഏതെങ്കിലും തൊഴിൽ തേടുന്നതി നോ മാർഗ്ഗമില്ലാത്തവരാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ ലക്ഷക്കണക്കിനു വരുന്ന കൈത്തറി നെയ്ത്തുകാരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും ഈ മേഖലയെ സഹായി ക്കുന്നതിനും മാത്രമായി ക്ഷേമപദ്ധതികൾ ആസൂ ത്രണം ചെയ്യേണ്ടിയിരിക്കുന്നു. മില്ലുകളുടെ സഹാ യത്തോടെ വസ്ത്രനിർമ്മാണത്തിൽ വൻ തോതി ലുള്ള ഉത്പാദനത്തിനും ഒപ്പം നാടിന്റെ വികസ നത്തിനുമുള്ള ഒരു മറുമരുന്നാണ് കൈത്തറി. കൈത്തറിയും യന്ത്രത്തറിയും തുല്യ പ്രാധാന്യ മുള്ളവ തന്നെ. പക്ഷെ വളരെ വിഭിന്നവും വ്യത്യസ്ത നയങ്ങൾ ആവശ്യമുള്ളവയുമാണ്. ഇവ പരസ്പരം മത്സരിക്കാൻ പാടില്ല. യഥാർത്ഥ ത്തിൽ അവ പരസ്പര പൂരകങ്ങളും ഒന്ന് മറ്റൊ ന്നിന്റെ അനുബന്ധവുമാണ്. ഒന്ന് ലോകത്തെ അണിയിച്ച് ഒരുക്കുമ്പോൾ അടുത്തത്, ലക്ഷ ങ്ങൾക്ക് തൊഴിൽ നല്കുന്നു. അതിനാൽ രണ്ടു മേഖലകളെയും സഹായിക്കുകയും പ്രോത്സാഹി പ്പിക്കുകയും ചെയ്യുന്ന നയമാണ് നമ്മുടെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പക്ഷെ ഈ ലേഖനത്തിൽ ചർച്ചാവിഷയമാകുന്നത് കൈത്തറി മേഖലയും അതിന്റെ സംരക്ഷണവും മാത്രമാണ്.

കൈത്തറികളെ യന്ത്രത്തറികളിൽ നിന്നും മില്ലു കളിൽ നിന്നും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോ ടെയാണ് 1985 ൽ റിസർവേഷൻ ഓഫ് ആർട്ടി ക്കിൾസ് ഫോർ പ്രൊഡക്ഷൻ നിയമം നടപ്പി ലാക്കിയത്. ഈ നിയമ പ്രകാരം നിലവിൽ 11 തുണി

ത്തരങ്ങളുടെ ഉത്പാദനം ചില സാങ്കേതിക നിർദ്ദേശങ്ങളോടെ കൈത്തറിക്കു മാത്രമായി സംവരണം ചെയ്തിരിക്കുന്നു. ഇവ മില്ലുകളിലോ യന്ത്രത്തറികളിലോ ഉത്പാദിപ്പിക്കാൻ പാടില്ലാത്തതാകുന്നു.

ദേശീയ കൈത്തറി വികസന കോർപ്പറേഷൻ വഴി കൈത്തറി നെയ്ത്തുകാർക്ക് സൗജന്യ നിരക്കിൽ നൂലും നൽകിവരുന്നു. അവശ്യവസ്തു നിയമ(1955) പ്രകാരംകൈത്തറി നെയ്ത്തുകാർക്ക് ആവശ്യത്തിനുള്ള നൂലിന്റെ ലഭ്യത ന്യായവിലയ്ക്ക് ഉറപ്പാക്കിയിട്ടുമുണ്ട്. കൈത്തറി നൂൽ ഉടമ്പടി എന്നാണ് ഇതിനു പേര്. നിശ്ചിത ശതമാനം നൂലുകൾ ഈ ആവശ്യത്തിനായി നിർമ്മിച്ച് നൽകാൻ മില്ലുകളെയും ബാധ്യതപ്പെടുത്തിയിട്ടുണ്ട്.

പക്ഷെ മേൽപ്പറഞ്ഞ രണ്ടു നടപടികളെയും മൂല്യ ശ്രേണിയിലുടനീളം തുണിമില്ലുകൾ ശക്തമായി എതിർക്കുന്നു. എന്നാൽ പരാധീനത നേരിടുന്ന കൈത്തറി മേഖലയ്ക്ക് അല്പമെങ്കിലും സംരക്ഷണം നല്കുന്നതിന് ഈ സംവിധാനം തുടരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മാത്രവുമല്ല, ഇത് ശക്തമായി നടപ്പാക്കുകയും അത് ഫലപ്രദമാണെന്ന് ഉറപ്പാക്കുകയും വേണം.

പരിഗണിക്കപ്പെടേണ്ട മറ്റൊരു കാര്യം ഈ മേഖലയ്ക്കുള്ള വായ്പകളുടെ ലഭ്യതയാണ്. സെൻസസ് കണക്കുകൾ പ്രകാരം 61 ശതമാനം നെയ്ത്തുകാരും സ്വതന്ത്രമായി ജോലി നോക്കുന്നവരാണ്. ബാക്കിയുള്ളതിൽ 34 ശതമാനം സ്വകാര്യ ഉടമകളുടേയോ വലിയ നെയ്ത്തുകാരുടെയോ കീഴിൽ തൊഴിലാളികളാണ്. അഞ്ചു ശതമാനം മാത്രമാണ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്. പൊതുവേ വിദ്യാഭ്യാസം കുറഞ്ഞവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമാണ് നെയ്ത്തു തൊഴിലാളികൾ. തൊഴിലിനുള്ള കൂലി വാസ്തവത്തിൽ അവർക്ക് ലഭിക്കുന്നില്ല. ഇടനിലക്കാരുടെ ചൂഷണം ഈ മേഖലയിൽ ഉണ്ട്. ധനകാര്യ സ്ഥാപനങ്ങളുമായി അവർക്ക് ബന്ധപ്പെടാനാകുന്നില്ല എന്നതാണ് മറ്റൊരു പ്രശ്നം.

ഈ സാമ്പത്തിക പ്രതിസന്ധി മനസിലാക്കിയാണ് 2011 ൽ ഗവൺമെന്റ് നെയത്തുകാർക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി 3000 കോടി രൂപയുടെ സാമ്പത്തിക സഹായം പ്രഖ്യാപിച്ചത്. നെയ്ത്തുകാർക്ക് വായ്പ ലഭ്യമാക്കുക എന്നതായിരുന്നു ലക്ഷ്യം. വളരെ ലളിതമായ നിബന്ധനകൾ മാത്രമെ ഇതിന് ഉണ്ടായിരുന്നുള്ളു. എന്നിട്ടും 1000 കോടി മാത്രമേ ഈ ഇനത്തിൽ വിതരണം ചെയ്യപ്പെട്ടുള്ളു. കൈത്തറി സംഘങ്ങളെ ഒഴിവാക്കിയാൽ 50000 പേർ വ്യക്തിഗത വായ്പകൾ എടുത്തു. അത്രമാത്രം. പക്ഷെ അത് ധാരാളം പേരുടെ കണ്ണുതുറപ്പിച്ചു. കഴിഞ്ഞ കുറെ പതിറ്റാണ്ടുകളായി ഈ മേഖലയിൽ വായ്പ ലഭ്യമാക്കുന്നില്ലായിരുന്നു എന്ന സത്യം എല്ലാവരും ഗ്രഹിച്ചു. അതോടെ ഗവൺമെന്റ് നെയ്ത്തുകാർക്കുള്ള വായ്പയുടെ പലിശ 6 ശതമാനമാക്കി ചുരുക്കി. സൗജന്യ നിരക്കിലുള്ള ഈ വായ്പ അവർക്ക് മൂലധന ആസ്തിയായും പ്രവർത്തന മൂലധമായും ഉപയോഗിക്കാം. ഫലപ്രദമായി വിനിയോഗിച്ചാൽ ഇത് കൈത്തറി മേഖലയുടെ ശിരോലിഖിതം മാറ്റി എഴുതും. കൈത്തറി തുണികൾക്ക് നിറം നല്കുന്നതിനും മറ്റുമുള്ള യൂണിറ്റുകൾക്കുള്ള സഹായത്തിനുപരി നെയ്ത്തുകാർക്ക് അതിലും അത്യാവശ്യമുള്ള പ്രവർത്തന മൂലധനമായി ഈ തുക ഉപയോഗിക്കാവുന്നതാണ്.

സ്ഥിതിവിവരക്കണക്കുകൾ നല്കുന്ന വിവരമനുസരിച്ച് 83 ശതമാനം നെയ്ത്തുകാരും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവരാണ്. അതായത് വിദ്യാഭ്യാസം കുറഞ്ഞവർക്കുള്ള തൊഴിലാണ് കൈത്തറി ജോലി എന്ന തെറ്റായ ധാരണയ്ക്ക് ഇതു കാരണമാകുന്നു. ഈ തൊഴിലിന്റെ എല്ലാ മാന്യതയും തകർക്കുന്ന ഒരു ധാരണയാണിത്. അതിനാൽ അടുത്ത തലമുറയെ ഈ മേഖലയിൽ പിടിച്ചു നിർത്തണമെങ്കിൽ ഫൈൻ ആർട്സ് പോലെ, ഫോട്ടോഗ്രഫി പോലെ, സംഗീതം പോലെ ഒരു കലാപരമായ വൈഗദ്ധ്യം വേണ്ട ആധുനിക തൊഴിൽ മേഖലയായി കൈത്തറിയെ കണക്കാക്കണം. ഇതിന് എൻഐഎഫ്ടി പോലുള്ള സ്ഥാപനങ്ങൾ കൈത്തറി കൂട്ടായ്മകളുമായി അവരുടെ പരിശീലന പരിപാടി സംയോജിപ്പിക്കണം. തുടർ വിദ്യാഭ്യാസ പരിപാടി

പോലുള്ള അവരുടെ ചില പ്രധാന പരിശീലന സംരംഭങ്ങൾ പൂർണമായും കൈത്തറി നെയ്ത്തുകാരുടെ നേതൃത്വത്തിൽ നടപ്പാക്കണം. എൻഐഎഫ്ടി പോലുള്ള ഒരു സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പുതിയ തലമുറയ്ക്ക് വലിയ അഭിമാനമാകും. തൊഴിലിന്റെ പരമ്പരാഗതമായ വൈദഗ്ധ്യം ഒരു തലമുറ അടുത്ത തലമുറയിലേയ്ക്ക് കൈമാറിയാണ് ഈ മേഖല ഇത്രകാലം നിലനിന്നു പോന്നത് എന്ന കാര്യം വിസ്മരിക്കരുത്. ഇങ്ങനെ മാത്രമേ അടുത്ത തലമുറയെയും ഈ തൊഴിലിൽ പിടിച്ചു നിർത്താൻ സാധിക്കുകയുള്ളൂ.

**കൈത്തറികളുടെ സാങ്കേതിക നവീകരണം**

1985 ലെ കൈത്തറി റിസർവേഷൻ ആൻഡ് പ്രൊട്ടക്ഷൻ നിയമത്തിലെ വകുപ്പ് 2(ബി) പ്രകാരം യന്ത്രത്തറി അല്ലാത്ത ഏതു തറിയും കൈത്തറി ആകുന്നു. ഇന്ത്യൻ ബ്യൂറോ ഓഫ് സ്റ്റാൻഡേർഡ് പ്രകാരം കൈത്തറി എന്നാൽ വസ്ത്രം നെയ്യുന്നതിനായി കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന ഒരു സംവിധാനമാകുന്നു. ചിലപ്പോൾ ഇത് കാലുകൊണ്ടും പ്രവർത്തിപ്പിക്കുന്നു.

കൈത്തറിയുടെ സാങ്കേതികമായ പ്രവർത്തനം നൂൽ വിതറുക, എടുക്കുക, അടിക്കുക എന്നീ മൂന്നു പ്രക്രിയകളിലൂടെയാണ്.ഇതു മൂന്നും വൈദ്യുതിയുടെ സഹായമില്ലാതെ നെയ്ത്തുകാരൻ സ്വയം ചെയ്യുന്നതാണ്. വൈദ്യുതി ഉപയോഗിക്കാതെ ഈ പ്രക്രിയകൾ യന്ത്രവത്ക്കരിച്ചാൽ ഈ ജോലി വളരെ ലഘുവാക്കി മാറ്റാം. നെയ്ത്തിനു മുമ്പുള്ള ജോലികളും യന്ത്രവത്ക്കരിക്കാം. സാധ്യതയെകുറിച്ച് ആരും ഇതുവരെ ചിന്തിച്ചിട്ടില്ല. ഈ മേഖലയിലുള്ള ഗവേഷണം നെയ്ത്തുകാരുടെ അധ്വാനഭാരം ലഘൂകരിക്കും, കൈത്തറിയുടെ സത്ത നഷ്ടപ്പെടുകയുമില്ല.

എന്നാൽ ഇതു സംബന്ധിച്ച് രാജ്യത്ത് വൻ തർക്കം നടക്കുകയാണ്. മനുഷ്യപ്രയത്നം കുറയ്ക്കുന്നതിന് കൈത്തറികളെ നവീകരിക്കണം എന്ന് 2013 ൽ ആസൂത്രണ കമ്മീഷൻ നിർദ്ദേശിച്ചതാണ്. ഇതിനായി ഗവൺമെന്റും ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിരുന്നു. എന്നാൽ നെയ്ത്തുകാർ തന്നെയാണ് ഈ നിർദ്ദേശങ്ങൾ തള്ളിയത്. ഇതിനെച്ചൊല്ലി വ്യപകമായ പ്രതിഷേധങ്ങളും അരങ്ങേറി. കാരണം ഗവൺമെന്റിന്റെ ഈ നീക്കം വരും കാലങ്ങളിൽ നെയ്ത്ത് എന്ന കലയെ തന്നെ ഇല്ലായ്മ ചെയ്തേക്കാം എന്ന തൊഴിലാളികളുടെ ഭയമായിരുന്നു. ഇപ്പോൾ തന്നെ യന്ത്രത്തറികളിൽ നിന്നുള്ള തുണിത്തരങ്ങൾ കൈത്തറി എന്ന പേരിലാണ് വിറ്റഴിക്കുന്നത്. പുതിയ നിർദ്ദേശം പ്രാവർത്തികമായാൽ യന്ത്രത്തറികൾക്ക് നിയമപരമായിത്തന്നെ രംഗത്തിറങ്ങാം. മാത്രവുമല്ല, യന്ത്രത്തറികളിൽ ജോലി ചെയ്യുന്നവർ ഗവൺമെന്റിൽ നിന്നു കൈത്തറി മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ എങ്ങനെ കൈവശപ്പെടുത്താം എന്നു തക്കം പാർത്തിരിക്കുകയാണ്. പുതിയ നിർദ്ദേശങ്ങൾ കൂടി നടപ്പിലാക്കുന്നത് കൈത്തറിമേഖലയുടെ അന്ത്യം കുറിക്കുമെന്ന് തൊഴിലാളികൾ ഭയപ്പെട്ടു. എന്തായാലും ടെക്സ്റ്റൈൽസ് മന്ത്രാലയം കൈത്തറിയുടെ നിലവിലുള്ള നിർവചനം അതേപടി നിലനിർത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അതേ സമയം ഈ മേഖലയിലെ കായികാധ്വാനം കുറച്ചുകൊണ്ട് എങ്ങനെ ഉത്പാദനക്ഷമത വർധിപ്പിക്കാം എന്നും അന്വേഷിക്കുന്നുണ്ട്.

കൈത്തറിയുടെ നെയ്ത്തിലെ ആദ്യ രണ്ടു പ്രക്രിയകളിൽ യന്ത്രവത്ക്കരണം നടപ്പാക്കിയാൽ മാത്രം മേൽപ്പറഞ്ഞ ലക്ഷ്യം സാധിക്കും. യന്ത്രവത്ക്കരണം എന്നാൽ വൈദ്യുതിയുടെ ഉപഭോഗമല്ല. ആധുനിക ഉപകരണങ്ങളുടെയും സാങ്കേതികവിദ്യയുടെയും ഉപയോഗമാണ്. അതുവഴി കാര്യക്ഷമത വർധിപ്പിക്കാം, വിരസത അകറ്റാം. യന്ത്രങ്ങളുടെ ഉപയോഗം ഫലപ്രദമായി വിനിയോഗിക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

കൈത്തറി തന്നെ ഒരു യന്ത്രമാണ്. പക്ഷെ പരമ്പരാഗതമായ കൈത്തറിയുടെ ഘടന ശാസ്ത്രീയമല്ല. മാത്രവുമല്ല, പരമ്പരാഗത നെയ്ത്തു രീതികൾ വളരെ കഠിനവുമാണ്. ശാരീരികമായി വളരെ അധ്വാനഭാരമുള്ള ജോലിയാണ് അത്. വരുമാനമാകട്ടെ തുച്ഛവും. തുടർച്ചയായ നെയ്ത്തു ജോലി

തൊഴിലാളികൾക്ക് പല തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് കാരണമാകുന്നു. പ്രത്യേകിച്ച് ഈ ജോലി കൈകാലുകളുടെ പേശികൾക്ക് കഠിനമായ വേദന ഉണ്ടാക്കുന്നു. കൈത്തറി മേഖലയിൽ ഇതുവരെ ഒരു സാങ്കേതിക വിദ്യയും നടപ്പാക്കിയിട്ടില്ല. അതിനു പ്രസക്തിയില്ലാത്തതിനാൽ ഇതു സംബന്ധിച്ച ഗവേഷണങ്ങളും നടന്നിട്ടില്ല. നിലവിലുള്ള പരമ്പരാഗത സാങ്കേതിക വിദ്യതന്നെയാണ് ഇപ്പോഴും ജനകീയം. ഫലമോ കൈത്തറിയിൽ എന്നും കൂടുതൽ അധ്വാനവും കുറച്ച് ഉത്പാദനവുമാണ് നടക്കുന്നത്.

അതിനാൽ ഉത്പാദനം വർധിപ്പിക്കുന്നതിന് നവീകരണം അത്യന്താപേക്ഷിതമാണ്. യന്ത്രവത്ക്കരണം നെയ്ത്തുകാരന്റെ കാര്യശേഷി മാത്രമല്ല, തുണിയുടെ ഗുണനിലവാരവും വർധിപ്പിക്കും. ആദ്യഘട്ട സാങ്കേതിക നവീകരണം 1773 ൽ നടത്തുകയുണ്ടായി. അടുത്തത് തുണികളുടെ അരികുകളിലേയും മറ്റുമുള്ള ഡിസൈൻ മനോഹരമായി നെയ്യുന്നതിനുള്ള നീക്കമായിരുന്നു. ഇവ നെയ്ത്തുകാരന്റെ കാര്യക്ഷമത പതിന്മടങ്ങ് വർധിപ്പിച്ചു.

വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉത്പാദനത്തിന് ചെറിയ തറികൾ ഉപയോഗിച്ചാൽ കൂടുതൽ മണിക്കൂറുകൾ ജോലി ചെയ്യേണ്ടി വരും. കുടിൽ വ്യവസായ തലത്തിൽ വീടുകൾ കേന്ദ്രീകരിച്ച് നടത്തുന്ന നെയ്ത്തും വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനവും തമ്മിൽ അന്തരമുണ്ട്. അതിനാൽ വ്യാവസായിക ഉത്പാദനത്തിന് നെയ്ത്തു കേന്ദ്രങ്ങളുടെ നവീകരണം അനിവാര്യമാണ്. സെമി ഓട്ടോമാറ്റിക് കൈത്തറികൾ ഈ ഘട്ടത്തിൽ സാധാരണ നെയ്ത്തുകാർക്ക് വളരെ ഉപകാരപ്രദമാണ്. തടി, മുള തുടങ്ങിയവയാൽ നിർമ്മിതമായ യന്ത്രഭാഗങ്ങൾക്കു പകരം നിലവാരമുള്ള റോളറുകളും മറ്റും ഉപയോഗിക്കാവുന്നതാണ്.

കൈത്തറി മേഖല നവീകരിക്കുന്നതിന് നടത്തുന്ന ഗവേഷണങ്ങൾക്ക് ഗവൺമെന്റ് പ്രോത്സാഹനം നൽകണം. സാങ്കേതിക നവീകരണത്തിലൂടെ മാത്രമേ വികസനം സാധിക്കുകയുള്ളു. മനുഷ്യ പ്രയത്നം, സമയം, ഊർജ്ജം എന്നിവ ലഘൂകരിക്കാനുള്ള നവീകരണങ്ങളാണ് ഇപ്പോൾ വേണ്ടത്. തറിയുടെ പ്രവർത്തനത്തിലെ ഒന്നും രണ്ടും ഘട്ടങ്ങളെല്ലാം യന്ത്രവത്ക്കരിക്കണം. അതിന് വേണമെങ്കിൽ മോട്ടോർ ഉപയോഗിക്കാം. കാരണം അത് നെയ്ത്തിന്റെ ഭാഗമേയല്ല.

നിലവിൽ വികസിപ്പിച്ചിട്ടുള്ള പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. ഇതിനു പ്രധാന പ്രതിബന്ധം നെയ്ത്തുകാരുടെ വൈമുഖ്യം തന്നെ. കാലാകാലങ്ങളായി തുടരുന്ന ശൈലിയിൽ നിന്നു മാറാനുള്ള താൽപര്യകുറവാണ് ഇത്. അതിനാൽ അവരെ പദ്ധതികളുട നിർണായക ഭാഗമാക്കി നവീന രീതികൾ ക്രമേണ ശീലിപ്പിച്ചെടുക്കാനാണ് ഗവൺമെന്റ് ശ്രമിക്കേണ്ടത്.

വ്യാവസായികാടിസ്ഥാനത്തിൽ കൈത്തറി ഉത്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ വില്പന വലിയ പ്രശ്നം തന്നെയാണ്. ഇവിടെയാണ് ഗവൺമെന്റ് ഇടപെടേണ്ടത്. ഈ മേഖലയിലെ ആവശ്യങ്ങളെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കണം. ഇപ്പോൾ സ്കൂൾ കുട്ടികൾക്കും അംഗൻവാടിജീവനക്കാർക്കും സംസ്ഥാന ഗവൺമെന്റ് സൗജന്യ യൂണിഫോറം വിതരണം ചെയ്യുന്നുണ്ട്. ഇതിന് കൈത്തറി തുണികൾ ഉപയോഗിച്ചാൽ മതി എന്ന് തീരുമാനിക്കണം. കൈത്തറി തൊഴിലാളികളെയും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം. സ്കൂളുകളിലേയ്ക്കും അംഗൻവാടികളിലേയ്ക്കും ആവശ്യമായ തുണികൾ അവർ ഉത്പാദിപ്പിച്ച് വിതരണം ചെയ്യണം.

നമ്മുടെ പൈതൃകം വിളിച്ചോതുന്ന കൈത്തറി മേഖലയെ പ്രതിസന്ധി ഘട്ടത്തിൽ നിന്ന് മോചിപ്പിക്കുകയും നവീകരിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇതിനു വേണ്ട നടപടികൾ ഗവൺമെന്റ് വൈകാതെ കൈക്കൊള്ളുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**(കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിലെ മുൻ ജോയിന്റ് സെക്രട്ടറിയാണ് ലേഖിക).**

# ഗാന്ധിജിയും കരകൗശല വിദ്യയും

## (1939 ഫെബ്രുവരി 3– 4 തിയതികളിൽ വാർധയിൽ നടന്ന അധ്യാപന പരിശീലനത്തിന് എത്തിയവർ മഹാത്മാഗാന്ധിയുമായി നടത്തിയ കൂടിക്കാഴ്ച്ചയിൽ നിന്നും)



**വാർധ**യിലെ ടീച്ചർ ട്രെയിനിങ് സെന്ററിൽ നടന്ന മൂന്ന് ആഴ്ച്ചത്തെ പരിശീലനത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 75 പ്രതിനിധികൾ പങ്കെടുത്തു. പരിശീലനത്തിനു ശേഷം അവർ വാർധ വിടുന്നതിനുമുമ്പായി ഗാന്ധിജിയുമായി കൂടിക്കാഴ്ച്ച നടത്തുകയുണ്ടായി. പ്യാരേലാലിന്റെ വാർധ സ്കീം അണ്ടർ ഫയർ എന്ന പുസ്തകത്തിൽ നിന്ന്...

യോഗത്തിനു മുമ്പായി ഒരു സ്നേഹിതൻ ഗാന്ധിജിയോട് ചോദിച്ചു, പരിശീലന പരിപാടിയുടെ കേന്ദ്ര ആശയം അധ്യാപകർ വിദ്യാർത്ഥികളോട് തക്ലിയുമായി വിദൂരബന്ധമെങ്കിലും ഇല്ലാത്ത ഒരു വാക്കു പോലും സംസാരിക്കാൻ പാടില്ല എന്നതായിരുന്നോ എന്ന്. ഇതിനുള്ള ഉത്തരമാണ് ഗാന്ധിജി പൊതു യോഗത്തിൽ പറഞ്ഞത്.

**ഗാന്ധിജി.** – ഇത് എനിക്ക് തന്നെ അപകീർത്തിപരമാണ്. എല്ലാ ബോധനവും ഏതെങ്കിലും അടിസ്ഥാന കരകൗശല വിദ്യയുമായി ബന്ധമുള്ളതാകണം എന്നു ഞാൻ പറഞ്ഞിട്ടുണ്ട് എന്നതു നേരാണ്. ഏഴോ പത്തോ വയസുള്ള ഒരു കുട്ടിക്ക് നിങ്ങൾ വ്യവസായവുമായി ബന്ധപ്പെട്ട വിജ്ഞാനമാണ് പകർന്നു നല്കുന്നത് എങ്കിൽ കരകൗശല വിദ്യയുമായി ബന്ധിപ്പിക്കാൻ സാധിക്കാത്ത എല്ലാ വിഷയങ്ങളും നിങ്ങൾ ഉപേക്ഷിക്കണം. ഇങ്ങനെ ചെയ്യുന്ന പക്ഷം നേരത്തെ നിങ്ങൾ ഉപേക്ഷിച്ച കരകൗശലവിദ്യയുമായി കൂടുതൽ കാര്യങ്ങളെ ബന്ധിപ്പിക്കാൻ നിങ്ങൾക്ക് ഓരോ ദിവസവും സാധിക്കും. അതുവഴി നിങ്ങൾ നിങ്ങളുടെയും കുട്ടികളുടെയും ഊർജ്ജം ഒരുപാട് ലാഭിക്കും. നമുക്ക് ഇപ്പോൾ നമ്മെ നയിക്കാൻ അധികം പാഠ പുസ്തകങ്ങൾ ഒന്നും ഇല്ല. അതിനാൽ നിങ്ങൾ വളരെ സാവധാനം നീങ്ങിയാൽ മതിയാവും. പ്രധാന കാര്യം അധ്യാപകൻ എപ്പോഴും മനസിൽ ഉന്മേഷം ഉള്ളയാളായിരിക്കണം എന്നതത്രെ. കരകൗശല വിദ്യയുമായി ബന്ധപ്പെടുത്താനാവാത്ത എന്തെങ്കിലും നിങ്ങൾക്കു മുന്നിൽ വന്നാൽ അതിനെകുറിച്ച് ആകുലപ്പെടേണ്ടതില്ല. അതുപേക്ഷിച്ച് കരകൗശലവിദ്യയുമായി ബന്ധപ്പെടുത്താൻ സാധിക്കുന്ന വിഷയവുമായി മുന്നോട്ട് പോകുക. ചിലപ്പോൾ നിങ്ങൾക്ക് സാധിക്കാത്ത കാര്യം മറ്റൊരു അധ്യാപകന് സാധിച്ചെന്നിരിക്കും. അങ്ങനെ ഒത്തിരി അനുഭവങ്ങൾ സഞ്ചയിക്കുമ്പോൾ നിങ്ങൾക്ക് പുസ്തകങ്ങൾ ഉണ്ടാകും

നിങ്ങളെ നയിക്കാൻ. അപ്പോൾ നിങ്ങൾക്കു പിന്നാലെ വരുന്നവരുടെ ജോലി വളരെ എളുപ്പ മുള്ളതാകും.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കേ ണ്ടതുണ്ട്. മസ്തിഷ്കത്തെ കൈകൾ കൊണ്ട് പരി ശീലിപ്പിക്കണം. ഞാൻ ഒരു കവിയായിരുന്നെങ്കിൽ കൈവിരലുകൾ കൊണ്ട് എനിക്ക് കവിതകൾ എഴു താമായിരുന്നു. മനസാണ് എല്ലാം എന്ന് എന്തു കൊണ്ടാണ് നിങ്ങൾ കരുതുന്നത്. കൈകളും കാലുകളും ഒന്നുമല്ലേ? കൈകളെ പരിശീലിപ്പി ക്കാത്തവർ സാധാരണ വിദ്യാഭ്യാസത്തിന്റെ പാത യിൽ കൂടി മാത്രം സഞ്ചരിക്കുന്നവരും ജീവിത ത്തിന്റെ സംഗീതം കണ്ടെത്താൻ കഴിയാത്തവരു മാകുന്നു. അവരുടെ എല്ലാ കഴിവുകളെയും അവർ പരിശീലിപ്പിക്കുന്നില്ല. പുസ്തകത്തിലെ അറിവു മാത്രമല്ല കുട്ടിക്ക് താല്പര്യം. അതുകൊണ്ടു മാത്രം അവന്റെ ശ്രദ്ധ പൂർണമായി നമുക്ക് പിടിച്ചെടു ക്കാനാവില്ല. വാക്കുകൾ മാത്രം കേട്ടിരിക്കുമ്പോൾ കുട്ടിയുടെ ശ്രദ്ധ പതറി പോകുന്നു. ചെയ്യാൻ പാടി ല്ലാത്ത പ്രവൃത്തികൾ അവന്റെ കരങ്ങൾ ചെയ്യു ന്നു. കാണാൻ പാടില്ലാത്ത കാര്യങ്ങൾ അവൻ കാണുന്നു. കേൾക്കാൻ പാടില്ലാത്ത കാര്യങ്ങൾ അവൻ കേൾക്കുന്നു. ശരിയായ കാര്യങ്ങൾ തെര ഞ്ഞെടുക്കാനല്ല അവൻ പരിശീലിപ്പിക്കപ്പെടുന്ന ത്. അവരുടെ വിദ്യാഭ്യാസം തന്നെ അവരെ നശി പ്പിക്കുന്നു. നന്മയും തിന്മയും തമ്മിൽ തിരിച്ചറി യാൻ സഹായിക്കാത്ത വിദ്യാഭ്യാസം കൊണ്ട് പിന്നെ എന്തു പ്രയോജനം.

**ചോദ്യം** – എങ്ങനെ കരങ്ങൾ കൊണ്ട് മനസിനെ പരിശീലിപ്പിക്കാം?

**ഗാന്ധിജി** – സാധാരണ എല്ലാ സ്കൂൾ പാഠ്യപദ്ധ തിയിലും ഏതെങ്കിലും കരകൗശല വിദ്യ ഉൾപ്പെ ടുത്തണം എന്നതായിരുന്നു പഴയ സങ്കല്പം. അതായത് കരകൗശല വിദ്യയെ വിദ്യാഭ്യാസ ത്തിൽ നിന്ന് മാറ്റി കൈകളിൽ എടുക്കണമെന്ന് സാരം. എനിക്കത് അത്ര ശരിയായി തോന്നുന്നി ല്ല. ആദ്യം അധ്യാപകർ തന്നെ ഏതെങ്കിലും കര കൗശല വിദ്യ അഭ്യസിക്കട്ടെ. പന്നീട് വേണം കുട്ടി കളെ പഠിപ്പിക്കാൻ.

നമുക്ക് നെയ്ത്ത് ഉദാഹരണമായി എടുക്കാം. എനിക്ക് കണക്ക് അറിയില്ലെങ്കിൽ തക്ലിയിൽ എത്ര അടി നൂൽ ഞാൻ ഉണ്ടാക്കി എന്ന് പറയാൻ എനിക്ക് സാധിക്കില്ല. അതിന് ഞാൻ കണക്ക് പഠി ച്ചിരിക്കണം. കണക്കിലെ ചിഹ്നങ്ങളുടെ ഉപയോ ഗവും ഞാൻ മനസിലാക്കിയിരിക്കണം. ഗുണി ക്കാനും ഹരിക്കാനും എനിക്ക് അറിവുണ്ടായിരി ക്കണം. എനിക്ക് ആൾജിബ്ര വശമുണ്ടാകണം.

അടുത്തത് ജ്യോമട്രിയാണ്. ഒരു വൃത്തത്തിന് തക്ലിയെക്കാൾ മനോഹരമായ ഏതു മാതൃകയാണ് ചൂണ്ടിക്കാണിക്കാനുള്ളത്. യൂക്ലിഡിന്റെ പേരു പോലും ഉച്ചരിക്കാതെ എനിക്ക് ഇത്തരത്തിൽ വൃത്തത്തെകുറിച്ച് എല്ലാം പഠിപ്പിക്കാൻ സാധി ക്കും.

വീണ്ടും നിങ്ങൾ ചോദിച്ചേക്കാം എങ്ങനെ കുട്ടി കളെ ഭൂമിശാസ്ത്രവും ചരിത്രവും നെയ്ത്തിലൂടെ പഠിപ്പിക്കാമെന്ന്. കുറച്ചു നാൾ മുമ്പ് ഞാൻ ഒരു പുസ്തകം കാണുകയുണ്ടായി. പരുത്തി – മനു ഷ്യരാശിയുടെ കഥ എന്നായിരുന്നു അതിന്റെ പേര്. അതെന്നെ ആവേശം കൊള്ളിച്ചു. അത് വായ്ച്ചപ്പോൾ ഒരു പ്രേമകഥ പോലെ എനിക്കു തോന്നി. പുരാതന കാലത്തിന്റെ ചരിതമാണ് അതിൽ വിവരിക്കുന്നത്. എവിടെ എപ്പോഴാണ് ആദ്യമായി പരുത്തി കൃഷി തുടങ്ങിയത്. അതിന്റെ വികസന ഘട്ടങ്ങൾ വിവിധ രാജ്യങ്ങൾ തമ്മി ലുണ്ടായിരുന്ന പരുത്തി വ്യാപാരം അങ്ങിനെ അങ്ങിനെ...ഈ വിവിധ രാജ്യങ്ങളെ കുറിച്ച് കുട്ടി കളോട് പറയുമ്പോൾ ഞാൻ സ്വാഭാവികമായും അവയുടെ ചരിത്രവും ഭൂമിശാസ്ത്രവും കൂടി അവരെ പറഞ്ഞു കേൾപ്പിക്കും. വിവിധ കാലങ്ങ ളിൽ ആ രാജ്യങ്ങൾ ഭരിച്ച രാജാക്കന്മാർ, അവിട ങ്ങളിൽ ഒപ്പു വയ്ക്കപ്പെട്ട വാണിജ്യ ഉടമ്പടികൾ എല്ലാം ഞാൻ കുട്ടികളോടു പറയും. അപ്പോൾ എന്തുകൊണ്ടാണ് ചില രാജ്യങ്ങൾ പരുത്തിയും മറ്റു രാജ്യങ്ങൾ തുണിയും ഇറക്കുമതി ചെയ്തത് എന്നും ഞാൻ വിവരിക്കും. എന്തുകൊണ്ടാണ് എല്ലാ രാജ്യങ്ങളും പരുത്തി കൃഷി ചെയ്യാത്തത്. ഈ സന്ദർഭത്തിൽ ഞാൻ കൃഷിയുടെ സാമ്പ ത്തിക ശാസ്ത്രം പറയും. കുട്ടികളെ വിവിധ ഇനം പരുത്തികളെ പരിചയപ്പെടുത്തും. ഏത് മണ്ണിലാണ്

അവ വളരുക എന്നു പഠിപ്പിക്കും. എങ്ങനെ പരുത്തി കൃഷി ചെയ്യാം എന്നു പറഞ്ഞുകൊടുക്കും. എവിടെ നിന്ന് അത് ലഭിക്കുമെന്ന് വിവരിക്കും. അങ്ങനെ തക്ലിയും നെയ്ത്തും വഴി ഞാൻ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചരിത്രത്തിലേയ്ക്കു വരും എന്തിനാണ് അവർ ഇവിടെ വന്നത് എന്ന് വിവരിക്കും. എങ്ങിനെയാണ് അവർ നമ്മുടെ നെയ്ത്ത് വ്യവസായം തകർത്തത് എന്ന് വിവരിക്കും. എന്ത് സാമ്പത്തിക ലക്ഷ്യമാണ് അവരെ ഇന്ത്യയിൽ നിലനിർത്തിയത്,എന്തായിരുന്നു അവരുടെ രാഷ്ട്രീയ താല്പര്യങ്ങൾ, ബ്രിട്ടീഷ് രാജ് സ്ഥാപിക്കാൻ എങ്ങിനെയാണ് അവർ മറാത്തികളെയും മുഗളരെയും കീഴ്പ്പെടുത്തിയത്, വീണ്ടും എങ്ങിനെയാണ് നമ്മുടെ ജനസമൂഹം ഉണർന്ന് എണീറ്റത് – ഇങ്ങനെ നോക്കിയാൽ ഈ പാഠ്യപദ്ധതിക്ക് അവസാനം ഇല്ല. എത്ര വേഗത്തിൽ കുട്ടികൾ ഇതെല്ലാം ഹൃദ്യസ്ഥമാക്കും. അവരുടെ മനസിൽ അനാവശ്യ കണക്കും നികുതിയും ഒന്നും വന്ന് കുത്തി നിറയുന്നുമില്ല.

ഞാൻ ഈ ആശയം ഒന്നുകൂടി വിശദമാക്കാം. ഒരു സസ്യ ശാസ്ത്രജ്ഞൻ, ഒരു മികച്ച സസ്യശാസ്ത്രജ്ഞനാകുന്നതിന് സസ്യശാസ്ത്രം കൂടാതെ നിരവധി മറ്റ് ശാസ്ത്രശാഖകളും അടിസ്ഥാനപരമായി പഠിക്കണം.തക്ലിയെക്കുറിച്ച് പറയാം. പഠിതാവായ ഒരു അധ്യാപകൻ തക്ലിയുടെ യാന്ത്രിക പ്രവർത്തനത്തെയാണ് പഠിക്കുന്നത് എന്നു കരുതുക. അയാൾ തക്ലിയുടെ വിവധ ഭാഗങ്ങളെ കുറിച്ച് പഠിക്കും. പിച്ചളയിൽ നിർമ്മിച്ചിട്ടുള്ള അതിന്റെ ചക്രത്തെ കുറിച്ചും അച്ചുതണ്ടിനെ കുറിച്ച് അയാൾ ചിന്തിക്കും. എന്തുകൊണ്ട് അത് പിച്ചള കൊണ്ട് നിർമ്മിച്ചു എന്നു ചിന്തിക്കും. അതിന് എന്തെങ്കിലും കാരണം ഉണ്ടാകുമെന്നു ചിന്തിക്കും, അത് എന്തെന്നു കണ്ടുപിടിക്കാൻ ശ്രമിക്കും. പിന്നീട് ആ ചക്രത്തിന് എത്ര വ്യാസം ഉണ്ടെന്നു ചിന്തിക്കും. ഇത്രയും കണ്ടെത്തികഴിയുമ്പോൾ അയാൾ അതിന്റെ കണക്കിലേയ്ക്കു കടക്കും. നിങ്ങളുടെ കുട്ടി അതോടെ നല്ല എൻജിനിയർ ആകും. അറിവിന് പരിധികൾ ഇല്ല എന്ന് മനസിലായല്ലോ. ഇവിടെ നിങ്ങൾ മൂന്ന് ആഴ്ച ചെലവഴിച്ചു. നിങ്ങൾ അത് ഉപകാരപ്രദമായി വിനിയോഗിച്ചു എന്ന് ഞാൻ കരുതുന്നു. ഈ പദ്ധതിയെ നിങ്ങൾ വളരെ ഗൗരവമായിട്ടാണ് കാണുന്നതെങ്കിൽ നിങ്ങൾ സ്വയം പറയും ഒന്നുകിൽ ഞാൻ ഇത് പ്രാവർത്തികമാക്കും അല്ലെങ്കിൽ മരിക്കും.

**ചോദ്യം** – അധ്യാപക പരിശീലന ഘട്ടത്തിൽ ഒരു കരകൗശല വിദ്യ ആദ്യം പഠിച്ചാൽ അതല്ലെ നല്ലത്. അവർ ഒരു ഏഴുവയസുള്ള കുട്ടിയായി സ്വയം സങ്കല്പിച്ച് ഒരു കരകൗശല വിദ്യ പഠിച്ച് ആ വിദ്യയിൽ പ്രാവീണ്യം സമ്പാദിച്ച് കാലക്രമേണ സമർത്ഥനായ ഒരു അധ്യാപകനായി മാറും. അതല്ലേ നല്ലത്?.

**ഗാന്ധിജി** – അല്ല. അതിന് അധിക കാലം വേണ്ട. നമുക്ക് ഒരു അധ്യാപകനെ കുറിച്ച് ചിന്തിക്കാം. എന്റെ അരികിൽ വരുമ്പോൾ അയാൾക്ക് കണക്കും ചരിത്രവും മറ്റ് വിഷയങ്ങളും വളരെ കുറച്ചു മാത്രമെ അറിയൂ. ഞാൻ അയാളെ കട്ടിക്കടലാസു പെട്ടി നിർമ്മിക്കാൻ പഠിപ്പിച്ചു. അല്ലെങ്കിൽ തുണി നെയ്യാൻ പരിശീലിപ്പിച്ചു. അയാൾ അതിൽ ആയിരിക്കെ ഞാൻ അയാളെ കണക്കും ചരിത്രവും ഭൂമിശാസ്ത്രവും ഈ കരകൗശലവേലയിലൂടെ തന്നെ പഠിപ്പിച്ചു. അപ്പോൾ കരകൗശലവേലയുമായി എങ്ങനെ തന്റെ അറിവിനെ ബന്ധിപ്പിക്കണം എന്ന് അദ്ദേഹം പഠിച്ചു. അതിന് അധിക കാലം വേണ്ടിവരുന്നില്ല. മറ്റൊരു ഉദാഹരണം പറഞ്ഞാൽ – ഞാൻ ഏഴു വയസുള്ള ഒരു കുട്ടിക്കൊപ്പം ബേസിക് സ്കൂളിൽ എത്തുന്നു. ഞങ്ങൾ ഇരുവരും നെയ്ത്തു പരിശീലിക്കുന്നു. ഞാൻ എന്റെ എല്ലാ അറിവുകളും നെയ്ത്തുമായി ബന്ധിപ്പിക്കുന്നു. എന്നാൽ കുട്ടിക്ക് എല്ലാം പുതിയ അറിവുകളാണ്. 70 വയസുള്ള പിതാവിന് ആകട്ടെ എല്ലാം ആവർത്തനവും. അതിനാൽ അയാൾക്ക് അതു പഠിക്കാൻ ഏതാനും ആഴ്ച്ചകൾ മാത്രം മതി. ഇതുപോലെ അധ്യാപകൻ ഒരു ഏഴു വയസുകാരന്റെ താല്പര്യവും ശ്രദ്ധയും വികസിപ്പിച്ചെടുത്താൽ അയാൾ ഒരു യാന്ത്രികനായ നെയ്ത്തുകാരൻ മാത്രമാകും.

**ചോദ്യം** – അടിസ്ഥാന വിദ്യാഭ്യാസ രീതി ഗ്രാമങ്ങളെ ഉദ്ദേശിച്ചുള്ളതാണല്ലോ. നഗരവാസികൾക്ക് ഇതിന് എന്തു മാർഗ്ഗം. അവർ പഴയ തറികളി

ലേയ്ക്ക് തന്നെ മടങ്ങണമോ?

**ഗാന്ധിജി** – ചോദ്യം വളരെ പ്രസക്തമാണ് എനിക്ക് ഇഷ്ടപ്പെട്ടു. പക്ഷെ ഇതിനുള്ള ഉത്തരം "ഹരിജന്റെ" കോളങ്ങളിലൂടെ ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. ഏഴു ലക്ഷം ഗ്രാമങ്ങളിലെ വിദ്യാഭ്യാസ പ്രശ്നം പരിഹരിക്കാൻ നമുക്ക് സാധിച്ചാൽ തത്ക്കാലത്തേയ്ക്ക് അത് ധാരാളം മതി. സംശയമില്ല വിദ്യാഭ്യാസ പണ്ഡിതർ നഗരങ്ങളെ കുറിച്ചും ചിന്തിക്കുന്നു. എന്നാൽ ഗ്രാമങ്ങളിലെ പ്രശ്നങ്ങൾക്കൊപ്പം നഗരങ്ങളുടെ പ്രശ്നങ്ങളും ഏറ്റെടുത്താൽ നാം വെറുതെ ഊർജ്ജം പാഴാക്കുകയാവും ചെയ്യുക.

**ചോദ്യം** – ഒരു ഗ്രാമത്തിൽ വിവിധ കരകൗശല വിദ്യകൾ പരിശീലിപ്പിക്കുന്ന മൂന്നു വ്യത്യസ്ത സ്കൂളുകൾ ഉണ്ട് എന്നു കരുതുക. ഇതിൽ ഏതു സ്കൂളിൽ വേണം കുട്ടിയെ അയക്കാൻ?

**ഗാന്ധിജി** – ഇത്തരം അതിക്രമങ്ങൾ ഉണ്ടാവില്ല. കാരണം നമ്മുടെ ഗ്രാമങ്ങളെല്ലാം ചെറുതാണ്. ഒരു സ്കൂളിൽ കൂടുതൽ ഒരു ഗ്രാമത്തിലും ഉണ്ടാവില്ല. ചിലപ്പോൾ വലിയ ഗ്രാമങ്ങളിൽ കണ്ടേക്കാം. എന്നാൽ അവിടെ എല്ലാ സ്കൂളിലും പരിശീലിപ്പിക്കുക ഒരേ വിദ്യ തന്നെയാകും. പക്ഷെ ഞാൻ ഒന്നിനും നിയമം വയ്ക്കുന്നില്ല. ഇവിടെയെല്ലാം അനുഭവങ്ങൾ നിങ്ങളെ നയിക്കട്ടെ. ഏതു തൊഴിൽ തെരഞ്ഞെടുത്താലും കുട്ടിയുടെ കഴിവുകൾ പൂർണമായും പ്രയോജനപ്പെടുത്തുന്നതാകണം അത് എന്നു മാത്രം. അത് ഗ്രാമീണ കരകൗശല വിദ്യയാകണം. അവന് പ്രയോജനപ്രദവും ആകണം.

**ചോദ്യം** – യഥാർത്ഥത്തിൽ ഒരു കുട്ടി പിന്നീട് മറ്റൊരു തൊഴിൽ തെരഞ്ഞെടുക്കുമെന്നിരിക്കെ എന്തിന് കരകൗശല വിദ്യ പഠിക്കാൻ ഏഴു വയസു വരെ കാത്തിരിക്കണം. ഒരു ബാങ്കറുടെ മകൻ എന്തായാലും കരകൗശല തൊഴിലാളി ആകില്ലല്ലോ.

**ഗാന്ധിജി** – ചോദ്യകർത്താവ് പുതിയ പാഠ്യ പദ്ധതിയെക്കുറിച്ച് തികച്ചും അജ്ഞനാണ്. അടിസ്ഥാന വിദ്യാഭ്യാസത്തിനായി സ്കൂളിൽ പോകുന്ന വിദ്യാർത്ഥി കരകൗശല വിദ്യ മാത്രം അഭ്യസിക്കാനല്ല പോകുന്നത്. ആ കുട്ടി പോകുന്നത് പ്രാഥമിക വിദ്യാഭ്യാസത്തിനാണ്. അപ്പോൾ അവന്റെ മനസിനെ കരകൗശല വിദ്യയിലൂടെ പരിശീലിപ്പിക്കുന്നു അത്രമാത്രം. ഈ പുതിയ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഏഴു വർഷം പരിശീലനം ലഭിച്ച വിദ്യാർത്ഥി, സാധാരണ സ്കൂളിൽ ഏഴു വർഷം പഠിച്ച് ബാങ്കർ ആകുന്ന വിദ്യാർത്ഥിയെക്കാൾ മികച്ച ബാങ്കർ ആയിത്തീരും എന്ന് ഞാൻ ഉറപ്പു പറയുന്നു. പ്രൈമറി തലം വരെ കരകൗശല മാധ്യമത്തിലൂടെ നല്കുന്ന പൂർണ വിദ്യാഭ്യാസമാണ് ഇത്.

**ചോദ്യം** – എന്തുകൊണ്ട് ഒരു സ്കൂളിൽ പല കരകൗശല വിദ്യകൾ പരിശീലിപ്പിച്ചു കൂടാ. ഒരു വിദ്യ തന്നെ പഠിച്ചു പരിശീലിച്ചും കുട്ടിക്ക് മുഷിപ്പു തോന്നുകയില്ലേ?

**ഗാന്ധിജി** – കുട്ടികളെ നെയ്ത്ത് പഠിപ്പിച്ച് മുഷിഞ്ഞ ഒരു അധ്യാപകനെ കാണുകയാണെങ്കിൽ ഞാൻ തീർച്ചയായും അയാളെ പിരിച്ചുവിടും. എല്ലാ പാഠങ്ങളിലും എപ്പോഴും പുതുമ കണ്ടെത്തണം. ഒരേ സംഗീത ഉപകരണത്തിൽ നിന്ന് എപ്പോഴും പുതിയ സംഗീതം ഉണ്ടാകുന്നപോലെ. ഒരു കുട്ടിയെ ഒരേ സമയം പല വിദ്യകൾ പഠിപ്പിക്കുന്നത് കുരങ്ങിന്റെ ശാഖാചംക്രമണം പോലെയാണ്. ഒരു കമ്പിൽ നിന്ന് മറ്റൊന്നിലേയ്ക്ക്. അതിൽ നിന്ന് അടുത്തതിലേയ്ക്ക്. സ്ഥിരതയില്ല. ഞാൻ പറഞ്ഞല്ലോ നെയ്ത്ത് പഠിക്കുന്നവർ കേവലം നെയ്ത്തു മാത്രമല്ല പരിശീലിക്കുന്നത്. അതിനുപരി മറ്റ് പലതും അയാൾ പരിശീലിക്കുന്നുണ്ട്. സ്വന്തം തക്ലി ഉണ്ടാക്കാൻ ഓരോ കുട്ടിയും പഠിക്കും. അതിനാൽ തുടക്കത്തിൽ ഞാൻ പറഞ്ഞ കാര്യങ്ങളിലേയ്ക്കു മടങ്ങുക. ശാസ്ത്രീയമായ ആവേശത്തോടെ ഒരു അധ്യാപകൻ കരകൗശല വിദ്യ അഭ്യസിപ്പിച്ചാൽ അദ്ദേഹത്തിന് വിവിധ മാധ്യമങ്ങളിലൂടെ കുട്ടികളോട് സംസാരിക്കാൻ സാധിക്കും. എല്ലാം അയാളുടെ ശേഷി വികസിപ്പിക്കുന്നതിന് അയാളെ സഹായിക്കുകയും ചെയ്യും.

**(പ്യാരേലാലിന്റെ വാർധ സ്കീം അണ്ടർ ഫയർ എന്ന പുസ്തകത്തിൽ നിന്ന്)**



# വൈദഗ്ധ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും

ഡോ. സ്വാതി മജൂംദാർ

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യയുടേത്. ജനസംഖ്യാപരമായും ഇന്ത്യയുടെ സ്ഥാനം മുൻപന്തിയിലാണ്. വികസന രംഗത്ത് ഇന്ത്യയെ മുൻനിരയിലെത്തിക്കുന്നതിന് വൈദഗ്ധ്യം നേടിയ തൊഴിലാളികൾ ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ യുവതലമുറയെ സാങ്കേതിക രംഗത്ത് വിദഗ്ദരാക്കുക എന്നത് അത്യന്താപേക്ഷിതമാണ്. മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യയിൽ വിദഗ്ദരായ തൊഴിലാളികളുടെ അഭാവം കാണുന്നുണ്ട്. ഉദാഹരണത്തിന് കൊറിയൻ തൊഴിലാളികളിൽ 93 ശതമാനവും സാങ്കേതിക വൈദഗ്ധ്യം നേടിയവരാണ്. എന്നാൽ ഇന്ത്യയിൽ വെറും പത്തുശതമാനം മാത്രമേ തൊഴിൽ വൈദഗ്ധ്യം നേടിയവരായുള്ളൂ. ഇന്ത്യാ ഗവൺമെന്റ് രാജ്യത്ത് തൊഴിൽ വൈദഗ്ധ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിനായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയും അതിനായി പ്രത്യേക വകുപ്പിനും 'ദേശീയ വൈദഗ്ധ്യ വികസന കോർപ്പറേഷൻ' (NSDC) പോലുള്ള ഏജൻസികൾക്കും രൂപം കൊടുത്തിട്ടുണ്ട്. പ്രധാനമന്ത്രി നടപ്പിലാക്കിയ മെയ്ക്ക് ഇൻ ഇന്ത്യ പരിപാടി നൈപുണ്യ വികസനത്തന് ഒരു പ്രേരകശക്തിയായി മാറിയിട്ടുണ്ട്. 2022-ൽ 150 മില്യൺ യുവാക്കളെ തൊഴിൽ രംഗത്ത് വൈദഗ്ധ്യം ഉള്ളവരാക്കാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നു. അതായത് അടുത്ത പത്ത് വർഷം കൊണ്ട് 45,000 യുവാക്കളെ തൊഴിൽ നിപുണരാക്കുക. ഇതിനായി വ്യവസായ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗവൺമെന്റ് എന്നീ മൂന്ന് തലത്തിലുള്ളവരും ഏകോപിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

ഇൻഡസ്ട്രികളുടെ ആവശ്യങ്ങൾക്കനുസരിച്ച് വൈദഗ്ധ്യമുള്ള തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ NSDC ക്ക് വലിയ പങ്കുണ്ട്. ഇതുമായി ബന്ധപ്പെട്ട് നാലു വർഷമായി നടത്തുന്ന ഗവേഷണത്തിന്റെ ഭാഗമായി ആയിരക്കണക്കിന് വിദ്യാർത്ഥികളെയും നൂറിൽപരം പരിശീലകരെയും അദ്ധ്യാപകരെയും ഇന്റർവ്യു ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലായ പ്രധാനപ്പെട്ട വസ്തുതകൾ താഴെ പറയുന്നു.

- തൊഴിലധിഷ്ഠിത കോഴ്സുകൾ ഹ്രസ്വകാല കോഴ്സുകളാണ് - ഡിപ്ലോമ കോഴ്സുകൾ, ഡിഗ്രി കോഴ്സുകൾ എന്നിവപോലെ നീണ്ട കാലാവധി വേണ്ടവയല്ല. അതുകൊണ്ടുതന്നെ രക്ഷിതാക്കൾ അവരുടെ കുട്ടികളെ തൊഴിലധിഷ്ഠിത കോഴ്സുകളിൽ ചേർക്കുന്നില്ല. വിദഗ്ദ്ധരായ തൊഴിലാളികളുടെ ആവശ്യമുണ്ടെങ്കിൽ പോലും പല മേഖലകളിലും തൊഴിലാളികളെ ലഭിക്കാതിരിക്കുന്നതിനുള്ള ഒരു കാരണം ഇതാണ്.

- സാമൂഹികമായ സ്വീകാര്യത - മറ്റു കോഴ്സുകളെ അപേക്ഷിച്ച് വൊക്കേഷണൽ കോഴ്സുകൾക്ക് സ്വീകാര്യത കുറവാണ്. വൊക്കേഷണൽ കോഴ്സുകളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് അതേ വിഷയത്തിൽ ബിരുദ പഠനത്തിനുള്ള അവസരങ്ങൾ വളരെ കുറവാണ്. അതുകൊണ്ടുതന്നെ പഠിതാക്കൾ നിരാശരാകുകയും പഠനം ഉപേക്ഷിക്കുകയും ചെയ്യുന്നു.

- മെച്ചപ്പെട്ട സാങ്കേതികവിദ്യയുടെ അഭാവവും കോഴ്സുകളുടെ നിലവാരമില്ലായ്മയും: മിക്ക സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഗുണനിലവാരമില്ലായ്മയും ഉണ്ട്. അതിനാൽ തൊഴിൽ മേഖലയ്ക്ക് ആവശ്യമായതും ട്രെയിനിംഗ് സ്ഥാപനങ്ങളിൽ നൽകിവരുന്നതും ആയ മെഷിനറികൾ തികച്ചും വ്യത്യസ്തമാകുന്നു.

- അവിദഗ്ദരായ അദ്ധ്യാപകർ: വൊക്കേഷണൽ ട്രെയിനിംഗ് രംഗത്തുള്ള അദ്ധ്യാപകരിൽ പലരും വേണ്ടത്ര വൈദഗ്ദ്ധ്യം നേടിയവരല്ലാത്തതിനാൽ പഠന നിലവാരം കുറവാണ്. അത്തരം സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികൾക്ക് ജോലി സാധ്യത കുറയുന്നു.

- വ്യവസായശാലകളിൽ നിന്നുള്ള പ്രോത്സാഹനത്തിന്റ കുറവ്: ചെറുകിട-ഇടത്തരം വ്യവസായ ശാലകൾ പൊതുവേ വൊക്കേഷണൽ സർട്ടിഫിക്കറ്റുകൾക്ക് പ്രാധാന്യം നൽകാറില്ല- അതുപോലെ ട്രെയിനിംഗ്, ചെലവു കൂട്ടുമെന്നതിനാൽ അതും ഒഴിവാക്കപ്പെടുന്നു. ട്രെയിനിംഗ് ഇല്ലാത്തതോ ഭാഗികമായി ട്രെയിനിംഗ് ലഭിച്ചതോ ആയ ഉദ്യോഗാർത്ഥികളെ കുറഞ്ഞ ശമ്പളനിരക്കിൽ ലഭിക്കുന്നമെന്നതിനാൽ മിക്ക ചെറുകിട വ്യവസായ സംരംഭകരും ട്രെയിനിംഗ് ഉള്ള ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നു.

- ക്രമവൽക്കരണത്തിന്റെ അഭാവം - അടിസ്ഥാന മാതൃകയില്ലാത്ത പല സ്ഥാപനങ്ങളും പരിശീലന ക്ലാസ്സുകൾ വാഗ്ദാനം ചെയ്യുന്നത് വിദ്യാർത്ഥികളിൽ ആശയ കുഴപ്പം ഉണ്ടാക്കുന്നു. ഇതിനായി രൂപവത്ക്കരിക്കപ്പെട്ട മിക്ക പദ്ധതികളും ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നവയല്ല. മാത്രമല്ല, ഈ സെക്ടറിൽ ഉള്ള പ്രശ്നങ്ങൾക്ക് ഒരു ഉത്തമ പരിഹാരം ഇതുവരെ ഉണ്ടായിട്ടുമില്ല.

**പരിഹാര മാർഗ്ഗങ്ങൾ:**

- സർട്ടിഫിക്കറ്റ് കോഴ്സുകൾ ഡിപ്ലോമ, ഡിഗ്രി കോഴ്സുകളായി ഉയർത്തുക സ്കൂൾ തലം മുതൽ ബിരുദാനന്തര തലം വരെ ഇതിനുള്ള അവസരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. നൂതന സാങ്കേതിക വിദ്യകൾ പ്രദാനം ചെയ്യുന്ന ഡിഗ്രി കോഴ്സുകൾ ഉള്ള സ്കിൽ ഡവലപ്മെന്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുക. ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരാണ് മിക്ക വിദ്യാർത്ഥികളും എന്നതിനാൽ ഇത്തരം യൂണിവേഴ്സിറ്റികൾ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാൻ സാഹചര്യമുണ്ടാക്കും.

- വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് +2 തലത്തിലും ബിരുദ തലത്തിലേക്കും പഠന സൗകര്യങ്ങൾ ഉണ്ടാക്കുക.

- വ്യവസായാധിഷ്ഠിത കോഴ്സുകൾ വൊക്കേഷണൽ പരിശീലനത്തിന്റെ ഭാഗമാക്കുക. പരിശീലന ഘട്ടത്തിൽ മികച്ച മെഷിനറികൾ ലഭ്യമാക്കുകയും ഇൻഡസ്ട്രിയിൽ നിന്നുള്ള പരിശീലകരെ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

- തൊഴിൽ സ്ഥാപനങ്ങൾ യഥാർത്ഥ ചിട്ട പ്രകാരമുള്ള വൊക്കേഷണൽ പരിശീലനത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും മികച്ച കരിയർ സമ്പ്രദായത്തിന് ഊന്നൽ നൽകുകയും വേണം.

- വൊക്കേഷണൽ കോഴ്സുകൾക്ക് ഏകീകൃത പഠനരീതിയും സിലബസും ഉണ്ടാക്കുക.

- വൊക്കേഷണൽ ട്രെയിനിംഗ് രംഗത്തുള്ള അധ്യാപകർക്കും പരിശീലകർക്കും അധ്യാപന ശാസ്ത്രം മനസ്സിലാക്കാനുതകുന്ന പരിശീലനം നൽകുക.

മേൽപറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാകുന്നതോടെ കൂടുതൽ രക്ഷിതാക്കൾ മക്കളെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകളിൽ പഠിപ്പിക്കുവാൻ തയ്യാറാകും. പഠിച്ചിറങ്ങുന്നവർക്ക് സമൂഹത്തിൽ അർഹമായ സ്ഥാനമുണ്ടാകുമെന്നും ഉറപ്പാണ്. വ്യവസായ സംരംഭകർക്ക് വൈദഗ്ദ്യമുള്ള തൊഴിലാളികളെ ലഭിക്കാനും ഇത് അവസരമൊരുക്കും.

ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനു നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായം പ്രവൃത്ത്യാധിഷ്ഠിതമാക്കേണ്ടതുണ്ട്. ആധുനിക വ്യവസായ രംഗത്തിനുതകുന്ന രീതിയിൽ വൈദഗ്ധ്യം നേടുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. പാഠ്യ പദ്ധതിയിൽ വ്യവസായാധിഷ്ഠിതമായ പരിശീലനം ഉൾപ്പെടുത്തുകയും കൃത്യമായ വിലയിരുത്തലിലൂടെ വിദ്യാർത്ഥികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും അവർക്ക് ബിരുദം നേടാനുള്ള അവസരമൊരുക്കുകയുമാണ് വേണ്ടത്.

**(സിമ്പയോസിസ് ഫൗണ്ടേഷൻ വൈസ് പ്രസിഡന്റാണ് ലേഖിക)**


## അറിവാണ് ശക്തി

# യോജന




വായിക്കുക...
വരിക്കാരാവുക





# നൈപുണ്യ ഭാരതം: സ്ത്രീശാക്തീകരണത്തിന്റെ പ്രസക്തി

ദേവ് നാഥൻ

**ഡിസംബർ 2012ലെ ബലാത്സംഗ കൊലപാതകം നടന്ന സമയത്ത് ഡൽഹിയിലും സമീപത്തുമുള്ള ഗതാഗതസൗകര്യമുള്ള കാൾസെന്ററുകളിൽപോലും സ്ത്രീകളുടെ ഹാജർ നിലയിൽ ഗണ്യമായ കുറവുണ്ടായെന്ന് ASSOCHAM റിപ്പോർട്ടുചെയ്തു. പൊതു ഇടങ്ങളിലെ സുരക്ഷതത്വമില്ലായ്മ സ്ത്രീ തൊഴിലാളികളെ ജോലിയിൽ നിന്ന് പിന്നാക്കം വലിക്കുന്ന ഒരു പ്രധാന ഘടകമായി കണക്കാക്കേണ്ടതുണ്ട്.**

ഇന്ത്യയുടെ നൈപുണ്യ വികസനം വേണ്ട രീതിയിൽ പുരോഗമിക്കുയാണെങ്കിലും അവയിലെ സ്ത്രീ പങ്കാളിത്തം പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ല. സ്ത്രീകളുടെ നൈപുണ്യ ശേഷി വികസനം പരിഗണിക്കുമ്പോൾ അവയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങൾ കൂടി പരിഗണിക്കേണ്ടത് അനിവാര്യമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ സ്ത്രീകളുടെ നൈപുണ്യശേഷി വികസനത്തിന് അനുഗുണമായ ഘടകങ്ങൾ ത്വരിതപ്പെടുത്തേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കനുസൃതമായി നൈപുണ്യ വികസന ശേഷി കൈവരിച്ച സ്തീകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ട കാര്യം പരിഗണിക്കുമ്പോൾ രണ്ട് പ്രധാന ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. നൈപുണ്യ വികസന പരിശീലനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന്

സ്ത്രീകളെ പുറകോട്ട് വലിക്കുന്ന ഘടകങ്ങൾ, നൈപുണ്യ ശേഷിയുള്ള സ്ത്രീകളുടെ തൊഴിൽ സാധ്യതകളെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ എന്നിവയാണ് അവ.



എന്തുകൊണ്ടാണ് ഐ.ടി.ഐ കളിൽ പരിശീലനം നേടാൻ യുവതികൾ മുന്നോട്ടു വരാത്തത്? എന്നാൽ കമ്പ്യൂട്ടർ (ഐ.ടി) പരിശീലനം നേടുന്നതിന് കൂടുതൽ പെൺകുട്ടികൾ മുന്നോട്ടു വരുന്നതെന്തുകൊണ്ടാണ്? പരിശീലനത്തിനു ചെലവാകുന്ന തുക കണക്കാക്കുമ്പോൾ ഒരു ജോലി നോടാൻ കഴിയുമെന്ന് ഉറപ്പുള്ളവയ്ക്ക് പണം ചെലവഴിക്കുന്നതാണല്ലോ അഭികാമ്യം എന്ന സാമാന്യ ധാരണ തന്നെയവാം മേൽപ്പറഞ്ഞ പ്രവണതയ്ക്ക് കാരണം. ആ രീതിയിൽ പഠനം തെരഞ്ഞെടുക്കുമ്പോൾ പഠിച്ച വിഷയത്തിൽത്തന്നെയുള്ള ജോലിയോ, അനുബന്ധ തൊഴിലുകളോ നേടാൻ യുവതികൾ പ്രാപ്തരാകുന്നു.

ഉത്പാദനമേഖലയിലും ഐ.ടി മേഖലയിലും പണിയെടുക്കുന്ന സ്ത്രീകൾ തമ്മിൽ ചില വ്യത്യാസങ്ങൾ ഇക്കാര്യത്തിൽ ദർശിക്കാവുന്നതാണ്. സ്ത്രീകൾക്ക് തങ്ങളുടെ ജോലിയിൽ പ്രസവാനന്തരം തുടരണമെങ്കിൽ കുഞ്ഞുങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ നിലവിൽ ശിശുസംരക്ഷണം നൽകുന്ന സംവിധാനങ്ങൾ നമ്മുടെ സമൂഹത്തിൽ ഇല്ലെന്നുതന്നെ പറയാം. അതോടൊപ്പം പുരുഷകേന്ദ്രീകൃത സമൂഹം ശിശു പരിപാലനം സ്ത്രീകളുടെ മാത്രം ഉത്തരവാദിത്തമാണെന്ന കടുത്ത സമീപനം അനുശാസിക്കുന്നതിലൂടെ ശിശുപരിപാലനം സ്ത്രീയുടെ മാത്രം ബാധ്യതയായി മാറുന്നു.

ഐ.ടി, നിയമം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ജോലിചെയ്യുന്ന പ്രൊഫഷണലുകളായ സ്ത്രീകളുടെ വരുമാനം തങ്ങളുടെ കുട്ടികളുടെ പരിരക്ഷാ ചെലവുകൾ വഹിക്കാൻ പര്യാപ്തമാണ്. ഇതു കൂടാതെ ഐ.ടി മേഖലയിൽ പരിശീലനം സിദ്ധിച്ച സ്ത്രീകളുടെ സേവനം നിലനിർത്തുന്നതിന്, ജോലിസമയത്തിൽ അയവു വരുത്തുകയോ അല്ലെങ്കിൽ വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ചെയ്യാവുന്ന രീതിയിൽ ജോലി ക്രമീകരിക്കുക്കയോ ചെയ്യുന്നു. അതുകൊണ്ടു തന്നെ ഈ മേഖലയിലെ സ്ത്രീ പ്രൊഫഷണലുകൾക്ക് പ്രസവവും ശിശുപരിപാലനവും ജോലി ത്യജിക്കുന്നതിനുള്ള കാരണങ്ങളാകുന്നില്ല.

എന്നാൽ ഉത്പാദനമേഖലയിലാകട്ടെ വനിതാ ജീനവക്കാരുടെ ശമ്പളം തങ്ങളുടെ കുട്ടികളുടെ ശൈശവകാല പരിരക്ഷാ ചെലവുകൾ വഹിക്കുവാനുതകുന്നതല്ല. കൂടാതെ വളരെ കുറഞ്ഞ എണ്ണം ഫാക്ടറികളിൽ മാത്രമാണ് ക്രഷ് സംവിധാനം നിലവിലുള്ളത്. ഇതിന്റെ ഫലമായി വസ്ത്രവ്യാപാര മേഖലയിൽ തയ്യൽ ജോലിയിലേർപ്പെടുന്ന സ്ത്രീകളായാലും ഇല്ക്ട്രോണിക്സ് മേഖലയിൽ അസംബ്ലിങ് ജോലിയിലേർപ്പെടുന്ന സ്ത്രീകളായാലും പ്രസവത്തോടമുബന്ധിച്ച് ജോലി ഉപേക്ഷിക്കേണ്ടതായി വരുന്നു. തുടർന്ന് അവരിൽ ചിലരെങ്കിലും കുറഞ്ഞ വേതനത്തിൽ വീട്ടിൽ ഇരുന്നുകൊണ്ടു ചെയ്യാവുന്ന പാർട്ട് ടൈം ജോലികൾ തെരഞ്ഞെടുത്തേക്കാം. തങ്ങളുടെ സമയക്രമത്തിനു വഴങ്ങുന്ന കുറഞ്ഞവേതന ജോലികളിലേർപ്പെട്ടുകൊണ്ട് ശിശുപരിപാലവും നടത്തുന്നു.

നല്ല വേതനമുള്ള പ്രൊഫഷണൽ ജോലികളെ അപേക്ഷിച്ച് ഉത്പ്പാദനമേഖലയിൽ നൈപുണ്യ ശേഷി ആവശ്യമായ ജോലികൾ ഏറ്റെടുക്കുന്ന

തിൽ നിന്നും സ്ത്രീകളെ പിൻതിരിപ്പിക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ശിശുപരിപാലന സൗകര്യങ്ങൾ ഫാക്ടറികളിലോ പൊതുരംഗത്തോ ലഭ്യമല്ല എന്നതാണ്.

വീട്ടിൽ നിന്ന് അകലെ പോയി ജോലി ചെയ്യേണ്ടി വരുന്ന ഉത്പാദനം ഉൾപ്പടെയുള്ള തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്ക് വിലയിരുത്തുമ്പോൾ കുടുംബത്തിലും ശിശുപരിപാലനത്തിനുമുള്ള സ്ത്രീകളുടെ ഉത്തരവാദിത്തങ്ങൾ പലപ്പോഴും വിഘാതമായി നിൽക്കുന്നു എന്ന വസ്തുത ചർച്ച ചെയ്യപ്പെടാറില്ല.

**തൊഴിൽ ദാതാക്കളുടെ നിലപാട്**

നൈപുണ്യ ശേഷിയുള്ള സ്ത്രീകൾ ഉണ്ടെന്നിരിക്കെ എന്തുകൊണ്ടാണ് തൊഴിലുടമകൾ അവർക്ക് ജോലി നൽകാത്തത്? പ്രസവം, ശിശു പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ നിലവിൽ തൊഴിലുടമകളാണ് വഹിക്കുന്നത്. ഈ അധിക ചെലവുകൾ പരിഗണിക്കുമ്പോൾ തൊഴിൽ ദാതാക്കൾ പുരുഷൻമാർക്ക് ജോലി നൽകുവാനാണ് പരമാവധി ശ്രമിക്കുന്നത്.

പ്രസവവും ശിശുസംരക്ഷണവുമായി ബന്ധപ്പെട്ട ചെലവുകൾ അവശ്യം വഹിക്കേണ്ടവയാണെന്നിരിക്കെ പരിചയ സമ്പന്നരായ സ്ത്രീ തൊഴിലാളികളുടെ ജോലിക്ക് തടസ്സം വരാത്ത രീതിയിൽ അവ കണ്ടെത്തേണ്ടതല്ലേ? പ്രസവാനുകൂല്യങ്ങൾക്കായി വേണ്ടി വരുന്ന അധിക ചെലവ് തൊഴിലുടമയുടെയും സ്ഥാപനത്തിന്റെയും ഉത്തരവാദിത്തത്തിൽ നിന്ന് മാറ്റിക്കൊണ്ട് ഒരു രീതിയിൽ ഇതിനു പരിഹാരം കാണാവുന്നതാണ്. മറ്റൊരു സാധ്യമായ മാർഗ്ഗം പ്രസവാനുകൂല്യ ചെലവുകൾ സർക്കാർ നികുതിയിൽ നിന്ന് വഹിക്കുക എന്നതാണ്. പ്രസവവും ശിശു പരിപാലനവുമായി ബന്ധപ്പെട്ട ചെലവുകൾ കണ്ടെത്തേണ്ടത് തൊഴിലുടമയിൽ നിന്ന് മാത്രമല്ല മറിച്ചു മൊത്തം സമൂഹത്തിലെയും നികുതിദായകരിൽ നിന്നുമാണ്.

എന്നാൽ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന്റെ പേരിൽ തൊഴിലുടമകൾക്ക് സബ്സിഡി നൽകുന്നതിനെ ന്യായീകരിക്കാനാവില്ലെന്ന് പരോക്ഷ നികുതി ദായകർക്ക് വാദിക്കാവുന്നതാണ്. ഇതൊഴുവാക്കുന്നതിനുവേണ്ടി അതാത് വ്യവസായമേഖലയിലെ തൊഴിലുടമയ്ക്ക് മേൽ സെസ്, ലെവി എന്നിവ ചുമത്താവുന്നതാണ്. സെസ് ചുമത്തുന്നതിലൂടെ ഈ അധിക തുക മൊത്തം തൊഴിലുടമകളുടെയോ അല്ലെങ്കിൽ അതാതു വ്യവസായ മേഖലയിലെ മൊത്തം തൊഴിലുടമകളുടേയോ ഉത്തരവാദിത്തമായി മാറുന്നു. വ്യാവസായിക ലാഭത്തിന്റെ 2% ഈ മേഖലയിൽ ചെലവഴിക്കണമെന്ന് നിയമം മൂലം നിഷ്കർഷിച്ചതുപോലെ തന്നെ ഇത്തരം സെസ്സും ഏർപ്പെടുത്താവുന്നതാണ്. സെസ്, ലെവി എന്നിവ ചുമത്തുന്നതിന്റെ പ്രധാന ഉദ്ദേശ്യം സ്ത്രീ തൊഴിലാളികൾക്ക് പ്രസവ-പ്രസവാനന്തര ആനുകൂല്യങ്ങൾക്കായി വേണ്ടിവരുന്ന തുകയുടെ അധിക ഭാരം പരിഗണിച്ചുകൊണ്ട് സ്ത്രീകൾക്ക് തൊഴിൽ നൽകാതിരിക്കുന്ന പ്രവണതകൾക്ക് അറുതി വരുത്തുക എന്നതാണ്.



ഉത്പാദനമേഖലയിൽ സ്ത്രീകളുടെ തൊഴിൽ സാധ്യത നശിപ്പിക്കുന്ന മൂന്നാമതൊരു ഘടകം കൂടിയുണ്ട്. നല്ല ഡിമാന്റുള്ള ഉത്പ്പന്നങ്ങൾ ഇടതടവില്ലാതെ

കാര്യക്ഷമമായി ഉത്പാദിപ്പിക്കുന്നതിന് പല ഫാക്ട റികളിലും രാത്രി ഷിഫ്റ്റ് ഉൾപ്പെടുന്ന മൂന്നു ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു. രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് പൊതു ഇടങ്ങളിൽ യാത്ര സുരക്ഷിതമല്ല എന്ന ദുഃഖകര മായ അവസ്ഥ ഇന്ത്യയിലുണ്ട്. 2012 ഡിസംബറിൽ നടന്ന ഫാർമസിസ്റ്റ് ട്രെയിനിയായി ജോലിനോക്കി യിരുന്ന യുവതിയുടെ ദാരുണമായ ബലാത്സംഗ കൊലപാതകം തലസ്ഥാന നഗരിയായ ഡൽഹി യിൽപോലും സ്ത്രീകൾക്ക് പൊതു ഇടങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിലുള്ള വീഴ്ചകൾക്ക് ഉദാ ഹരണങ്ങളാണ്. ജോലിസ്ഥലത്തേക്കും തിരിച്ചും പോകുന്നതിന് ഗതാഗത സൗകര്യങ്ങൾ ഒരുക്കി ക്കൊണ്ട് കാൾ സെന്ററുകളും ഐ.ടി ഓഫീസു കളും ഒരു പരിധിവരെ ഈ പ്രശ്നത്തിന് പരി ഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം സൗകര്യങ്ങൾ കുറഞ്ഞ ലാഭമുണ്ടാ ക്കുന്ന ഉത്പാദന യൂണിറ്റുകൾക്ക് വഹിക്കാനാവു ന്നതല്ല.

ഡിസംബർ 2012ലെ ബലാത്സംഗ കൊലപാതകം നടന്ന സമയത്ത് ഡൽഹിയിലും സമീപത്തുമുള്ള ഗതാഗതസൗകര്യമുള്ള കാൾസെന്ററുകളിൽ പോലും സ്ത്രീകളുടെ ഹാജർ നിലയിൽ ഗണ്യ മായ കുറവുണ്ടായെന്ന് ASSOCHAM റിപ്പോർട്ടുചെ യ്തു. പൊതു ഇടങ്ങളിലെ സുരക്ഷതത്വമില്ലായ്മ സ്ത്രീ തൊഴിലാളികളെ ജോലിയിൽ നിന്ന് പിന്നാക്കം വലിക്കുന്ന ഒരു പ്രധാന ഘടകമായി കണക്കാക്കേണ്ടതുണ്ട്.

പ്രസാവാനുകൂല്യ ചെലവുകൾ സ്ത്രീകളെ ജോലി ക്കെടുക്കുന്ന തൊഴിലുടമയുടെ മാത്രം ബാധ്യത യാക്കി മാറ്റാതെ, സ്ത്രീകൾ പണിയെടുക്കു ന്നുണ്ടോ ഇല്ലയോ എന്ന് പരിഗണിക്കാതെ വ്യവ സായ മേഖലയിലെ മൊത്തം തൊഴിൽ ദാതാക്ക ളുടെ ഉത്തരവാദിത്തമായി മാറ്റാം എന്നിരിക്കെ മറ്റേണിറ്റി ലീവ് നിയമങ്ങളും ക്രഷ് സംവിധാനവും സ്ത്രീകൾക്ക് ജോലി നൽകുന്നതിന് വിഘാതമായ കാരണങ്ങളാണെന്ന വാദം വിശ്വസനീയമായി തോന്നുന്നില്ല എന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കു ന്നു. സ്ത്രീകളുടെ ജോലിസാധ്യകളെയും തുടർച്ച യെയും പ്രതിലോമകരമായി ബാധിക്കുന്നു എന്ന പരാതികൾക്കു ശേഷവും അത്തരം സാമ്പത്തിക തുല്യവത്കരണം നടപ്പിലാക്കുന്നില്ല എങ്കിൽ വ്യവ സായ രംഗത്തു സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്നതിന് വെളിപ്പെടുത്താനാവാത്ത അനഭികാമ്യമായ പല സാഹചര്യങ്ങളും നിലനിൽക്കുന്നു എന്ന് പറയേ ണ്ടിവരുമെന്നും അവ അഭിപ്രായപ്പെടുന്നു. ഡിസം ബർ 2012ൽ ഡൽഹിയിൽ നടന്ന ബലാത്സംഗകൊ ലപാതകത്തിനു ശേഷം രാത്രികാലങ്ങളിൽ സ്ത്രീകൾ പൊതു ഇടങ്ങളിൽ ഉണ്ടാവാൻ പാടി ല്ലെന്ന വാദം പലരും മുന്നോട്ടു വയ്ക്കുകയാണ്ടാ യി. പൊതു ഇടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനുപകരം സ്ത്രീകൾ രാത്രികാലങ്ങ ളിൽ വീടുവിട്ടു പുറത്തുപോകരുതെന്ന് ആവശ്യ പെടുകയാണ് അത്തരക്കാർ ചെയ്തത്. ഇത് നൈപുണ്യശേഷി ആവശ്യമുള്ള ജോലികളിൽ നിന്നും പ്രൊഫഷണൽ ജോലികളിൽ നിന്നും സ്ത്രീകളെ അകറ്റി നിർത്തുന്ന സാഹചര്യമാണ് സൃഷ്ടിക്കുക.

സ്ത്രീകളുടെ നൈപുണ്യ വികസനം പ്രോത്സാ ഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന മൂന്നു ഘടക ങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

- സമൂഹത്തിൽ ശിശുപരിപാലനത്തിന് സഹാ യകമാകുന്ന സംവിധാനങ്ങളുടെ അപര്യാ പ്തത പ്രസവാനന്തരവും തൊഴിൽ മേഖല യുടെ ഭാഗമാകുന്നതിന് സ്ത്രീകൾക്ക് തടസ്സ മായി നിലനിൽക്കുന്നു
- സ്ത്രീകൾക്ക് ജോലി നൽകുമ്പോൾ അവരുടെ പ്രത്യേക ആനുകൂല്യങ്ങൾക്കായി വരുന്ന ചെലവ് തൊഴിലുടമയുടെ മാത്രം ബാധ്യത യായി മാറുന്ന സാഹചര്യം.
- പൊതുഇടങ്ങളിൽ പ്രത്യേകിച്ച് രാത്രികാലങ്ങ ളിൽ സ്ത്രീകൾക്ക് സുരക്ഷിതത്വമില്ലാത്ത അവസ്ഥ.

**(ന്യൂഡൽഹി ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹ്യൂമൻ ഡവലപ്മെന്റിൽ വിസിറ്റിങ് പ്രൊഫസറാണ് ലേഖകൻ)**



# രാഷ്ട്ര പുരോഗതിക്ക് നൈപുണ്യ വികസനം

എസ്. എസ്. മന്ത

**ബൃ**ഹത്തായ ഒരു അനൗപചാരിക ഉൽപാദനമേഖലയാണ് ഇന്ത്യയുടേത്. ഇത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരേ സമയം അനുഗ്രഹവും ശാപവും ആകുന്നു. വൻ തോതിൽ അസമത്വം നിലവിലുള്ള നമ്മുടെ രാജ്യത്ത്, അനൗപചാരികമേഖല അതിന്റെ രചനാത്മകതയിലൂടെ ഉപഭോഗ സമൂഹത്തിന്റെ ചോദനകൾ പൂർത്തീകരിക്കുന്നു എന്നത് അനുഗ്രഹം തന്നെയാണ്. എന്നാൽ ഇത് ഔപചാരിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ് ദോഷവശം. ജനങ്ങൾക്ക് തൃപ്തികരമായ വിധത്തിൽ, അല്ലെങ്കിൽ ഭാഗികമായി എങ്കിലും, തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ നമുക്ക് കെല്പുണ്ടോ എന്നത് ഒരു പ്രധാന ചോദ്യമാണ്.

നമ്മുടെ സംവിധാനത്തിൽ കടന്നുകയറിയിട്ടുള്ള പൊരുത്തക്കേടുകളെ അപഗ്രഥിച്ച്, വിദ്യാഭ്യാസത്തിലൂടെ അവയെ ദുരീകരിക്കുന്നതിലേക്കുള്ള പരിശ്രമങ്ങൾ വിദ്യാഭ്യാസ വിചക്ഷണരിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. ഇപ്പോഴത്തെ നിലയിലെ സങ്കുചിതവും അലംഭാവപൂർണ്ണവുമായ സ്കൂൾ - ഉന്നത വിദ്യാഭ്യാസ രീതികൾ ഇങ്ങനെ തന്നെ

തുടരണമോ, അതോ കൂടുതൽ ഭാവനാത്മകമായും രാജ്യത്തെ എല്ലാ നിവാസികൾക്കും വൻപ്രതീക്ഷ കളും അവസരങ്ങളും നൽകാൻ കരുത്തുള്ള പുത്തൻ പാതകൾ തേടേണ്ടതുണ്ടോ എന്നതാണ് നമുക്ക് മുൻപിലുള്ള ചോദ്യം.

വിദ്യാഭ്യാസത്തെ സംബന്ധിച്ച ധാരണകൾ പൊളി ച്ചെഴുതുന്നതിനും, അതിനെ തൊഴിലവസങ്ങളും തൊഴിൽ യോഗ്യതയുമായി ബന്ധപ്പെടുത്തി മുന്നോട്ട് പോകുന്നതിനും ഉള്ള സമയം സമാഗ തമായിരിക്കുന്നു. നമ്മുടെ ജനസംഖ്യയുടെ 50 ശത മാനത്തിലേറെ യുവജനതയാണ്. പുതിയ ദശകം അവരുടേതാണ്, അവരുടെ ആന്തരിക പ്രേരണയും അഭിലാഷങ്ങളുമാണ് ഇനി രാജ്യത്തിന്റെ ചാലക ശക്തി എന്ന വസ്തുത മനസ്സിലാക്കി, മനഃസാന്നി ധ്യത്തോടെയും സമാധാന ബുദ്ധിയോടെയും വിദ്യാഭ്യാസ മേഖലയെ വികസിപ്പിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അഭാവം രോഗാവസ്ഥയാണ്. ഇത് വ്യാപിക്കുക യാണ്. ഇന്നത്തെ സംവിധാനങ്ങൾക്ക് ഇതിനെ അതിജീവിക്കാൻ സാധിക്കണം. വിദ്യാഭ്യാസം സ്വതന്ത്രമായി ജീവിക്കാൻ നമ്മെ പ്രാപ്ത രാക്കുന്നു. എന്നാൽ തൊഴിൽപരമായ നിപുണത യിലൂടെ മാത്രമെ ഉപജീവനമാർഗ്ഗം ലഭിക്കുകയു ള്ളൂ.

വ്യത്യസ്ത തലങ്ങളിൽ നിലവിലുള്ള തൊഴിലവ സരങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നതിലൂടെ തൊഴിൽ വിപണിയെ സംബന്ധിച്ച പൂർണ്ണരൂപം അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും കഴിയും. ഇത് സമ്പദ് വ്യവസ്ഥയുടെ ഉന്നമനത്തിനും, ദേശീയ വരുമാനത്തിന്റെ വളർച്ചയ്ക്കും സർവ്വോ പരി തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്ന തിനും സഹായകരമായിരിക്കും.

രാജ്യത്തെ വിദ്യാഭ്യാസ ഉദ്യമങ്ങളിൽ തൊഴിലധി ഷ്ഠിത വിദ്യാഭ്യാസ പരിശീലനങ്ങൾക്ക് വലിയ പ്രാധാന്യം ഉണ്ട്. ഈ മേഖലയിൽ നിർണ്ണായക ഘടകങ്ങൾ കണ്ടെത്താനും പുനർനിർവചി ക്കാനും കഴിയണം. പരിശീലനങ്ങൾ പ്രസക്തവും, കാലികപ്രാധാന്യമുള്ളവയും, സൃഷ്ടിപരവും, സർവ്വതലസ്പർശിയും, ആവശ്യാനുസരണം വഴ ക്കമുള്ളതും ആവണം.

ഇന്ത്യയിൽ 126.7 കോടി ജനങ്ങളുണ്ട്. 47.41 കോടി തൊഴിലാളികളുണ്ട്. അവരിൽ 33.69 കോടി ജന ങ്ങൾ ഗ്രാമീണ തൊഴിലാളികളും 13.72 കോടി നഗര തൊഴിലാളികളും ആണ്. 2011-12 ൽ നടത്തിയ സർവ്വെയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങ ളാണിവ. 40.17 ദശലക്ഷം രജിസ്റ്റേഡ് തൊഴിലന്വേ ഷകർ (2010) രാജ്യത്തുണ്ട്. നമ്മുടെ ജനസം ഖ്യയുടെ 1.5% വാർഷിക വളർച്ചയേയും തൊഴി ലില്ലായ്മയുടെ 8.8% നിരക്കിൽ ഉള്ള വളർച്ച യേയും കണക്കിലെടുക്കുമ്പോൾ, എല്ലാവർക്കും തൃപ്തികരമായ തൊഴിൽ നൽകുക എന്നത് വളരെ ശ്രമകരമായ കാര്യമാണ്. ജനസംഖ്യാപരമായി ഇന്ത്യയിലെ ജനങ്ങളിൽ 35%പേർ 15 വയസ്സിൽ താഴെയുള്ളവരും. 50% പേർ 25 വയസ്സിൽ താഴെയും ഉള്ളവരും ആകുന്നു. ഇന്ത്യയുടെ ശരാ ശരി വയസ്സ് 24 വർഷം ആണ്. ലോകത്തിലെ ഏറ്റവും യുവത്വമാർന്ന ജനതയാണ് ഇന്ത്യയിലേ ത്. വിദ്യാലയത്തിലെ കൊഴിഞ്ഞ് പോക്കും നമ്മൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. വിദ്യാഭ്യാസ വാർഷികസ്ഥിതി പഠന റിപ്പോർട്ട് (ASER) 2013 പ്രകാരം രാജ്യത്ത് ക്ലാസ് I മുതൽ ക്ലാസ്സ് XII വരെ മൊത്തം 229 ദശലക്ഷം വിദ്യാർത്ഥികളാണ് സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നത്. എന്നാൽ 18 വയസ്സിനു താഴെയുള്ള ജനസംഖ്യ 430 ദശല ക്ഷമാണ്. കൊഴിഞ്ഞുപോകലിന് കാരണങ്ങളായി ചൂണ്ടികാണിക്കപ്പെടുന്നത് പൊതുവായ താല്പ ര്യക്കുറവും സാമ്പത്തിക പിൻതുണ ലഭിക്കുന്നില്ല എന്നതും ആണ്. പഠനം നിറുത്തുന്ന കുട്ടികൾ ഭൂരിഭാഗവും ജോലികൾ ചെയ്തു കുടുംബം പുലർത്തുകയോ അല്ലെങ്കിൽ രക്ഷിതാക്കളെ അവ രുടെ തൊഴിലുകളിൽ സഹായിക്കുകയോ ചെയ്യു ന്നതായി കാണപ്പെടുന്നു. സെക്കൻഡറി സ്കൂൾ തലത്തിൽ പ്രവേശനം തേടുന്നവരുടെ ശതമാനം 63.21 (2010) ഉം അതിനുമുകളിൽ പ്രവേശനം തേടു ന്നവരുടെ ശതമാനം 20ഉം മാത്രമാണ്. 2013-14ൽ പത്താംതരം ബോർഡ് പരീക്ഷയിൽ 164.75 ലക്ഷം

വിദ്യാർത്ഥികൾ പങ്കെടുത്തതിൽ 128.33 ലക്ഷം പേരാണ് പാസ്സായത്. 36.42 ലക്ഷം പേർ പരാജയപ്പെട്ടു. ഇവരിൽ ഒട്ടുമുക്കാലും അതായത് 34% വിദ്യാഭ്യാസത്തോട് വിടപറഞ്ഞിട്ടുള്ളതായി കണക്കാക്കാം. തുടർന്നുള്ള വർഷത്തിൽ 24.23 ലക്ഷം (22%) വിദ്യാർത്ഥികൾ പരാജയപ്പെട്ടു. അവരും വിദ്യാഭ്യാസ ധാരയിൽ നിന്നും പുറത്തായിട്ടുണ്ടാവണം.

ചുരുക്കത്തിൽ ഇന്ത്യയിലെ തൊഴിലാളി സമൂഹത്തിന്റെ 60 ശതമാനവും സ്വയം തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. അവരെല്ലാം ദാരിദ്ര്യത്തിൽ ജീവിക്കുന്നവരും ആകുന്നു. ഏതാണ്ട് 30% ആളുകൾ കാഷ്വൽ ജോലിക്കാരാണ്. കേവലം 10% ആളുകൾ മാത്രമാണ് സംഘടിത മേഖലയിൽ ജീവനക്കാരാവുന്നത്. അതിൽ തന്നെ 40% പേർ പൊതുമേഖലയിൽ ആണ്. അതായത് 90%ൽ അധികം ആളുകൾ അസംഘടിത മേഖലയിലാണ്. അവർക്ക് സംഘടിതമേഖലയിലുള്ള യാതൊരുവിധ ആനുകൂല്യവും ലഭിക്കുന്നില്ല. സാമൂഹ്യ സുരക്ഷിതത്വം പോലും ലഭ്യമല്ല.

പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിലും ഉത്പാദന ക്ഷമതയുടെ കാര്യത്തിലും ഇന്ത്യ വളരെ പിന്നിലാണ്. ജപ്പാന്റെ പ്രതിശീർഷ വരുമാനം 30,000 ഡോളറാണ്, ശ്രീലങ്കയുടേത് 879 ഡോളറാണ്. ഇന്ത്യയുടേത് കേവലം 433 ഡോളറും. വികസിത രാജ്യങ്ങളിലെ പ്രതിശീർഷ വരുമാനത്തിന്റെ 7.5% മാത്രമാണിത്. ഇത് 80% ആക്കി വർദ്ധിപ്പിക്കേണ്ടതുണ്ട്. 50 വർഷത്തെ കാലയളവിൽ ഇത് സാധ്യമാകണം.

### നൈപുണ്യ ശൂന്യതയുടെ ഭവിഷ്യത്തുകൾ

ആസ്പയറിങ്ങ് മൈൻഡ്സ് എന്ന സ്ഥാപനം അഖിലേന്ത്യാ തലത്തിൽ നടത്തിയ ബിരുദ വിദ്യാർത്ഥി സർവ്വെ പ്രകാരം ഇന്ത്യ പ്രതിവർഷം 50ലക്ഷം ബിരുദധാരികളെ സൃഷ്ടിക്കുന്നുണ്ട്. എന്നാൽ തൊഴിൽ വിപണിയിൽ സ്വീകാര്യതയുള്ള ഒരു വിഭാഗത്തെ രൂപീകരിക്കാൻ നമുക്ക് കഴിയുന്നില്ല. വൈറ്റ് കോളർ ജോലികൾ പ്രതീക്ഷിക്കുന്ന ഇക്കൂട്ടരെ സ്വീകരിക്കാൻ നമ്മുടെ തൊഴിൽ മേഖലയ്ക്ക് പരിമിതികളുണ്ട്. ഈ വികലമായ ഡിമാന്റ് സപ്ലൈ സ്ഥിതിയിൽ ഭാഗികമായി തൊഴിൽ ദാനം മാത്രമേ നടക്കുന്നുള്ളു. തൊഴിലന്വേഷിക്കുന്നവരുടെ വളർച്ചാ നിരക്കും തൊഴിലവസരങ്ങളുടെ വളർച്ചാനിരക്കും തമ്മിൽ യാതൊരു പൊരുത്തവും ഇല്ല. സമൂഹത്തിൽ അസംതൃപ്തി ഉണ്ടാവാൻ ഇത് കാരണമാകുന്നു. ഈ സ്ഥിതി വളർന്ന് സ്ഫോടനാത്മകമാകുന്നതിന് മുൻപ് തന്നെ വിഷയം കാര്യക്ഷമമായും ദ്രുതഗതിയിലും കൈകാര്യം ചെയ്യാൻ നമുക്ക് കഴിയണം.




### മാർഗ്ഗ തടസ്സങ്ങൾ

ഉത്പാദനക്ഷമത ഉറപ്പ് വരുത്തുന്ന, ഗുണമേന്മയുള്ള തൊഴിൽ നിപുണതയുടെ അഭാവം, നിപുണതയുടെ ഉള്ളടക്കം ഇല്ലാത്ത യോഗ്യതാ പരീക്ഷകൾ മാത്രം മാനദണ്ഡമാക്കുന്ന ഇന്ത്യൻ ജനതയുടെ മനോഭാവം എന്നിവ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ഇന്ന് എല്ലാ സമ്പദ് വ്യവസ്ഥകളും സേവന മേഖലയുടെ വളർച്ചയെ ആശ്രയിക്കുന്നതായിട്ടാണ് കാണുന്നത്. ആത്യന്തികമായി സുസ്ഥിരവികസനത്തിന്റെ അടിത്തറ ഉത്പാദനോമുഖമായ പ്രാഥമിക - ദ്വിതീയ മേഖലകൾ തന്നെയാണ്. ഇതു സജീവ പരിഗണന അർഹിക്കുന്നു.

### അവസരങ്ങൾ

ഇപ്പോൾ കോളേജ് വിദ്യാഭ്യാസം നടത്തുന്നവർക്ക് നൈപുണ്യ വിദ്യാഭ്യാസം കൂടി നൽകിയാൽ അവ

രുടെ തൊഴിൽ ലഭ്യതാ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയും. ഇവർ ഒരു ചെറിയ വിഭാഗമാണ്. കോളേജുകളിൽ എത്തപ്പെടാത്ത വിഭാഗത്തിനും നൈപുണ്യ പരിശീലനം ലഭ്യമാക്കേണ്ടതുണ്ട്. ഇതിലൂടെ തൊഴിൽ സാദ്ധ്യത വർദ്ധിക്കുമെന്നതിന് തർക്കമില്ല. മറ്റ് പല വികസിത രാജ്യങ്ങളിലും ജനസംഖ്യയുടെ സിംഹഭാഗവും വയോജനങ്ങളും മദ്ധ്യവയസ്കരും ആണെന്നത് നമ്മുടെ രാജ്യത്തെ യുവാക്കൾക്ക് പരോക്ഷമായി കൂടുതൽ അവസരം ലഭിക്കും എന്നുള്ളതിന്റെ സൂചനയാണ്. അടുത്ത കാലത്തെ ഒരു പത്രറിപ്പോർട്ട് അനുസരിച്ച്, ജപ്പാനിൽ 8 ദശലക്ഷം, യുഎസ്സ്എയിൽ 15 ദശലക്ഷം എന്നീ നിലയിലാണ് തൊഴിലവസരങ്ങൾ പ്രതീക്ഷിക്കപ്പെടുന്നത്. ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ ഇന്ത്യ ശ്രമിക്കേണ്ടതല്ലേ? ഈ അവസരങ്ങൾ ചൈനയും ശ്രീലങ്കയും കാത്തിരിക്കുകയാണെന്ന് മനസ്സിലാക്കണം.

നൈപുണ്യ സമ്പാദനത്തെ സ്കൂൾ, കോളേജ് തലത്തിലെ മുഖ്യധാരാ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുക എന്നതാണ് ഒരു മാർഗം. ഔപചാരിക വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പൂർണ്ണമായും വേർതിരിച്ചു നിറുത്താതെ അവസരോചിതവും ആവശ്യാധിഷ്ഠിതവുമായി കടന്നു ചെല്ലാനുള്ള പ്രവേശന സൗകര്യങ്ങൾ വിവിധ തലങ്ങളിൽ ഒരുക്കേണ്ടതുണ്ട്. നൈപുണ്യ സാക്ഷ്യപ്പെടുത്തലുകൾക്കുള്ള സംവിധാനങ്ങൾ തൊഴിൽ മേഖലയിലേക്കുള്ള പ്രവേശനം സുനിശ്ചിതമാക്കുന്നതാണ്. മൃദുനൈപുണ്യങ്ങൾക്കും തൊഴിൽപരമായ മുൻപരിചയത്തിനും തൊഴിൽ നേടി തരാൻ പ്രത്യേക കഴിവുണ്ട്.

വർദ്ധിച്ച തൊഴിലവസരങ്ങളും വിപണിയും സൃഷ്ടിക്കുകയാണ് തൊഴിലില്ലായ്മക്കുള്ള ആത്യന്തികപരിഹാരം. 'മേക്ക് ഇൻ ഇന്ത്യ' എന്ന പ്രവർത്തനപന്ഥാവ് തന്നെയാണ് സുപ്രധാന ലക്ഷ്യം.

### മുന്നോട്ടുള്ള മാർഗ്ഗം

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വിഭാവനം ചെയ്യുന്ന രീതിയിലുള്ള നൈപുണ്യ വികസന ഉദ്യമങ്ങളെ സാക്ഷാത്കരിക്കുക എന്ന മുഖ്യ ഉദ്ദേശ്യത്തോടെ ദേശീയ നൈപുണ്യ സർവ്വകലാശാല സ്ഥാപിക്കേണ്ടതാണ്. നിക്ഷേപകങ്ങളിൽ നിന്നും പരമാവധി ഉത്പാദനം /ലാഭം നേടുക എന്ന മാനദണ്ഡം ഇതിലൂടെ നടപ്പിലാക്കാനും സാധിക്കും.

### നൈപുണ്യ സംബന്ധിയായ മാനദണ്ഡങ്ങളും നിലവാരവും

സാമ്പത്തിക വളർച്ചയുടെ പൊതു സ്വഭാവം, വിദേശ പ്രത്യക്ഷ നിക്ഷേപം, കയറ്റുമതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മുൻതൂക്കം, നിലവിലുള്ള നൈപുണ്യക്കൂട്ട്, എന്നിങ്ങനെ വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ് നൈപുണ്യ സന്നിവേശത്തിന്റെ വിജയം നിലകൊള്ളുന്നത്. നിപുണതയുടെ കാര്യത്തിൽ നിലവിലുള്ള ഏറ്റക്കുറച്ചിലുകൾ കൃത്യമായി നിർണ്ണയിക്കുക എന്നത് നിർണ്ണായകമായ കാര്യമാണ്. മാനദണ്ഡങ്ങൾ നിശ്ചയിക്കുക എന്നതും അനിവാര്യമാണ്.

നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് നിബന്ധനകൾ പ്രകാരം ദേശീയ നൈപുണ്യ സർവകലാശാലയുടെ പ്രവർത്തന ലക്ഷ്യങ്ങളും ചുമതലകളും ചുവടെ പറയുന്നവയാണ്.

- നിപുണതാ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമുള്ള നിലവാരങ്ങളും നയ - നിർദ്ദേശങ്ങളും തയ്യാറാക്കുക.
- വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുക, നിപുണതാ പരിശീലനങ്ങൾ നൽകുക, ഡിപ്ലോമകൾ, ഡിഗ്രികൾ തുടങ്ങിയവ പ്രദാനം ചെയ്യുക.
- ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
- നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നിപുണതാ പരിപാടികൾ നടപ്പാക്കുക.
- വിഭിന്ന ഭാഷകളിൽ നിപുണതാ പഠനത്തിനുതകുന്ന പാഠ്യക്രമങ്ങളും ഉള്ളടക്കവും സൃഷ്ടിക്കുക, ഇവയെല്ലാം ആവശ്യക്കാരിലേക്ക് എത്തിക്കുന്നതിനുള്ള പ്രദാന രീതി

കൾ മുൻനിറുത്തി മാതൃകകള ശുപാർശ ചെയ്യുക.

- പ്രസക്ത സ്ഥാപനങ്ങളുമായുള്ള സമ്പർക്കം സുഗമമാക്കുക.
- നിപുണത അഭാവം തിട്ടപ്പെടുത്തുക.
- നിപുണതാ സംബന്ധമായ ഗവേഷണങ്ങൾക്ക് അവസരമൊരുക്കുക, പ്രാദേശിക വിദേശ തലങ്ങളിൽ കൂട്ടായ്മകൾ രൂപീകരിക്കുക.
- നിപുണതാ അദ്ധ്യാപകരേയും ട്രയിനികളെയും അംഗീകാരം നൽകുന്ന നടപടികൾ ആരംഭിക്കുക. ഇവയെല്ലാം MSME മേഖലയുമായി ബന്ധപ്പിച്ച് ഉദ്ഗ്രഥിപ്പിച്ച് പുതിയ തൊഴിവസരങ്ങൾ സൃഷ്ടിക്കാനും കണ്ടെത്താനും ശ്രമിക്കുക.
- 'മേക്ക് ഇൻ ഇന്ത്യ' കാമ്പെയ്ൻ നടപ്പിലാക്കുക.
- ഒരു ദശകത്തിലേക്കുള്ള ഗതി ഭൂപടം തയ്യാറാക്കുക.
- നൈപുണ്യ ബന്ധിതമായ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.
- മുഴുവൻ പ്രവർത്തനങ്ങളെയും സമർത്ഥമായ ഇ-ഗവർണൻസ് ചട്ടക്കൂട്ടിൽ കൊണ്ടുവരുക, അങ്ങനെ ഏറ്റവും വിശ്വസനീയവും ആശ്രയയോഗ്യവുമായ വ്യവസ്ഥ സൃഷ്ടിക്കുക.
- വാഹന നിർമ്മാണം, ഐ.ടി-കമ്മ്യൂണിക്കേഷൻസ്, ചികിത്സാ രംഗത്തെ അർദ്ധസാങ്കേതിക കാര്യങ്ങൾ, ഉത്പാദന മേഖല, നിർമ്മാണം, ചില്ലറവില്പന, ആരോഗ്യപരിരക്ഷ, വിനോദസഞ്ചാരം തുടങ്ങിയ വ്യത്യസ്ത മേഖലകൾക്ക് നിപുണതാ വികസന പരിചരണം ആവശ്യമാണ്.

ലക്ഷ്യാധിഷ്ഠിതവും ഘട്ടംഘട്ടമായി നൽകാവുന്നതും, മൂല്യാങ്കനവിധേയവും വ്യത്യസ്ത ഭാഷകളിൽ പ്രദാനം ചെയ്യാവുന്നതും, ഭേദഗതിക്ക് വിധേയവുമായ നൈപുണ്യ വികസന പരിപാടികളാണ് ആവശ്യമായിട്ടുള്ളത്.

**മേക്ക് ഇൻ ഇന്ത്യയും നിപുണതയും**

ഗവേഷണ വികസന ആവശ്യങ്ങൾക്കായി വൻതുകകളാണ് രാജ്യത്തിലെ പ്രമുഖ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ വിജ്ഞാന സമ്പത്തിന്റെ വളർച്ചയ്ക്ക് ഉതകുന്നുണ്ടെങ്കിലും തൊഴിലവസങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. ഈ പ്രവർത്തന രീതി പുനരവലോകനം ചെയ്യപ്പെടേണ്ടതുതന്നെ.

ഓരോ വർഷവും ആയിരക്കണക്കിന് Phd ബിരുദധാരികളെ ആവശ്യമുണ്ട്. എന്നാൽ വ്യാവസായിക മേഖലയുടെ ഫലപ്രാപ്തിക്ക് ഉതകുന്ന വിഷയങ്ങളിലാണ് ആവശ്യമുള്ളത്. തൊഴിലവസങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന നൂതന സങ്കേതങ്ങളാണ് അഭികാമ്യം എന്ന് CSIR, DRDO, IIT തുടങ്ങിയ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. പ്രസ്തു സ്ഥാപനങ്ങളിലൊക്കെ തന്നെ ബൗദ്ധിക സ്വത്തവകാശം-പേറ്റന്റ്-സംരംഭകത്വം തുടങ്ങിയ വിഷയങ്ങളിൽ സെല്ലുകൾ തുടങ്ങണം. ഗവേഷണ സാധ്യതകൾ വിപുലീകരിക്കുന്നതിനും ദേശീയ അജണ്ടയെ മുൻനിർത്തി പ്രവർത്തിക്കുന്നതിനും ഇത് വഴിതെളിക്കുന്നതാണ്. ഇന്ധന അന്വേഷണം, ഖനനം, കൃഷി, ഊർജ്ജം,



ജലവിഭവം, അടിസ്ഥാനനിക്ഷേപം എന്നീ മേഖലകളിൽ നൂതന സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും ഇവയെ മുൻഗണന പട്ടികയിൽ നിസംശയം ഉൾക്കൊള്ളിക്കുന്നതിനും ഇത്തരം ഗവേഷണങ്ങൾ ആവശ്യമാണ്.

മുൻഗണനാ വിഭാഗത്തിൽപ്പെടുത്തേണ്ട ഇതര മേഖലകൾ പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയാണ്. ഈ മേഖലകളിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ഊർജ്ജം, ജൈവശാസ്ത്രങ്ങൾ, ജൈവ ഇൻജിനീയറിങ്, പാരമ്പര്യ ശാസ്ത്രം എന്നീ വിഷയങ്ങളിൽ നൂതന സങ്കേതങ്ങൾ രൂപപ്പെടണം. ഈ മേഖലകളുടെ വികസനത്തിന് താങ്ങായി അനുബന്ധ വിഷയങ്ങളിലും മുന്നേറ്റം ഉണ്ടാകണം. പുതിയ ഗവൺമെന്റിന്റെ 100 മാതൃകാ നഗരങ്ങൾ സൃഷ്ടിക്കാനുള്ള ലക്ഷ്യം അടിസ്ഥാന നിക്ഷേപ മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ലായിരിക്കും. ഇത് നിപുണതാ വികസനത്തെയും പോഷിപ്പിക്കും എന്നു വേണം കരുതാൻ.

പ്രതിരോധ സാമഗ്രികളുടെ ഉത്പാദനം, ഈ രംഗത്ത് ഇറക്കുമതി കുറയ്ക്കുവാനും ദേശീയ ഉത്പാദനം വർദ്ധിപ്പിക്കാനുമുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. കോംബാറ്റ് റിക്കവറി വെഹിക്കിൾ (CRV) സ്വയം പ്രവർത്തിക്കുന്ന വ്യോമയാനങ്ങൾ (VAV) എന്നിങ്ങനെ നിരവധി യുദ്ധോപകരണങ്ങളുടെ നിർമ്മാണത്തിന് EME സ്കൂളുകൾ, DRDO ലബോറട്ടറികൾ, മറ്റ് ഉന്നത സ്ഥാപനങ്ങൾ, പ്രത്യേക വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി കൂട്ടായ്മ സ്ഥാപിച്ച് മുന്നോട്ട് പോവുക എന്നതാണ് സമീപനം.

CRV സംവിധാനത്തെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കൺട്രോൾ തുടങ്ങിയ ഉപ വ്യവസ്ഥകളായി വേർതിരിക്കാൻ കഴിയും. ദേശീയ സ്കിൽ യൂണിവേഴ്സിറ്റിയുടെ ശാഖകളിലും തെരഞ്ഞെടുക്കപ്പെട്ട വ്യവസായ സ്ഥാപനങ്ങളിലും നമുക്ക് അനുയോജ്യമായ രീതിയിൽ ഇവയെ പുനർസൃഷ്ടിക്കുവാൻ കഴിയുന്നതാണ്. NSVയുടെ തലത്തിൽ ഇവയുടെ ഉദ്ഗ്രഥനം സാദ്ധ്യമാക്കാം. ഇതിലൂടെ ഉപവ്യവസ്ഥകളുടെ ദേശീയവത്ക്കരണവും സാക്ഷാത്കരിക്കപ്പെടുന്നു. ദേശീയ സ്കിൽ യൂണിവേഴ്സിറ്റിക്ക് സാങ്കേതിക വിദ്യയുടെ വളർച്ച മുൻകൂട്ടി പ്രവചിക്കുന്നതിനും, നവനൂതന സങ്കേതങ്ങളും അവയുടെ ഇന്ത്യാവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനും, നിയന്ത്രിത രൂപത്തിൽ ഗവേഷണവും ലക്ഷ്യബോധത്തോടെയുള്ള കൂട്ടയ്മകളും വഹിക്കുന്നതിനും കഴിയണം. ലോകത്തിലെ മികവുറ്റ സ്ഥാപനങ്ങൾ, CSU, MIT, Stanford ഇംപീരിയൽ കോളേജ്, ഹംബോൾട്ട് സർവ്വകലാശാല തുടങ്ങിയവയെ ഉൾപ്പെടുത്താവുന്നതാണ്. ഫ്രോൺഹോഫർ ഗസൽഷാഫ്റ്റ് പോലെയുള്ള ഗവേഷണ കേന്ദ്രങ്ങളെ തിരഞ്ഞെടുത്ത നഗരങ്ങളിൽ സ്ഥാപിക്കുവാൻ NSU ഗൗരവപൂർവ്വം പരിശ്രമിക്കേണ്ടതാണ്. സ്വാശ്രയ സ്വഭാത്തെ പോഷിപ്പിക്കുന്നതും ഉത്പന്നം/ഉത്പാദന പ്രക്രിയ ഇവയുടെ മേന്മയിലേക്ക് നയിക്കുന്നതും സമ്പദ് വ്യവസ്ഥയുടെ എല്ലാ തലങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായതും ആയ സ്ഥിതവിശേഷം ഇതിലൂടെ സംജാതമാകുമെന്ന് പ്രതീക്ഷിക്കാം.

ഈ കാര്യങ്ങളൊക്കെയും പുതിയ രീതിയിലുള്ള തൊഴിലുകൾ, നിപുണത ഉദ്യമങ്ങൾ എന്നിവ സൃഷ്ടിക്കുക മാത്രമല്ല, വിദേശ നാണ്യത്തിന്റെ സമ്പാദ്യത്തിലേക്കും പ്രാദേശിക കഴിവുകളും സ്വാശ്രയത്വവും ഊട്ടി ഉറപ്പിക്കുന്നതിലേക്കും രാജ്യത്തെ നയിക്കുന്നതാണ്. ഇന്ത്യയെ ആത്മവിശ്വാസവും സ്വാഭിമാനവും ഉള്ള ഉയർത്തെഴുന്നേൽക്കുന്ന രാജ്യമായി നമുക്ക് അവതരിപ്പിക്കാൻ കഴിയുന്നതാണ്.

സമത്വത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിൽ സാമൂഹ്യ പരിഷ്കരണങ്ങൾ, അധസ്ഥിതരുടെ സാമ്പത്തിക വളർച്ച, സാംസ്കാരിക നാനാത്വത്തിന്റെ സംരക്ഷണം എന്നീ കാര്യങ്ങളിൽ അതീവ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ രാജ്യത്തിലെ ഓരോ കുട്ടിക്കും വിദ്യാഭ്യാസവും ക്രമേണ തൃപ്തികരമായ ജോലിയും ലഭിക്കുമ്പോൾ മാത്രമേ ഇത് യാഥാർത്ഥ്യം ആവുകയുള്ളൂ. ദേശീയ സ്കിൽസ് മിഷൻ ഇതാണ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നത്. നമ്മുടെ കൗമാരദശയിലുള്ള ജനവിഭാഗം സാമ്പത്തികമായി സുശക്തമായ പശ്ചാത്തലം ഉള്ളവരല്ല. തൊഴിൽ യോഗ്യതക്ക് ആവശ്യമായ നൈപുണ്യ പരിശീലന

ങ്ങൾക്ക് എത്തിച്ചേരുന്ന കൗമാരപ്രായക്കാർക്ക് നിലനില്പിന്ന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാൻ കഴിയണം. ഇതിലേക്കായി വിശ്വാസതയുള്ള സാമ്പത്തിക സഹായ മാതൃകകൾ രൂപപ്പെടുത്തണം. ഒരു മാതൃക ഇവിടെ നിർദ്ദേശിക്കുകയാണ്, ആസൂത്ര വിദഗ്ദ്ധന്മാരുടെ ശ്രദ്ധയ്ക്കുവേണ്ടി. നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 11500 സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇവയിൽ 5000 സ്ഥാപനങ്ങളെയെങ്കിലും NSQF ന്റെ കീഴിൽ കമ്മ്യൂണിറ്റി കോളേജ് ശൈലിയിൽ, തൊഴിലധിഷ്ഠിത പരിശീലന അവസരങ്ങൾ പ്രദാനം ചെയ്യാൻ ഉത്തവാദപ്പെടുത്തിയാൽ അതിന്റെ പ്രയോജനം വർണ്ണനാതീതമായിരിക്കും.

വിദ്യാലയങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ സമർത്ഥിക്കുന്ന ഒരു ഡിവിഷൻ കൂടി തുറക്കുകയാണെങ്കിൽ, പൊതു പ്രവേശന നിരക്ക് ഗണ്യമായ തോതിൽ വർദ്ധിക്കുമെന്നത് സുനിശ്ചിതമാണ്. ഇതിലൂടെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസം പുഷ്ടിപ്പെടുകയും വിപുലീകരണത്തിലൂടെ ഓരോ വർഷവും ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുവാനും കഴിയും. GER ൽ 5 പോയന്റ് ഉയർച്ചയും ഉണ്ടാകും. 720 കോടി രൂപ പ്രതിവർഷം ഗ്രാന്റായി അനുവദിച്ചാൽ ഇത്രയും വിദ്യാർത്ഥികൾക്ക് ദിവസേന 50 രൂപ എന്ന നിരക്കിൽ ഗതാഗത-ഭക്ഷണ ആവശ്യങ്ങൾക്കായി നൽകുന്നതിന് പര്യാപ്തമാകും. ഇതിനു പുറമെ വാർഷിക പ്രോജക്ട് ഗ്രാന്റ് എന്ന നിലയിൽ 150 കോടി രൂപാ കൂടി വകയിരുത്തിയാൽ മൊത്തം 870 കോടി രൂപായുടെ ഈ പ്രാജക്ടിലൂടെ തൊഴിൽ യോഗ്യതാ പ്രാപ്തരുടെ വലിയ ഒരു വിഭാഗത്തെ രാജ്യത്ത് സൃഷ്ടക്കാൻ എളുപ്പമാണ്. ഇത് ഇന്നുവരെ അവഗണിക്കപ്പെട്ട ഒരു വിഭവത്തിന്റെ വീണ്ടെടുക്കൽ കൂടി ആയിരിക്കും.

യുവാക്കളെ ആവേശഭരിതരും സക്രിയരും ഉത്സുകരും ആക്കേണ്ടതാണ്. അവരെ ഛിദ്രശക്തികളിൽ നിന്നും വേർപെടുത്തി, സുദൃഢമായ സമ്പദ് വ്യവസ്ഥയുടെ സ്രഷ്ടാക്കൾ എന്ന നിലയിലേക്ക് ഉയർത്തികൊണ്ടു വരണം.

**(ദേശീയ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ മുൻ ചെയർമാനാണ് ലേഖകൻ)**

## ഇ-ബസ്ത

വിദ്യാർത്ഥികൾക്കു സഹായകമാകുന്ന ഒരു സംവിധാനം അടുത്ത കാലത്ത് ഇന്ത്യ ഗവൺമെന്റ് ഡിജിറ്റൽ ഇന്ത്യ ഇനിഷ്യേറ്റിവിനു കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇ- ബസ്ത എന്നു വിളിക്കുന്ന (ബസ്ത എന്നാൽ ഹിന്ദിയിൽ സ്കൂൾ ബാഗ് എന്ന് അർത്ഥം) ഈ പുതിയ സംവിധാനത്തിൽ പാഠ പുസ്തകങ്ങളുടെയും മറ്റ് പഠന ഉപകരണങ്ങളുടെയും ഡിജിറ്റൽ പതിപ്പും ഇലക്ട്രോണിക് പാഠഭേദവും ലഭ്യമാണ്. പുസ്തക പ്രസാധകർ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സംയുക്ത സംരംഭമാണ് ഈ ബസ്ത.

ഇതിനു പിന്നിലുള്ള ആശയം വിവിധ പ്രസാധകരെയും സ്കൂളുകളെയും ഒരു വേദിയിൽ കൊണ്ടു വരിക എന്നതാണ്. പോർട്ടലിനുപരി, മൂന്നു വിഭാഗങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കളെ - പ്രസാധകൻ, സ്കൂൾ, വിദ്യാർത്ഥി സമൂഹം എന്നിവരെ ഒരു ചട്ടക്കൂടിനുള്ളിൽ ഒന്നിപ്പിക്കുകയാണ് ഇതിലൂടെ ചെയ്തിരിക്കുന്നത്. അദ്ധ്യാപകർക്ക് പോർട്ടലിൽ നിന്ന് ഇ- ബുക്കുകളും മറ്റ് ഡിജിറ്റൽ ഉള്ളടക്കങ്ങളും ശേഖരിച്ച് വിദ്യാർത്ഥികൾക്കാവശ്യമായ രീതിയിൽ ഇബസ്ത തയാറാക്കാം. ഒരാൾ ഓരോ ക്ലാസിലേക്കും ആവശ്യമായ ഒരു സഞ്ചി നിറയെ പുസ്തകങ്ങൾ തയാറാക്കുന്നതു പോലെയാണ് ഇത്. ഇതിൽ വൈവിധ്യമാർന്ന പഠന സാമഗ്രികൾ ഉണ്ടാകും. പുസ്തകങ്ങൾ, ആനിമേഷനുകൾ, ഓഡിയോകൾ, വീഡിയോകൾ തുടങ്ങിയവ പോർട്ടലിൽ നിന്നും ശേഖരിച്ച് അധ്യാപകന് ആവശ്യമുള്ള തരത്തിൽ അതിനെ പുനർനിർമ്മിക്കാം. കുട്ടികൾക്ക് ഇതിൽ നിന്ന് പുസ്തകങ്ങൾ, ചാർട്ടുകൾ, ഗ്രാഫിക്സ്, ഓഡിയോകൾ വീഡിയോകൾ തുടങ്ങിയവ ശേഖരിക്കാം. അവരുടെ അദ്ധ്യാപകർ രൂപകല്പന ചെയ്ത ഇബസ്ത തന്നെ അവർക്ക് ഡൗൺലോഡ് ചെയ്യാം. കാരണം അവയുടെ ഉള്ളടക്കം ഡിജിറ്റൽ രൂപത്തിലാണ്. അത് അവരുടെ ഉപയോഗത്തിനായി പകർത്തി സൂക്ഷിക്കുകയും ചെയ്യാം. പുസ്തകങ്ങളും പഠന സാമഗ്രികളും എവിടെ കിട്ടും എന്ന് ചിന്തിച്ച് ഇനി കുട്ടികൾ ആകുലപ്പെടേണ്ടതില്ല. പ്രസാധകർക്കാകട്ടെ ഇനി അച്ചടി, വിതരണം തുടങ്ങിയ തലവേദനകളും ഇല്ല.



# വനപരിപാലനവും ജനപങ്കാളിത്തവും

ഡോ. പി. എസ്. ഈസ

**ഭാ**രതത്തിലെ വനസംരക്ഷണ ചരിത്രത്തെ വിവിധ കാലഘട്ടങ്ങളിലായി തിരിക്കാവുന്നതാണ്. ബ്രിട്ടീഷ് ഭരണത്തിനു മുൻപ് വനത്തിന്റെ അവകാശികൾ രാജാക്കന്മാരും മറ്റ് ഭരണാധികാരികളുമായിരുന്നു. വനത്തെ സംബന്ധിച്ച ഭരണക്രമങ്ങളെ സമൂഹത്തിലെ വിവിധ ശ്രേണിയിലുള്ളവരുടെ ആവശ്യാനുസരണം ക്രമപ്പെടുത്തിയിരുന്നു-റിസർവ്വ് വനങ്ങൾ രാജാവിന്റെ അല്ലെങ്കിൽ രാജ്യത്തിന്റേത്, മറ്റ് വനങ്ങൾ പുരോഹിതരുടേത് അല്ലെങ്കിൽ പൊതു സമൂഹത്തിന്റേത്. ഗ്രാമതലത്തിൽ പ്രകൃതി വിഭവങ്ങളുടെ ഉപഭോഗവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നിയന്ത്രിച്ചിരുന്നത് മുതിർന്നവർ ഉൾപ്പെട്ട പഞ്ചായത്ത് സംവിധാനമാണ്. മുഗൾ ഭരണത്തിലും പ്രകൃതി വിഭവങ്ങളുടെ മേലെ തദ്ദേശവാസികൾക്കുള്ള അവകാശം അനുവദിച്ച് കൊടുത്തിരുന്നു. മുഗൾ ഭരണത്തിന് പുറത്തുള്ള പ്രദേശങ്ങളിലും തദ്ദേശവാസികളാണ് പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും ഉപഭോഗവും നിയന്ത്രിച്ചിരുന്നത്.

ബ്രിട്ടീഷ് ഭരണത്തിൽ വനപരിപാലനം സാമ്പത്തികനേട്ടം ലക്ഷ്യം വച്ചുള്ളതായി മാറുകയും പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതിനായി കേന്ദ്രീകൃത നിയന്ത്രണങ്ങൾ കൊണ്ടുവരുകയും ചെയ്തു. ജനങ്ങളുടെ അവകാശങ്ങൾക്ക് മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും വനത്തെ തടിയുടെ സ്രോതസ്സാക്കി കണക്കാക്കി യൂറോപ്യൻ മാതൃകയിലുള്ള വനപരിപാലന ശാസ്ത്രീയ രീതികൾ നടപ്പാക്കുകയും ചെയ്തു. വനങ്ങളുടെ നാശത്തിലേക്ക് നയിച്ച ഇത്തരം പരിപാലന രീതികൾ ജനങ്ങളെ അവരുടെ ആശ്രയമായ വനവിഭ

വങ്ങളിൽ നിന്നും അകറ്റി നിർത്തി. ഈ രീതികൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും വനാശ്രിത സമൂഹവും ഭരണാധികാരികളും തമ്മിലുള്ള സംഘർഷത്തിലാണ് കലാശിച്ചത്.

സ്വാതന്ത്ര്യം നേടിയതിനു ശേഷവും ഭാരതത്തിൽ വലിയ മാറ്റങ്ങൾ സംഭവിച്ചില്ല. സാമ്പത്തിക നേട്ടം ലക്ഷ്യംവച്ചുള്ള പരിപാലന രീതികൾ നടപ്പാക്കിയപ്പോൾ വനാശ്രിത സമൂഹത്തിന്റെ അവകാശങ്ങളിൽ നിയന്ത്രണം തുടർന്നു. 1970 കളിൽ നടപ്പിലാക്കിയ സാമൂഹ്യ വനവൽക്കരണം ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ ശ്രമം നടത്തിയെങ്കിലും പൂർണ്ണ വിജയം കൈവരിച്ചില്ല. 1980-ൽ നിലവിൽ വന്ന വനസംരക്ഷണ നിയമം (Forest Conservation Act) വനങ്ങളുടെ സാമൂഹ്യ പ്രസക്തി അംഗീകരിച്ച് കൊണ്ട് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുവാനായി വനേതര ആവശ്യങ്ങൾക്ക് വനം ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി. തദ്ദേശവാസികളുടെ പങ്കാളിത്തത്തോടെ വനസംരക്ഷണം എന്ന ആശയവും ഇതോടൊപ്പം ഉയർന്ന് വന്നു. ഈ കാലഘട്ടത്തിൽ തന്നെ ഭരണാധികാരികളും പരിസ്ഥിതി സംരക്ഷണ പ്രവർത്തകരും 1952 ലെ വന നയത്തിലെ അപാകതകൾ മനസ്സിലാക്കി. നിരവധി ചർച്ചകൾക്ക് ശേഷം 1988-ൽ പുതിയ ദേശീയ വന നയം നിലവിൽ വന്നു. വനത്തിനകത്തും വനാതിർത്തിയിലും താമസിക്കുന്ന ഏകദേശം 350 ദശലക്ഷം ജനങ്ങളുടെ ജീവിതനിലവാരം ഉറപ്പാക്കുന്നതിനായി, ഈ വനാശ്രിത സമൂഹത്തിന്റെ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടു. ജനപങ്കാളിത്തം, പ്രത്യേകിച്ച് ആദിവാസി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുവാനും ഈ വന നയം ആവശ്യപ്പെടുന്നു. ഭാരതത്തിന്റെ പൗരാണിക വനപരിപാലന രീതികൾ, സമൂഹത്തിന്റെ സഹായത്തോടെയുള്ള വനപരിപാലനം എന്നിവയാണ് 1988-ലെ വന നയം ലക്ഷ്യം വച്ചത്. ഇതിനെ തുടർന്ന് 1990-ൽ ഇതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വനം പരിസ്ഥിതി സംരക്ഷണ മന്ത്രാലയം പുറപ്പെടുവിച്ചു. ഇതേ തുടർന്ന് ഗ്രാമ തലത്തിൽ ഇതിനുള്ള സംവിധാനങ്ങൾ (Village Forest Instititions, VFI) നിലവിൽ വന്നു. സംസ്ഥാനതലങ്ങളിൽ കേന്ദ്രീകൃതമായിരുന്ന വന സംരക്ഷണം ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് കമ്മിറ്റികളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. വന സംരക്ഷണ സമിതികൾ നിലവിൽ വന്നതോടെ വികേന്ദ്രീകരണം ഏതാണ്ട് പൂർത്തിയായി. പുതിയ ദേശീയ വനനയം വരുന്നതിന് മുൻപ്തന്നെ പശ്ചിമബംഗാളിലെ പശ്ചിമ മിഡ്നാപൂരിലെ അറബാരി വനം റേഞ്ചിൽ ഒരു പരീക്ഷണം നടന്നിരുന്നു. അജിത് കെ. ബാനർജി എന്ന വനം വകുപ്പുദ്യോഗസ്ഥൻ, 1971ൽ സാൽമരങ്ങൾ വച്ച് പിടിപ്പിക്കുവാൻ നടത്തിയ ശ്രമം വിജയിച്ചില്ല. കന്നുകാലിമേച്ചിലും തദ്ദേശീയരുടെ അനധികൃത മരംമുറിക്കലും ആയിരുന്നു ഈ പരാജയത്തിന്റെ കാരണങ്ങൾ. ഈ പരാജയത്തെ തുടർന്നു ശ്രീ അജിത് കെ. ബാനർജി തൊട്ടടുത്ത പതിനൊന്ന് ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി ചർച്ച നടത്തി വന സംരക്ഷണ സമിതി രൂപീകരിച്ചു. ഏകദേശം 13 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള ശോഷിത വനങ്ങളെ പരിപാലിക്കുന്നതിനുള്ള ചുമതല 612 കുടുംബങ്ങൾക്ക് നൽകി. ലാഭത്തിന്റെ 25 ശതമാനം ഈ കുടുംബങ്ങൾക്ക് ലഭിക്കുന്നതിനുള്ള ധാരണ ഉണ്ടാക്കി.



ഈ സംരംഭത്തിന്റെ വിജയം ഇത്തരം സമീപനം സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് കാരണമായി. ഇതേ രീതിയിലുള്ള ഒരു പരീക്ഷണം 1977 ഹരിയാനയിലും നടത്തി വിജയിച്ചു. വനനശീകരണവും തുടർന്നുണ്ടാകുന്ന മണ്ണൊലിപ്പും തടഞ്ഞ് കാർഷികാഭിവൃദ്ധി നേടാമെന്ന് ജനങ്ങളെ ബോധവൽക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കുറേ മൊട്ടക്കുന്നുകൾ ഹരിതവൽക്കരിക്കുവാൻ സാധിച്ചു.

ജനപങ്കാളിത്തത്തോടെ വനപരിപാലനം നടപ്പിൽ വന്നതിന് ശേഷമുള്ള വിജയകരമായ മാറ്റങ്ങൾ രാജ്യത്തിന്റെ പല ഭാഗത്ത് നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വേൾഡ് ബാങ്ക്, ഇന്റർനാഷണൽ ഡെവലപ്മെന്റ് അസോസിയേഷൻ തുടങ്ങി നിരവധി അന്താരാഷ്ട്ര സംഘടനകളുടെ സഹകരണവും ഇതിനായി ലഭിച്ചിട്ടുണ്ട്.

വനംവകുപ്പിന്റെ നേതൃത്വത്തിൽ, സാങ്കേതിക സഹകരണത്തോടെ, ഭരണമേൽനോട്ടത്തിലാണ് വനസംരക്ഷണ സമിതികൾ രൂപീകരിക്കുന്നത്. ഓരോ പ്രദേശത്തെയും സമിതികളിൽ വനാശ്രിത സമൂഹത്തിലെ ഓരോരുത്തരും അംഗങ്ങളാണ്. ഈ ജനറൽ ബോഡി തിരഞ്ഞെടുത്ത ഒരു മാനേജ്മെന്റ് കമ്മറ്റിയ്ക്കാണ് മേൽനോട്ടം ഈ കമ്മറ്റികളിൽ വനിതാപ്രാതിനിധ്യവും ആദിവാസി പ്രാതിനിധ്യവും ഉറപ്പാക്കുന്നുണ്ട്. ഈ കമ്മിറ്റികളുടെ സെക്രട്ടറിയായി ഒരു വനം വകുപ്പുദ്യോഗസ്ഥൻ പ്രവർത്തിക്കുന്നു.

പ്രാദേശികതലത്തിൽ വനസംരക്ഷണവുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന പ്രധാന പ്രശ്നങ്ങളെ തിരിച്ചറിയുക എന്നതാണ് വന സംരക്ഷണ സമിതികളുടെ പ്രവർത്തനത്തിലെ ആദ്യഘട്ടം. അവരുടെ പരിധിയിൽ വരുന്ന പ്രദേശത്തുള്ള പ്രകൃതി വിഭവങ്ങളെ ഭൂപടത്തിൽ അടയാളപ്പെടുത്തി അവയുടെ സംരക്ഷണത്തിൽ നേരിടുന്ന പ്രശ്നങ്ങളെ (കന്നുകാലി മേച്ചിൽ, അനധികൃത പ്രവർത്തനങ്ങൾ, കാട്ടുതീ, കൈയ്യേറ്റം തുടങ്ങിയവ) തിരിച്ചറിഞ്ഞ് അവ ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുന്നു. ഇതിൽ മുഴുവൻ അംഗങ്ങളും ഭാഗഭാക്കാകുന്നു (Participatory Rural Appraisal). ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഒരു കർമ്മപദ്ധതി (Micro plan) അനുസരിച്ചാകും വനസംരക്ഷണ സമിതിയുടെ പ്രവർത്തനം. ഈ പദ്ധതി തയ്യാറാക്കുന്നതിന് കഴിവുള്ള, പ്രവർത്തനസജ്ജരായ സന്നദ്ധസംഘടനകളുടെ സഹായവും ലഭ്യമാക്കാറുണ്ട്. വിശദമായ Micro plan പദ്ധതി ചെലവ് കണക്കുകൾ സഹിതം വനംവകുപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. ഓരോ വിഭാഗത്തിന്റെയും ചുമതലകളും ഉത്തരവാദിത്തങ്ങളും എല്ലാം വിശദമാക്കുന്ന ഒരു ഉടമ്പടിയിൽ വനംവകുപ്പും വനസംരക്ഷണ സമിതിയുമായി എത്തുന്നു. ജനവാസ പ്രദേശത്തുള്ള സമൂഹത്തിന് ആവശ്യമായ പല പദ്ധതികളും വന സംരക്ഷണ സമിതി നടപ്പാക്കാറുണ്ട്. ഈ പ്രദേശത്ത് നടപ്പാക്കപ്പെടുന്ന മറ്റ് വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതും വനസംരക്ഷണ സമിതിക്ക് ചെയ്യാവുന്നതാണ്. വളരെ വിശദമായി ചർച്ചചെയ്ത ശേഷം ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന Microplan മറ്റ് വകുപ്പുകൾക്കും ഒരു മാർഗ്ഗ നിർദ്ദേശ രേഖയാക്കാവുന്നതാണ്.



കേരളത്തിൽ വനസംരക്ഷണ സമിതികൾ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസികളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. വനാശ്രയത്തം കുറക്കുന്നതിനും അത്തരം പ്രവർത്തനങ്ങളിലൂടെ ഉണ്ടായേക്കാവുന്ന ലാഭം സമൂഹനന്മക്കായി ചെലവഴിക്കുന്നതിനും വനസംരക്ഷണസമിതികളും ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസികളും ശ്രദ്ധിക്കുന്നു.

കേരളത്തിലെ വനസംരക്ഷണസമിതികളുടെ ഉത്ഭവവും പ്രവർത്തനത്തിനുള്ള പണവും ലഭ്യമായത് വേൾഡ് ബാങ്ക് സഹായത്തോടെ നടപ്പാക്കിയ കേരളാ ഫോറസ്ട്രി പ്രോജക്ടിലൂടെയാണ്. ഇതോടൊപ്പം തന്നെ സംരക്ഷിത വന പ്രദേശങ്ങളിൽ (വന്യജീവിസംരക്ഷണ കേന്ദ്രങ്ങളിൽ) നടപ്പാ

ക്കിയ ഇതേ പദ്ധതിക്ക് ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി എന്നാണ് പറയുന്നത്. കേരളത്തിൽ പെരിയാർ ടൈഗർ റസിർവ്വ് ഭാഗത്ത് നടപ്പാക്കിയിട്ടുള്ള ഇക്കോ ഡവലപ്മെന്റ് പദ്ധതി ഇന്ത്യയിൽ തന്നെ, മറ്റ് പ്രദേശങ്ങൾക്ക് മാതൃകയായി കണക്കാക്കപ്പെടുന്നു. വനാശ്രിത സമൂഹത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനും അവരുടെ പങ്കാളിത്തത്തോടെ വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സഹായകരമായ വിപ്ലവകരമായ മാറ്റങ്ങൾ ഉറപ്പാക്കുന്നതിലും ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് വളരെയധികം സഹായിച്ചിട്ടുണ്ട്. എങ്കിലും ഈ പ്രവർത്തനങ്ങളുടെ വിജയം ഇതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ ബോധവൽക്കരണത്തെയും നടപ്പിലാക്കുന്ന പ്രദേശത്തെ സർക്കാർ സംവിധാനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ അഖിലേന്ത്യാതലത്തിൽ പരിശോധിക്കുമ്പോൾ വിജയപരാജയങ്ങളുടെ കഥകൾ നിരവധി കാണുവാൻ കഴിയും. അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ബോധവാന്മാരായ ഒരു സമൂഹവും അവരുമായി ചേർന്ന് പ്രവർത്തിക്കുവാൻ കഴിയുന്ന ഉദ്യോഗസ്ഥരും ഇത്തരം പദ്ധതികളുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്.

**(കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറും നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് മെമ്പറുമാണ് ലേഖകൻ)**

**വികസനപാത**

## വിദ്യാഭ്യാസ വായ്പകൾക്കായി ഏകജാലക സംവിധാനം

വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വായ്പ എടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ച് കഴിഞ്ഞ സ്വാതന്ത്ര്യ ദിനത്തിൽ (2015 ആഗസ്റ്റ് 15) വിദ്യാലക്ഷ്മി എന്ന വെബ് പോർട്ടൽ (www.vidyalakshmi.co.in) ആരംഭിച്ചു.

2015-16 ലെ പൊതുബജറ്റിൽ വിദ്യാഭ്യാസ വായ്പാ പദ്ധതികൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവ നിരീക്ഷിക്കാൻ സമ്പൂർണമായി വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിദ്യാർത്ഥി സാമ്പത്തിക സഹായ അതോറിറ്റിക്ക് രൂപം നൽകാൻ നിർദ്ദേശിച്ചിരുന്നു. പ്രധാനമന്ത്രി വിദ്യാലക്ഷ്മി പരിപാടി (PMVLK)യിലൂടെ നടക്കുന്ന ഇതിന്റെ ലക്ഷ്യം ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിയും പണത്തിന്റെ ലഭ്യതക്കുറവു മൂലം പിൻമാറരുത് എന്നതാണ്. ഈ ലക്ഷ്യം നേടാനുള്ള ആദ്യ ചുവടാണ് വിദ്യാലക്ഷ്മി പോർട്ടൽ. ബാങ്കുകൾ നല്കുന്ന വായ്പകൾക്കും ഗവൺമെന്റ് സ്കോളർഷിപ്പുകൾക്കും അപേക്ഷിക്കുവാനും വിവരങ്ങൾ ശേഖരിക്കുവാനും ഉള്ള ഒരു സംവിധാനമാണ് ഈ പോർട്ടൽ. പോർട്ടലിന് താഴെപറയുന്ന സവിശേഷതകൾ ഉണ്ട്.

• ബാങ്കുകളുടെ വിദ്യാഭ്യാസ വായ്പകളെ കുറിച്ചുള്ള വിവരങ്ങൾ • വിദ്യാർത്ഥികൾക്ക് പൊതുവായ അപേക്ഷാഫോം • വിദ്യാർത്ഥികളുടെ അപേക്ഷകൾ പോർട്ടൽ വഴി ബാങ്കുകളിൽ സ്വീകരിക്കുവാനുള്ള കഴിവ് • അപേക്ഷയുടെ തത്സ്ഥിതി അപേക്ഷകരെ അറിയിക്കാനുള്ള സംവിധാനം • വായ്പകൾ സംബന്ധിച്ച പരാതികളും ചോദ്യങ്ങളും ഇ- മെയിൽ മുഖേന ബാങ്കിനെ അറിയിക്കാൻ വിദ്യാർത്ഥികൾക്കുള്ള സൗകര്യം, • വിദ്യാർത്ഥികൾക്ക് അപേക്ഷയുടെ തത്സ്ഥിതി വീക്ഷിക്കാനുള്ള സൗകര്യം • ഗവൺമെന്റ് സ്കോളർഷിപ്പുകളുടെ വിവരങ്ങൾ അറിയാനും അപേക്ഷ സമർപ്പിക്കാനുമുള്ള സൗകര്യം, • ദേശീയ സ്കോളർഷിപ്പ് പോർട്ടലുമായി ബന്ധം.

ഇതിനകം 13 ബാങ്കുകൾ അവയുടെ 22 വിദ്യാഭ്യാസ വായ്പാ പദ്ധതികൾ വിദ്യാലക്ഷ്മി പോർട്ടലുമായി ബന്ധിപ്പിച്ചുകഴിഞ്ഞു. എസ്.ബി.ഐ, ഐ.ഡി.ബി.ഐ, ബാങ്ക് ഓഫ് ഇന്ത്യ, കനറാ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, എന്നീ ബാങ്കുകൾ അവരുടെ സംവിധാനത്തെ പോർട്ടലുമായി സംയോജിപ്പിച്ചിരിക്കുന്നു.

# അക്ഷര കേരളം അക്ഷയ കേരളം

ഡോ. പി. ഗോപിനാഥൻ പിള്ള



**കേരളമാണ് ഇന്ത്യയിലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന് നേതൃത്വം കൊടുക്കുന്നത് എന്ന വസ്തുത അഭിമാനകരമാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ വികസന വിജ്ഞാന യജ്ഞത്തിലൂടെ 12.22 ലക്ഷം നിരക്ഷരരെ അക്ഷരത്തിന്റെയും അവബോധത്തിന്റെയും പുത്തൻ ലോകത്തിലേക്ക് കൈ പിടിച്ചുയർത്തിയ 'അക്ഷരകേരളം' പരിപാടി ലോകത്തിനു തന്നെ മാതൃകയായി.**

**അ**റിവില്ലായ്മയാണ് ഏറ്റവും വലിയ ഇല്ലായ്മയെന്ന് ഓർമ്മപ്പെടുത്തി ഒരു സാക്ഷരതാ ദിനം കൂടി കടന്നുപോയിരിക്കുന്നു. നിരക്ഷരതയ്ക്കെതിരായി സമൂഹ മനഃസ്സാക്ഷിയെ തട്ടിയുണർത്തുന്നതിനും സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടികളുടെ ആക്കം കൂട്ടേണ്ടതിന്റെ ആവശ്യകതയിലേക്ക് ലോകശ്രദ്ധ തിരിച്ചുവിടുന്നതിനുമാണ് പ്രസ്തുത ദിനം ആചരിക്കുന്നത്. ലോകത്ത് അവസാന നിരക്ഷരനും സാക്ഷരനാകുന്നതുവരെ സാർവദേശീയ സാക്ഷരതാദിനം ആചരിക്കണമെന്ന് യുനെസ്കോ ആഹ്വാനം ചെയ്യുന്നു. മാനവരാശിയുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള മഹത്തായ മാർഗമാണ് വയോജന വിദ്യാഭ്യാസം എന്ന് യുനെസ്കോ കരുതുന്നു.

നിരക്ഷരത എന്ന അന്തർദ്ദേശീയ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ യുനെസ്കോയിൽ അംഗങ്ങളായ രാഷ്ട്രങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനം 1965 സെപ്തംബറിൽ ടെഹ്റാനിൽ കൂടുകയുണ്ടായി. നിരക്ഷരരുടെ

എണ്ണത്തിലുള്ള വളർച്ചയ്ക്ക് കടിഞ്ഞാണിടുവാനും പാരമ്പര്യ നിരക്ഷരതയുടെ സ്ഥാനത്ത് ജീവിതവുമായി ബന്ധപ്പെട്ട പ്രവൃത്ത്യുന്മുഖസാക്ഷരത പകർന്നു നൽകാനും തീരുമാനിച്ചത് പ്രസ്തുത സമ്മേളനത്തിൽ വെച്ചായിരുന്നു. ടെഹ്റാൻ സമ്മേളനം തീരുമാനിച്ചതനുസരിച്ചാണ് യുനെസ്കോ 1996ൽ നടന്ന അതിന്റെ 14-ാം പൊതു സമ്മേളനത്തിൽ വെച്ച് സെപ്തംബർ 8 സാർവ ദേശീയ സാക്ഷരതാദിനമായി പ്രഖ്യാപിച്ചത്. ജന ജീവിതവുമായി ബന്ധമില്ലാത്ത ഏതൊരറിവും നിർജീവമാണ് എന്ന് ഉദ്ബോധിപ്പിച്ച ഫോക്സ്കൂൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ ഗ്രൂണ്ട്വിഗ്ഗിന്റെ ജന്മദിനമാണ് സാർവദേശീയ സാക്ഷരതാദിനമായി ആചരിക്കാൻ യുനെസ്കോ തിരഞ്ഞെടുത്തത്. സാക്ഷരതയെ സാധാരണക്കാരന്റെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുംവിധം പാകപ്പെടുത്തിക്കൊണ്ടുള്ളതാണ് ഫോക്സ്കൂൾ സമ്പ്രദായം. എല്ലാ വർഷവും സെപ്തംബർ 8 ന് ലോക രാഷ്ട്രങ്ങളോട് സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും അന്താരാഷ്ട്ര സഹകരണത്തോടെ മുന്നേറാനും യുനെസ്കോ ആഹ്വാനം ചയ്യുന്നു.

"അജ്ഞതയിൽ ആണ്ടുകിടക്കുന്ന ജനങ്ങളെ തട്ടിയുണർത്തുക, ജീവിതം എങ്ങനെ മെച്ചപ്പെടുത്താമെന്ന് അവരെ പഠിപ്പിക്കുക, അന്ധകാര നിബിഢമായ മനസ്സുകളിൽ സാക്ഷരതയുടെ പ്രകാശകിരണങ്ങൾ ചൊരിയുക. ഇരുട്ടിനെ പഴിക്കാതെ ഒരു തിരിയെങ്കിലും കൊളുത്തൂ." സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് വെർത്തിഫിഷറിന്റെ വാക്കുകളാണിവ. 'വയോജന വിദ്യാഭ്യാസം വെറും സാക്ഷരതയല്ല. പട്ടിണിയും കഷ്ടപ്പാടും മാറ്റാനുള്ള അറിവു നേടുകയാണതിന്റെ ലക്ഷ്യം, ബോധവത്ക്കരണമാണ് അതിന്റെ മാർഗ്ഗം എന്ന് പ്രശസ്ത വയോജന വിദ്യാഭ്യാസ ചിന്തകനായ പോളോഫ്രെയർ അഭിപ്രായപ്പെടുന്നു. പ്രായമായ എല്ലാവരേയും എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്നതാണ് സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികളുടെ ഒരു ലക്ഷ്യം. ലോകത്തെ കുറിച്ച് വിമർശന ബുദ്ധിയോടുകൂടി ചിന്തിക്കാനും, അവിടെ സ്വന്തം സ്ഥാനം നേടാനും, മാറിക്കൊണ്ടിരിക്കുന്ന ലോക പരിതസ്ഥിതികളെക്കുറിച്ച് വ്യക്തമായ അവബോധം നേടാനും ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. പുതിയ സമൂഹം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങളെ നേരിടാൻ കരുത്തും അചഞ്ചല മനസ്സുമുള്ള വ്യക്തികളെ വളർത്തിയെടുക്കാൻ സാക്ഷരതാ പ്രസ്ഥാനം സഹായിക്കണം. സാക്ഷരതയെന്നാൽ അക്ഷരപരിശീലനമല്ല, ജീവിതപരിശീലനമാണ്.

സ്വതന്ത്ര ഇന്ത്യയിൽ ആദ്യകാലത്ത് 35 കോടി ജനങ്ങളിൽ 28.5 കോടിയും നിരക്ഷരരായിരുന്നു. നമ്മുടെ ഭരണഘടനാ ശില്പികൾ 1960 നകം 14 വയസ്സുവരെയുള്ള കുട്ടികൾക്കെല്ലാം നിർബന്ധിത സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ഇന്നും പ്രസ്തുത ലക്ഷ്യം നേടാനായിട്ടില്ല. സ്വാതന്ത്ര്യത്തിനുശേഷം നിരവധി നിരക്ഷരതാ നിർമ്മാർജ്ജന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ആയിരത്തിതൊള്ളായിരത്തി അൻപതുകളിൽ നടപ്പിലാക്കിയ സാമൂഹ്യ വിദ്യാഭാസ പദ്ധതി, 1965 ലെ കാർഷിക പരിശീലന പ്രവൃത്ത്യുന്മുഖ സാക്ഷരതാ പരിപാടി, 1978 ലെ ദേശീയ വയോജന വിദ്യാഭ്യാസ പരിപാടി, ഗ്രാമീണ പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടി, 1982 ലെ 20 ഇന പരിപാടിയുടെ 16-ാം ഇനമായ സാക്ഷരതാപരിപാടി, 1986 ലെ ബഹുജന പ്രവൃത്ത്യുന്മുഖ സാക്ഷരതാ പരിപാടി തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടവയായിരുന്നു. എന്നാൽ പ്രസ്തുത പരിപാടികൾക്ക് വേണ്ടത്ര ബഹുജന പിന്തുണ ലഭിക്കാതിരുന്നതിനാൽ നിരക്ഷരതാ നിർമ്മാർജ്ജന രംഗത്ത് കാര്യമായ പുരോഗതി നേടിയെടുക്കാനായില്ല. മാത്രമല്ല ഇന്ത്യയിലെ നിരക്ഷരരുടെ എണ്ണം 40 കോടിയലധികമാകുകയും ചെയ്തു. ഇത് നമ്മുടെ സാമൂഹ്യ സാമ്പത്തിക വികസനരംഗത്ത് കനത്ത തിരച്ചടികൾക്ക് കാരണമാകുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് 1988 മേയ് 5 ന് ടെക്നോളജി മിഷന്റെ ഭാഗമായി ദേശീയ സാക്ഷരതാമിഷൻ പ്രഖ്യാപിക്കപ്പെട്ടത്. 1997 മാർച്ച് 31 നകം 8

കോടി നിരക്ഷരർക്ക് അതും 15-35 പ്രായത്തിലുള്ളവർക്ക് സാക്ഷരത നൽകുകയായിരുന്നു ദേശീയ സാക്ഷരതാമിഷന്റെ ലക്ഷ്യം. എഴുത്തും വായനയും കണക്കുകൂട്ടലും പഠിപ്പിക്കുക മാത്രമല്ല ദേശീയ സാക്ഷരതാ മിഷന്റെ ലക്ഷ്യം. തൊഴിൽ വൈദഗ്ദ്ധ്യം വളർത്തി ഉല്പാദക്ഷമത വർദ്ധിപ്പിക്കുക, ജനാധിപത്യത്തിന്റെ ഉത്തമ പൗരനാകത്തക്കവിധം ബോധവൽക്കരിക്കുക എന്നിവയ്ക്ക് പുറമേ ജനസംഖ്യാ വിദ്യാഭ്യാസം, നിയമസാക്ഷരത, ദേശീയോദ്ഗ്രഥനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീസമത്വം എന്നീ ആശയങ്ങളുടെ പ്രചാരണവും ദേശീയ സാക്ഷരതാ മിഷന്റെ ഭാഗമാണ്. ഓരോ ഇന്ത്യൻ പൗരനും ഈ യജ്ഞത്തിൽ ഏതെങ്കിലും തരത്തിൽ പങ്കാളികളാകണമെന്ന് നാഷണൽ ലിറ്ററസി മിഷൻ ആഹ്വാനം ചെയ്യുന്നു.

ആചാര്യ രാമമൂർത്തി കമ്മറ്റിയുടെ അഭിപ്രായത്തിൽ "സാക്ഷരതാ പരിപാടി പഠിതാക്കളുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെട്ടിരിക്കണം. അത് വീട്, ആരോഗ്യം, പോഷകാഹാരം, തൊഴിൽ തുടങ്ങിയ രംഗങ്ങളുമായി ബന്ധപ്പെട്ടിരിക്കണം. ബോധവൽക്കരണമായിരിക്കണം പ്രധാന ലക്ഷ്യം. തുടർന്ന് അടിസ്ഥാന സാക്ഷരത നേടുകയെന്നത് പഠിതാക്കളുടെ ആവശ്യമായി മാറണം". അടിസ്ഥാന സാക്ഷരതയിൽ തുടങ്ങാതെ ബോധവൽക്കരണത്തിൽ നിന്നും വയോജന വിദ്യാഭ്യാസം ആരംഭിക്കണമെന്ന് രാമമൂർത്തി കമ്മറ്റി തുടർന്ന് അഭിപ്രായപ്പെടുകയുണ്ടായി. കമ്മ്യൂണിറ്റി പോളിടെക്നിക്കുകൾ തുടങ്ങുകയും നിരക്ഷരർക്കും നവസാക്ഷരർക്കും തൊഴിൽ പരിശീലനം നൽകുകയും അങ്ങനെ പുതിയ തൊഴിൽ നേടാൻ അവരെ സഹായിക്കുകയും ചെയ്യണം.

ദേശീയ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ ഇന്ന് ഭൂരിപക്ഷം ജില്ലകളിലും സമ്പൂർണ്ണ സാക്ഷരതാ പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ജില്ലകളിൽ സാക്ഷരതാനന്തര തുടർവിദ്യാഭ്യാസ പരിപാടികളും സാക്ഷരത ഭാരത് പരിപാടികളും നടന്നു വരുന്നു. 10 കോടിയിലധികം പഠിതാക്കൾ ദേശീയ സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിലുള്ള സാക്ഷരതാ ക്ലാസ്സുകളിൽ പഠിച്ച് ആജീവനാന്ത വിദ്യാഭ്യാസ പരിപാടികളിലേക്ക് കടന്നിട്ടുണ്ട്. 80 ലക്ഷത്തിലധികം സന്നദ്ധ പ്രവർത്തകർ സജീവമായി സാക്ഷരതാപരിപാടികളിൽ പ്രവർത്തിക്കുകയുണ്ടായി. 300 ലധികം സന്നദ്ധ സംഘടനകളും രംഗത്തുണ്ട്, നമ്മുടെ രാജ്യത്തെ നിരക്ഷരരിൽ 50 ശതമാനത്തിലധികം പേർ ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ആന്ധ്രപ്രദേശ്, ബീഹാർ എന്നീ നാലു സംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടു കൂടി രാജ്യത്തെ എല്ലാ ജില്ലകളിലും സാക്ഷരതാ തുടർ വിദ്യാഭ്യാസ ആജീവനാന്ത വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇന്ത്യയിലെ 100ലധികം സർവകലാശാല വയോജന തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രങ്ങളിലൂടെ തുടർ വിദ്യാഭ്യാസ പരിപാടികൾ ഊർജ്ജിതപ്പെടുത്താനും പുതിയ ദിശാഗതി നൽകാനും യുജിസി യും ദേശീയ സാക്ഷരതാമിഷനും സംയുക്തമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർവകലാശാല അഡൽട്ട് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റുകളെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആക്കി മാറ്റിക്കഴിഞ്ഞിട്ടുണ്ട്.



**കേരളമാണ് ഇന്ത്യയിലെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന് നേതൃത്വം കൊടുക്കുന്നത് എന്ന വസ്തുത അഭിമാനകരമാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ വികസന വിജ്ഞാനയജ്ഞത്തിലൂടെ 12.22 ലക്ഷം നിരക്ഷരരെ അക്ഷരത്തിന്റെയും അവബോധത്തിന്റെയും പുത്തൻ ലോകത്തിലേക്ക് കൈ പിടിച്ചുയർത്തിയ 'അക്ഷരകേരളം' പരിപാടി ലോകത്തിനു തന്നെ മാതൃകയായി.** തുടർന്ന് 1991 ഒക്ടോബർ 2 -ന് നവസാക്ഷരരുടെ

സാക്ഷരതയും കണക്കും നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സാക്ഷരതാനന്തര പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. സാക്ഷരതാനന്തര പദ്ധതി ആദിവാസി കടലോര ഭാഷാ ന്യൂനപക്ഷ മേഖലയിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്.

1993 ജൂൺ ഒന്നാം തീയതി തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കമായി. അക്ഷരസംഘം ജനവിദ്യാകേന്ദ്രം സംവിധാനത്തിലൂടെയാണ് തുടർ വിദ്യാഭ്യാസ പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുള്ളത്. തുടർ വിദ്യാഭ്യാസ പരിപാടിയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

- നവസാക്ഷര പുസ്തകങ്ങളിലൂടെ നേടിയ സാക്ഷരത നിലനിർത്തുക,
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി തൊഴിൽ കാര്യക്ഷമത വർദ്ധിപ്പിക്കുക
- നവസാക്ഷരരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക
- സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളിൽ ചേർക്കുക
- പഠിക്കാൻ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി പരിഹാരബോധന പരിപാടികൾ നടപ്പിലാക്കുക
- ഉത്പാദന-സേവന കേന്ദ്രങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക
- സ്വയം തൊഴിൽ പരിപാടികൾ ആരംഭിക്കാൻ നവസാക്ഷരരെ സഹായിക്കുക
- വികസന-സാമൂഹ്യക്ഷേമ പരിപാടികളിൽ പഠിതാക്കളെ സജീവമായി പങ്കെടുപ്പിക്കുക
- സ്ത്രീകളും മറ്റു ദുർബല വിഭാഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുക
- കുടുംബ സദസ്സുകൾ സംഘടിപ്പിച്ച് പ്രാദേശീക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക
- മതസൗഹാർദ്ദം നിലനിർത്താനുതകുന്ന പരിപാടികൾ സംഘടിപ്പിക്കുക



- ആദിവാസി-കടലോര-ഭാഷാന്യൂനപക്ഷ മേഖലകളിൽ സാക്ഷരതാനന്തര പരിപാടികൾ സജീവമാക്കുകയും ഒപ്പം നവസാക്ഷരർക്കുവേണ്ടി ഭാവിയിൽ ഓപ്പൺ സ്ക്കൂളുകളും കറസ്പോണ്ടൻസ് കോഴ്സുകളും ആരംഭിക്കുകയും ചെയ്യുക.

ഓരോ പ്രദേശത്തിന്റെയും തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത് ജനവിദ്യാകേന്ദ്രങ്ങളാണ്. നവസാക്ഷരപുസ്തകങ്ങൾ, പത്രങ്ങൾ തുടങ്ങിയവ ശേഖരിച്ച് അക്ഷരസംഘങ്ങൾക്ക് വിതരണം ചെയ്യുക, ചുമർ പത്രികകൾ, കൈയെഴുത്തു മാസികകൾ തുടങ്ങിയവ തയ്യാറാക്കി അക്ഷരസംഘങ്ങൾക്ക് നൽകുക, തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുക, വികസന പരിപാടികളെക്കുറിച്ച് അറിവ് പകരുക, കലാകായിക പരിപാടികൾ സംഘടിപ്പിക്കുക, അക്ഷരസംഘങ്ങൾക്ക് നേതൃത്വം കൊടുക്കുക തുടങ്ങിയവയാണ് ജനവിദ്യാകേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ. തുടർവിദ്യാഭ്യാസത്തിനുള്ള സ്ഥിരം സംവിധാനമാണ് അക്ഷരസംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും. തുടർന്ന് അക്ഷരസംഘങ്ങളേയും ജനവിദ്യാകേന്ദ്രങ്ങളേയും കൂട്ടിയോജിപ്പിച്ച് തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളും നോഡൽ-മാതൃകാ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളും ആരംഭിക്കുകയുണ്ടായി. കേരളത്തിലെ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇന്ന് നാല്, ഏഴ്, പത്ത്ക്ലാസ്സുകളിലേക്കുള്ള ഇക്യുവലൻസി എഡ്യൂക്കേഷൻ പ്രോഗ്രാമിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. നാല്, ഏഴ്, പത്ത് ക്ലാസ്സുകളിലേക്കുള്ള ലെവൽ ഒന്ന്, രണ്ട്, മൂന്ന് കോഴ്സുകൾ നടത്തി

ഔപചാരിക വിദ്യാഭ്യാസ മേഖലകളിലേക്ക് എത്തിച്ചേരാൻ പഠിതാക്കളെ പ്രസ്തുത ക്ലാസ്സുകൾ സഹായിക്കുന്നു.

കേരളത്തിന്റെ തുടർവിദ്യാഭ്യാസ പരിപാടി ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടി നടപ്പിലാക്കിയാൽ അത് സാമൂഹ്യ വികസനമേഖലകളിൽ ഐതിഹാസികമായ മാറ്റങ്ങൾക്ക് വഴിതെളിക്കും. സാർവദേശീയ സാക്ഷരതാദിനം കേരളത്തിന്റെ തുടർ വിദാഭ്യാസ പ്രവർത്തനത്തിന് പുതു ജീവൻ നൽകാൻ കഴിയുന്ന രീതിയിലായിരിക്കണം ആഘോഷിക്കേണ്ടത്. ഗവൺമെന്റിന്റെയും എല്ലാ രാഷ്ട്രീയ-സാമൂഹ്യ സന്നദ്ധ സംഘടനകളുടേയും പിൻതുണയും സഹകരണവും തേടണം. ട്രേഡ് യൂണയിനുകളേയും യുവജന വിദ്യാർത്ഥി സംഘടനകളുടേയും സഹകരണം തുടർവിദ്യാഭ്യാസ പരിപാടിയ്ക്ക് നേടിയെടുക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളേയും വികസന കേന്ദ്രങ്ങളേയും തുടർവിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെടണം. ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളും തുടർവിദ്യാഭ്യാസ പരിപാടിയുമായി ബന്ധപ്പെടുത്തി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. എല്ലാ വിഭാഗം ജനങ്ങളേയും തുടർവിദ്യാഭ്യാസ പരിപാടികളുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന് സാക്ഷരതാറാലി, കലാജാഥ, സാംസ്കാരിക സമ്മേളനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കണം. വ്യവസായ പരിശീലന വകുപ്പ്, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവയുടെ സഹായത്തോടുകൂടി കമ്മ്യൂണിറ്റി പോളിടെക്നിക്കുകൾ സ്ഥാപിക്കുകയും നവസാക്ഷരർക്കും സാക്ഷരതാ പ്രവർത്തകർക്കും തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം. കേരള ഗ്രന്ഥശാലാസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5000-ത്തിലധികം വരുന്ന ലൈബ്രറികളെ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ കൂടിയാക്കി മാറ്റിയാൽ ഈ രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാക്കാൻ കഴിയും.

തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ മാസത്തിലൊരിക്കൽ നവസാക്ഷരർക്കും സാക്ഷരതാ പ്രവർത്തകർക്കും വേണ്ടി കൃഷി വിജ്ഞാന ക്ലാസ്സുകൾ, ആരോഗ്യ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, പ്രതിരോധ കുത്തിവെയ്പ്, മദ്യം-മയക്കുമരുന്ന്-പുകയില എന്നിവയ്ക്കെതിരായ ബോധവൽക്കരണ പ്രവർത്തനം, ചെറിയ കുടുംബം, പരിസര ശുചീകരണം, പരിസ്ഥിതി സംരക്ഷണം, ദേശീയ ഐക്യം, ഭക്ഷ്യസുരക്ഷ, നിയമസാക്ഷരത, മതമൈത്രി, തൊഴിൽ നിയമങ്ങൾ, സ്വയം തൊഴിൽ പരിപാടികൾ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കണം, സാമൂഹ്യ ക്ഷേമ വികസന പരിപാടികളെക്കുറിച്ച് അറിവു പകരൽ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനമാകണം. എല്ലാ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളേയും കമ്പ്യൂട്ടർ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റണം. തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളെ ആജീവനാന്ത വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റി കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം. തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളെ ഓപ്പൺ സ്കൂളുകളുമായി ബന്ധപ്പെടുത്തണം. ഇത് അനൗപചാരിക വിദ്യാഭ്യാസ മേഖലയെ ഔപചാരിക വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്താൻ സഹായിക്കും. തുടർവിദ്യാഭ്യാസ പരിപാടികളുടെ പുരോഗതി ആറുമാസത്തിലൊരിക്കൽ ഒരു നിഷ്പക്ഷ സമിതിയെക്കൊണ്ട് വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും വേണം.

കേരളത്തിലെ തുടർവിദ്യാഭ്യാസ പരിപാടികൾക്ക് പുതിയ ഉണർവും ഊർജ്ജവും പകരേണ്ട മഹത്തായ അവസരമാണ് നമുക്ക് മുന്നിലുള്ളത്. കേരളത്തെ തുടർന്നും സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി നിലനിർത്താനും നവസാക്ഷരരെ തൊഴിൽ പരിശീലനത്തിലൂടെ ഒരു പുത്തൻ ജീവിത സംസ്കാരത്തിലേക്ക് കൈപിടിച്ചുയർത്താനും നാം തുടർന്നും പരിശ്രമിക്കേണ്ടിയിരിക്കുന്നു.

**(കേരള യൂണിവേഴ്സിറ്റിയുടെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിൽ അസിസ്റ്റന്റ് ഡയറക്ടറാണ് ലേഖകൻ)**



# സൗര വൈദ്യുത പദ്ധതികൾ

മധു സുകുമാരൻ നായർ

ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഊർജ്ജാവശ്യത്തിനായി മുഖ്യമായും ആശ്രയിക്കുന്നത് ജലവൈദ്യുത പദ്ധതികളെയാണ്. വർഷങ്ങൾക്കു മുൻപ് സംസ്ഥാനത്തിന്റെ ആവശ്യത്തിനു വേണ്ടതിലധികം വൈദ്യുതി ഈ ജലവൈദ്യുത പദ്ധതികളിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ കാലക്രമേണ വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചു വന്നു. കൂടുതൽ കൂടുതൽ വ്യവസായങ്ങൾ സംസ്ഥാനത്തു തുടങ്ങിയതും, വ്യത്യസ്തവും നവീനവുമായ വീട്ടുപകരണങ്ങളുടെ അതിപ്രസരവും സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ അളവ് വളരെ കൂട്ടുകയുണ്ടായി. എന്നാൽ ഇതിനനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞില്ല. ജല വൈദ്യുത പദ്ധതികൾക്ക് ഇനിയുമേറെ സാധ്യതയുണ്ടെങ്കിലും, പാരിസ്ഥിതിക പ്രശ്നങ്ങൾ അവ നടപ്പിലാക്കുന്നതിന് വിലങ്ങുതടിയാകുന്നു. അവ ഒഴിവാക്കി പുതിയ ജലവൈദ്യുത പദ്ധതികളുമായി മുന്നോട്ടു പോവുക എന്നത് ഭാവിതലമുറയോടു നമ്മൾ ചെയ്യുന്ന ക്രൂരതയായിരിക്കും. അതിനാൽ ഇത്തരം ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുക എന്നത് അടഞ്ഞ അദ്ധ്യായമായി കണക്കാക്കാം.

ഊർജ്ജത്തിന്റെ ലഭ്യതയും, ആവശ്യവും തമ്മിലുള്ള അന്തരം വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ, ഇതു മറികടക്കുന്നതിനായി പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഈ അവസ്ഥ സംജാതമായപ്പോഴാണ് സംസ്ഥാനം മറ്റ് ഊർജ്ജ സ്രോതസ്സു

കളെക്കുറിച്ചു വിശിഷ്യാ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെക്കുറിച്ച് കാര്യമായി ചിന്തിച്ചു തുടങ്ങിയത്. വിവിധങ്ങളായ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ കേരളത്തിന് ഏറ്റവും അനുയോജ്യമായ ഒന്നാണ് സൂര്യപ്രകാശത്തിൽ നിന്നുള്ള ഊർജ്ജം. സംസ്ഥാനത്ത് വർഷത്തിൽ മിക്കവാറും ദിവസവും സൂര്യപ്രകാശം സുലഭമായി ലഭിക്കുന്നു എന്നതാണ് ഇതിലെ ഏറ്റവും പ്രസക്തമായ വസ്തുത. ഇതു തന്നെയാണ് ഈ മാർഗ്ഗത്തിന് കൂടുതൽ ഊന്നൽ നൽകി ഊർജ്ജോല്പാദനത്തിനായി തെരഞ്ഞെടുത്തതിന്റെ പ്രധാന മാനദണ്ഡവും.

സൂര്യരശ്മികളിൽ നിന്നും പ്രധാനമായും രണ്ടുതരം ഊർജ്ജമാണ് നമുക്ക് ലഭിക്കുക. ചൂടും, പ്രകാശവും. ഇവ രണ്ടും ലഭിക്കുന്ന മാത്രയിൽ തന്നെ നമുക്കു വേണ്ട രൂപത്തിലാക്കി ഉപയോഗിക്കുക എന്നതാണ് നമ്മൾ പ്രാവർത്തികമാക്കുന്ന തത്വം. ഇതിനായി രണ്ടുതരം ഉപകരണങ്ങളാണ് സാധാരണയായി ഉപയോഗിച്ചു വരുന്നത് - സൗരതാപ ഉപകരണങ്ങളും, സൗരവൈദ്യുത ഉപകരണങ്ങളും.

**സൗരതാപ ഉപകരണങ്ങൾ**

സൂര്യരശ്മികളിലെ ചൂടുപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങളിൽ ഏറ്റവും സാധാരണമായത് സൗരവാട്ടർ ഹീറ്ററുകളാണ്. ഇവ ഗാർഹിക ആവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും അനുയോജ്യമാണ്. പ്രധാനമായും രണ്ടുതരം സൗര വാട്ടർ ഹീറ്ററുകളാണ് നിലവിലുള്ളത്. 'ഫ്ളാറ്റ് പ്ലേറ്റ് കളക്ടർ', 'ഇവാക്യുവേറ്റഡ് ട്യൂബ് കളക്ടർ' എന്നിവയാണ് അവ. ആദ്യത്തേതിൽ ചെമ്പ് തകിടുകളിൽ സൂര്യപ്രകാശം പതിപ്പിച്ച് അവ ചൂടാക്കി വെള്ളം ചൂടാക്കുകയാണ് ചെയ്യുന്നത്. ശൂന്യമാക്കിയ ഗ്ലാസ് ട്യൂബുകളിൽ സൂര്യരശ്മികൾ പതിപ്പിച്ച് വെള്ളം ചൂടാക്കുന്ന രീതിയാണ് രണ്ടാമത്തേത്.

സോളാർ കുക്കറുകളാണ് സൂര്യരശ്മികളിലെ ചൂടുപയോഗിച്ച് പ്രവർത്തിക്കുന്ന അടുത്ത ഉപകരണം. ചെറിയ ഒരു കുടുംബത്തിന് മുതൽ



സോളാർ വാട്ടർ ഹീറ്റർ

പതിനായിരക്കണക്കിന് ആൾക്കാർക്ക് വരെ ഭക്ഷണം പാകം ചെയ്യാൻ ഇത്തരം കുക്കറുകൾ ഉപയോഗിച്ചു വരുന്നു. ബോക്സ് ടൈപ്പ് കുക്കറുകൾ, ഷെഫ്ളർ ടൈപ്പ് കുക്കറുകൾ എന്നിങ്ങനെ ഇവയെ രണ്ടായി തരം തിരിച്ചിരിക്കുന്നു. 'ഗ്രീൻ ഹൗസ് ഇഫക്ടി'-ന്റെ തത്വമുപയോഗിച്ചാണ് ബോക്സ് ടൈപ്പ് കുക്കറുകൾ പ്രവർത്തിക്കുന്നത്. സാധാരണ കുടുംബങ്ങൾക്ക് ഇത്തരം കുക്കറുകൾ ഉപയോഗപ്പെടുത്തി ഭക്ഷണം പാകം ചെയ്യാൻ കഴിയും. എന്നാൽ കൂടുതൽ പേർക്ക് ഭക്ഷണം പാകം ചെയ്യുവാനായി ഷെഫ്ളർ കുക്കറുകളാണ് ഉപയോഗിക്കുക. വളരെയധികം കണ്ണാടികൾ ഉപയോഗിച്ച് സൂര്യപ്രകാശം ഒരു ബിന്ദുവിൽ പതിപ്പിച്ച്, വെള്ളം ചൂടാക്കി നീരാവിയാക്കി മാറ്റുകയും, ഈ നീരാവി ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യുകയുമാണ് ഇവിടെ അവലംബിക്കുന്ന രീതി. മൗണ്ട് അബുവിൽ സ്ഥിതി ചെയ്യുന്ന ബ്രഹ്മകുമാരി സമൂഹത്തിന്റെ ആശ്രമത്തിലാണ് ഏറ്റവും വലിയ സോളാർ കുക്കർ സ്ഥാപിച്ചിട്ടുള്ളത്.

ഡിസ്റ്റിൽഡ് വാട്ടർ നിർമ്മിക്കാനായി ഉപയോഗിക്കുന്ന 'സോളാർ ഡിസ്റ്റി' ലുകളാണ് സൂര്യരശ്മികളിലെ ചൂടുപയോഗിച്ച് പ്രവർത്തിക്കുന്ന മറ്റൊരു ഉപകരണം.

**സൗര വൈദ്യുത ഉപകരണങ്ങൾ**

**സൗരറാന്തലുകൾ**

സാധാരണയായി ഉപയോഗിക്കുന്ന സൗര വൈദ്യുത ഉപകരണങ്ങളിൽ ഏറ്റവും ചെറുതാണ്

സൗരറാന്തലുകൾ. പുരപ്പുറത്ത് സ്ഥാപിക്കുന്ന സൗരപാനലുകൾ ഉപയോഗിച്ചാണ് ഇവയിലെ ബാറ്ററികൾ പകൽ സമയത്ത് ചാർജ്ജു ചെയ്യുക. ഇത്തരത്തിൽ ചാർജ്ജ് ചെയ്തു കഴിഞ്ഞാൽ ഉപയോഗത്തിനായി എവിടേയ്ക്കും കൈയ്യിൽ കൊണ്ടു നടക്കാമെന്നതാണ് ഇതിനെ കൂടുതൽ ജനപ്രിയമാക്കുന്നത്. പൂർണ്ണമായും ചാർജ്ജു ചെയ്തു കഴിഞ്ഞാൽ സൗരറാന്തലുകൾ ഏകദേശം 4 മണിക്കൂർ പ്രവർത്തിപ്പിക്കുവാൻ കഴിയും.

### സൗര ഹോംലൈറ്റിംഗ് സിസ്റ്റംസ്

സൗരറാന്തലുകളുടെ കുറച്ചുകൂടി വലിയ പതിപ്പാണ് സൗര ഹോംലൈറ്റിംഗ് സിസ്റ്റംസ്. ഇവ കൊണ്ടു നടക്കാൻ കഴിയുന്നവയല്ല. സുരക്ഷിത മായി സ്ഥാപിക്കുന്ന ബാറ്ററിയിൽ നിന്നും വീടിന്റെ പല സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള മൂന്നോ നാലോ ലൈറ്റുകൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നു. ഈ ബാറ്ററികൾ ചാർജ്ജു ചെയ്യുന്നത് വീടിന്റെ മുകളിൽ സ്ഥാപിച്ചിട്ടുള്ള സൗരപാന ലുകൾ ഉപയോഗിച്ചാണ്.

### സൗര തെരുവ് വിളക്കുകൾ

വിളക്ക് കാലിന്റെ മുകളിൽ സ്ഥാപിക്കുന്ന സൗരപാനലിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് വിളക്ക് കാലിൽ തന്നെ ഘടിപ്പിച്ചിട്ടുള്ള ബോക്സിൽ സൂക്ഷിച്ചിട്ടുള്ള ബാറ്ററി ചാർജ്ജ് ചെയ്യുന്നു. ലൈറ്റ് സെൻസറു കൾ ഘടിപ്പിച്ച ലൈറ്റ് യൂണിറ്റുകൾ വൈകുന്നേരം സൂര്യപ്രകാശം മങ്ങുന്നതോടെ തനിയെ തെളിയുകയും രാവിലെ സൂര്യപ്രകാശത്തിന്റെ തീവ്രതയേറുന്നതോടെ തനിയെ കെടുകയും ചെയ്യും.

### സൗരവേലികൾ

മലയോര മേഖലകളിൽ പലയിടത്തും അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ് വന്യമൃഗങ്ങളിൽ നിന്നുള്ള ശല്യം. പല ഗ്രാമങ്ങളി ലെയും ജനവാസ പ്രദേശങ്ങൾ വനമേഖല




സൗരവേലി

യുമായി ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ഇതി നാൽ വനത്തിൽ നിന്നും മിക്കപ്പോഴും വന്യമൃഗങ്ങൾ പുറത്തിറങ്ങി ജനവാസകേന്ദ്രങ്ങളി ലുള്ള കൃഷി നശിപ്പിക്കുന്നതും മനുഷ്യരുൾ പ്പെടെയുള്ള ജീവജാലങ്ങൾക്ക് അപകടം വരുത്തുന്നതും പതിവാണ്. ഇതു തടയുവാനായി ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ ജനവാസ കേന്ദ്രങ്ങളെയും, വനത്തേയും വേർതിരിക്കുന്ന സ്ഥലത്ത് സൗരവേലികൾ സ്ഥാപിക്കുന്നതാണ് ഏറ്റവും ഉചിതമായ നടപടി. ഇവയിലൂടെ പ്രവഹിക്കുന്ന വൈദ്യുതി, ആഘാതം ഏൽപ്പിക്കു മെങ്കിലും ജീവന് ഹാനികരമല്ല.

### റൂഫ്ടോപ്പ് സോളാർ പദ്ധതികൾ

ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 10000 റൂഫ് ടോപ്പ് സൗരപവർ പ്ലാന്റുകൾ എന്ന പദ്ധതി. നമ്മുടെ സംസ്ഥാനത്ത് സൗരോർജ്ജം സുലഭ മായി ലഭിക്കുന്നുവെങ്കിലും അവ വൈദ്യുതി യാക്കി മാറ്റുവാൻ വേണ്ട സൗരപാനലുകൾ സ്ഥാപിക്കുവാനാവശ്യമായ സ്ഥലം കണ്ടെത്തുക

എന്നത് വളരെ ശ്രമകരമായ കാര്യമാണ്.

വിസ്തീർണ്ണം താരതമ്യേന കുറഞ്ഞ സംസ്ഥാനമായതിനാൽ സൗരപാനലുകൾക്ക് സ്ഥലം കണ്ടെത്തുക വളരെ ദുഷ്കരമായ ജോലിയായി മാറി. ഇത്തരുണത്തിലാണ് വെറുതേ കിടക്കുന്ന മേൽക്കൂരകൾ ഇതിനായി പ്രയോജനപ്പെടുത്താമെന്ന ആശയം പൊന്തി വന്നത്. ഒരു തുടക്കമെന്നനിലയിൽ 10,000 കെട്ടിടങ്ങൾക്കു മുകളിൽ 1 കിലോ വാട്ട് ശേഷി വീതമുള്ള സൗരപവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ആ കെട്ടിടത്തിലെ വൈദ്യുത ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഊർജ്ജം കണ്ടെത്തുക എന്നതായിരുന്നു ലക്ഷ്യം. ഇത്തരത്തിലുള്ള ഒരു കിലോ വാട്ട് സൗരപവർ പ്ലാന്റ് സാധാരണ സൂര്യപ്രകാശം ലഭിക്കുന്ന ദിവസങ്ങളിൽ 3 മുതൽ 4 വരെ യൂണിറ്റ് വൈദ്യുതി ഗുണഭോക്താവിന്റെ ഉപയോഗത്തിനായി ലഭ്യമാക്കുന്നു. ഇത്തരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി, അവ ശേഖരിക്കുവാൻ സജ്ജമാക്കിയിട്ടുള്ള ബാറ്ററികളിൽ ശേഖരിക്കുന്നു. എന്നിട്ട് ഗുണഭോക്താവ് ആവശ്യാനുസരണം ഉപയോഗിക്കുന്നു.

10000 കെട്ടിടങ്ങളിൽ ഇത്തരത്തിൽ പവർ പ്ലാന്റ് സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആകെ 175 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ 10 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു വൈദ്യുത നിലയം സ്ഥാപിക്കുന്നതിനു തുല്യമായ ഗുണം കിട്ടുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ഭാരതത്തിൽ തന്നെ ഇത്രയും ബൃഹത്തായ ഒരു പദ്ധതി ആദ്യമായാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്രമന്ത്രാലയത്തിൽ നിന്നും ലഭിച്ച സാങ്കേതിക നിർദ്ദേശങ്ങളോടൊപ്പം, ഗുണഭോക്താക്കൾക്ക് പരമാവധി ഗുണങ്ങൾ ലഭിക്കാൻ വേണ്ട നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി കുറച്ചു കമ്പനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഈ ലിസ്റ്റിൽ നിന്നും അവർക്കിഷ്ടമുള്ള കമ്പനി തെരഞ്ഞെടുത്ത് സിസ്റ്റം സ്ഥാപിക്കാവുന്നതാണ്. ജനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുവാനായി ഗുണഭോക്താക്കൾ സബ്സിഡി തുക കഴിച്ചുള്ള തുക മാത്രം മുടക്കിയാൽ മതി എന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. സബ്സിഡി തുക അനെർട്ട് നേരിട്ട് ബന്ധപ്പെട്ട കമ്പനികൾക്കു നൽകുന്നതാണ്. സിസ്റ്റം സ്ഥാപിച്ചു പ്രവർത്തന സജ്ജമാക്കി കഴിഞ്ഞു മാത്രമേ ഈ തുക നൽകുകയുള്ളൂ. ഇങ്ങനെ ചെയ്യുന്നതിലൂടെ അനെർട്ട് നിഷ്ക്കർഷിച്ച രീതിയിലുള്ള സിസ്റ്റമാണ് ഗുണഭോക്താവിന് ലഭിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഈ പദ്ധതി പ്രകാരം ഇതേവരെ 7500-ലധികം സൗര പവർപ്ലാന്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചു കഴിഞ്ഞു. ഈ പദ്ധതി പൂർണ്ണമാകുന്നതോടെ സംസ്ഥാനത്ത് വർഷം തോറും ഒരു കോടിയിൽ പരം യൂണിറ്റ് ശൃംഖലാ ബന്ധിത വൈദ്യുതി ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### സോളാർ കണക്ട് പദ്ധതി

ഈ പദ്ധതിയിലൂടെ ആകെ 12 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന സൗര പവർ പ്ലാന്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാനാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഓരോ ഗുണഭോക്താവിനും 2 മുതൽ 50 കിലോ വാട്ട് വരെ ശേഷിയുള്ള സൗരപ്ലാന്റുകളാണ് സ്ഥാപിക്കുവാൻ അനുമതി നൽകുന്നത്. ഗുണഭോക്താവിന് പ്ലാന്റ് സ്ഥാപിക്കുവാനുള്ള സാമ്പത്തികശേഷി, ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത, ഊർജ്ജത്തിന്റെ ആവശ്യകത എന്നിവ കണക്കിലെടുത്ത് അവർക്ക് യോജിക്കുന്ന തരത്തിലുള്ള പ്ലാന്റ് സംസ്ഥാന വൈദ്യുത ബോർഡ് ലിമിറ്റഡിന്റെ അനുമതിയോടെ സ്ഥാപിക്കാവുന്നതാണ്. ഇതിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി അതത് സ്ഥലത്ത് വൈദ്യുതി വിതരണം നടത്തുന്ന സ്ഥാപനത്തിന്റെ ശൃംഖലയിലേക്ക് നൽകുന്നു. ഗുണഭോക്താവ്

ഉപയോഗിക്കുന്ന വൈദ്യുതിയുടെയും, ശൃംഖല യിലേക്ക് നൽകുന്ന വൈദ്യുതിയുടെയും ആകെ വ്യത്യാസം കണക്കാക്കിയായിരിക്കും ബില്ല് തയ്യാറാക്കുക. കൂടുതൽ വൈദ്യുതി ഗുണഭോ ക്താവ് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള വില മാത്രം വിതരണ സ്ഥാപനത്തിന് നൽകിയാൽ മതിയാകും. കൂടുതൽ വൈദ്യുതി ശൃംഖലയി ലേക്ക് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വില കണക്കാക്കിയുള്ള തുക വിതരണ സ്ഥാപനത്തിൽ നിന്നും ഗുണഭോക്താവിന് ലഭിക്കും. ഈ പദ്ധതി യ്ക്കും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ലഭ്യമാണ്.

**സൺഷിഫ്റ്റ് പദ്ധതി**

പീക്ക് ലോഡ് സമയങ്ങളിൽ ആവശ്യത്തി നനുസരിച്ച് വൈദ്യുതി ലഭ്യമല്ലാത്തതിനാൽ, ഈ പ്രശ്നം തരണം ചെയ്യുന്നതിലേക്കായി ചാക്രിക മായ ലോഡ് ഷെഡ്ഡിംഗ് നടപ്പിലാക്കാറുണ്ട്. ഉപഭോക്താക്കൾ ഇതു മറികടക്കുന്നതിലേക്കായി ഇൻവർട്ടറുകൾ ഉപയോഗിക്കുന്നു. ഇത്തരത്തി ലുള്ള 15 ലക്ഷത്തിലേറെ ഇൻവർട്ടറുകൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടു ള്ളത്. ഇവ ചാർജ്ജു ചെയ്യാനായി ശൃംഖലാ ബന്ധിത വൈദ്യുതി തന്നെയാണ് ഉപയോഗിക്കു ന്നത്. ഇതു മൂലം ലോഡ് ഷെഡിംഗ് കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കു ന്നില്ല എന്നു മാത്രമല്ല ഈ പ്രവണത മറ്റു സമയങ്ങളിലും വൈദ്യുതിയുടെ ആവശ്യകത അധികമാക്കുകയും ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 'സൺഷിഫ്റ്റ് 'പദ്ധതിക്ക് തുടക്കമിട്ടത്. ഇതിലൂടെ ഇത്തരം ഇൻവർട്ടറുകൾ ചാർജ്ജു ചെയ്യുവാ നായി സൂര്യപ്രകാശം ഉപയോഗിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇൻവെർട്ടറുകൾ ചാർജ്ജ് ചെയ്യുവാനായി ശൃംഖലാ ബന്ധിത വൈദ്യുതി ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുക യാണ് ലക്ഷ്യം.

ഇത്തരത്തിൽ വിവിധങ്ങളായ പദ്ധതികളിലൂടെ പരിസ്ഥിതിക്ക് യാതൊരു വിധ കോട്ടവും വരാതെ സംസ്ഥാനത്തെ ഊർജ്ജക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്ന ശ്രമകരമായ ജോലി ഏറ്റെടുത്ത് മുന്നേറുകയാണ് സംസ്ഥാന സർക്കാർ സ്ഥാപന മായ അനെർട്ട്. വൈദ്യുതി ഉപഭോഗം ക്രമാതീത മായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആസ ന്നമായ ഊർജ്ജ പ്രതിസന്ധി മുന്നിൽക്കണ്ട് പ്രകാശമാനമായ നാളേയ്ക്കു വേണ്ടി പ്രത്യാശയുടെ കിരണമാവുകയാണ് അനെർട്ട്.

**(അനെർട്ടിൽ പ്രോഗ്രാം ഓഫീസറാണ് ലേഖകൻ)**



## മഹത് വചനം

**"മറ്റുള്ളവർക്കു വേണ്ടി ജീവിക്കുമ്പോൾ മാത്രമാണ് നമുക്ക് സ്വയം തിരിച്ചറിയാനാവുക".**

**മഹാത്മാഗാന്ധി**

# നൈപുണ്യ വികസനം: വിഭവ ശേഷികളുടെ മൂലധനവത്കരണം

പ്രൊഫ. മനോജ് ജോഷി,
ഡോ. അരുൺ ബഹാദൗരിയ, ഡോ. ഷൈൽജാ ദീക്ഷിത്

**ഇ**ന്ത്യയെപ്പോലെ സാമ്പത്തിക വളർച്ചയുടെ പിന്തുണയോടെ മുന്നോട്ടു കുതിക്കുന്ന ഒരു രാജ്യം അതിന്റെ സമ്പന്നമായ യുവജന ശക്തിയുടെ പിൻബലത്തിൽ, നൈപുണ്യ വികസനത്തിന് പ്രഥമ പരിഗണന നൽകുന്നത് അനുപേക്ഷണീയമാകുന്നു. രണ്ടു വഴിക്കാണ് സാമ്പത്തിക പുരോഗതി കൈവരിക്കുക. ഒന്ന്, സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്ന നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിച്ചുകൊണ്ട്; രണ്ട്, സ്വയം തൊഴിൽ മേഖലയിലെ യുവാക്കൾക്കും സംരംഭകർക്കും സാമ്പത്തിക പുരോഗതി കൈവരിക്കാനും ഉത്പാദനപരമായ നൈപുണ്യം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പുതിയ ആവാസ വ്യവസ്ഥ സൃഷ്ടിച്ചു കൊണ്ട്. രണ്ടിനും അതിന്റേതായ സാധ്യതകളും പരിമിതികളും ഉണ്ട്. എന്നിരുന്നാലും, നൈപുണ്യവികസനമാണ് ഈ ചർച്ചയുടെ കേന്ദ്ര വിഷയം. സാമ്പത്തിക പുരോഗതി എന്ന ആശയം ഒരിക്കലും നിലവിലുള്ളതോ വർധിപ്പിച്ചതോ ആയ നൈപുണ്യത്തിലൂടെയും വിഭവ ഉപയോഗത്തിലൂടെയും അതിനുള്ള വഴികൾ തേടുന്നില്ല.

### സ്ഥാപന ശ്രമങ്ങളും അതിൽ നിന്നു പഠിച്ച പാഠങ്ങളും

അടുത്ത കാലത്ത് ഇന്ത്യാ ഗവൺമെന്റ് ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കിയുള്ള മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, ദേശീയ ഗ്രാമീണ ജീവന ദൗത്യം, ദേശീയ നൈപുണ്യ വികസന ദൗത്യം തുടങ്ങിയ പദ്ധതികളിലൂടെ സമഗ്ര വികസനത്തിന് വൻ മൂലധന നിക്ഷേപം നടത്തി വരികയാണ്. അതിനുപരി 'ഇന്ത്യയിൽ നിർമ്മിക്കൂ' പദ്ധതിയുടെ ലക്ഷ്യവും സമഗ്ര പുരോഗതിയും വളർച്ചയുമാണ്. യഥാർത്ഥത്തിൽ ഇത്തരം നടപടികളിലൂടെ നമുക്ക് സ്വന്തമായുള്ള വിഭവങ്ങളെ നാം പരമാവധി ഉപയോഗിക്കുകയും പുതിയ വിഭവങ്ങൾ കണ്ടെത്തുകയും ചിലപ്പോൾ ഗവേഷണങ്ങളിലൂടെ ആവശ്യമായവ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുന്നു.

സ്കിൽ ഇന്ത്യ ഇനീഷ്യേറ്റിവ് (ഇന്ത്യൻ നൈപുണി സംരംഭം) ഈ ദിശയിലുള്ള മൂർത്തമായ പരിശ്രമമാണ്. സമൂഹങ്ങളുടെ ഉപജീവന സുരക്ഷയിലേയ്ക്കു വരുമ്പോൾ പ്രഥമ തർക്കം നൈപുണ്യാധിഷ്ഠിത പഠനത്തിലാണ്. വിജയകരമായ ഉദ്യമത്തിനും ക്ഷേമത്തിനും ആവശ്യമായ നൈപുണ്യം, ലഭ്യത, അവസരങ്ങൾ എന്നിവയാണ് ഉപജീവന സൂചിക പരിഗണിക്കുന്നത്. മാത്രവുമല്ല, നൈപുണ്യ വികസനം ഒരിക്കലും സ്വയം വരികയില്ല. അത് അവസരങ്ങളെ ഉപയോഗിക്കുന്നതിനുള്ള കഠിന പരിശ്രമത്തിലൂടെയും അതിരുകൾക്കപ്പുറത്തുള്ള ജീവിതത്തിലൂടെയും നേടിഎടുക്കേണ്ടതാകുന്നു. ഇപ്പോൾ  നൈപുണ്യ വികസനം സംബന്ധിച്ച് വിദ്യാഭ്യാസത്തിലും നയരൂപീകരണത്തിലും നടക്കുന്ന ചർച്ചയിൽ കൂടുതൽ ഊന്നൽ സംരംഭകത്വത്തിനാണെന്നു തോന്നുന്നു. ഇന്ന് നിക്ഷേപകർ ഉറ്റുനോക്കുന്നത് സ്റ്റാർട്ട് അപ്പുകൾക്കു വേണ്ടിയാണ്. അതായത്, ബിസിനസുകളിൽ ആരും കാണാത്ത പുത്തൻ അവസരങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിനും അതുവഴി സ്വന്തം നൈപുണ്യം വികസിപ്പിക്കുന്നതിനും തിളക്കം ഉണ്ടാക്കുന്നതിനുമാണ്. എന്നിട്ടും വിനിയോഗിക്കപ്പെടാവുന്ന വിഭവശേഖരം ഉണ്ടാക്കുന്നതിനും വിജയകരമായ സംരംഭങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനും പ്രാപ്തിയുള്ളവർ വിരളം തന്നെ. സാമൂഹിക അനാഥത്വവും സമൂഹ്യ ശാസ്തരപരമായ പ്രശ്നങ്ങളുമാണ് സാമ്പത്തിക പുരോഗതിയും വളർച്ചയും വികസനവും യാഥാർത്ഥ്യമാക്കുന്നതിനു പ്രധാന പ്രതിബന്ധങ്ങളായി നിൽക്കുന്നത്.

### സാമ്പത്തിക പുരോഗതിയിൽ നൈപുണ്യ വികസനത്തിന്റെ പങ്ക്

മികച്ച പരിശീലനത്തലൂടെയോ അനുഭവത്തിലൂടെയോ സമ്പാദിക്കുന്ന പ്രാവീണ്യം എന്ന് നൈപുണ്യ വികസനത്തെ വേണമെങ്കിൽ നിർവചിക്കാം. ആഗോള നേതാക്കൾ അവരുടെ ദേശീയ നയങ്ങളിലൂടെ നൈപുണ്യ വികസനത്തിന്റെ സ്വാധീനത്തെ അംഗീകരിച്ചിട്ടുള്ളതാണ്. മാറിക്കൊണ്ടിരിക്കുന്ന വിപണി താൽപര്യങ്ങളും നവീകരണത്തിന്റെ പ്രയോജനങ്ങളും സംരംഭകത്വ പ്രവർത്തനങ്ങളും അനുസരിച്ച് വ്യക്തികളുടെ ശേഷിയെ ഇത് ശാക്തീകരിക്കുന്നു. ലോകമെമ്പാടും ദൃശ്യമായിട്ടുള്ള മത്സരത്തിന്റെ പശ്ചാത്തലത്തിൽ, മാറിക്കൊണ്ടിരിക്കുന്ന സമ്പദ്വ്യവസ്ഥയുടെ പുത്തൻ ആവശ്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ടതും, അവസരങ്ങളെ പ്രയോജനപ്പെടുത്തേണ്ടതും വളരെ ആവശ്യമാകുന്നു.  എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു? അവരുടെ ഉത്പാദന ക്ഷമത എത്ര? തുടങ്ങിയ കാര്യങ്ങളെ ആശ്രയിച്ചാണ് ഓരോ രാജ്യത്തിന്റയും ഭാവി നിലകൊള്ളുന്നത്. അതിനാൽ  നൈപുണ്യവികസനത്തെ കുറച്ചു കൂടി വിശാലമായ വളർച്ചയുമായും, തൊഴിലുമായും, ഗവൺമെന്റ് ഇടപെടലുള്ള വികസനകാഴ്ച്ചപ്പാടുമായും ബന്ധപ്പെടുത്താവുന്നതാണ്.

### ഇന്ത്യയുടെ മത്സരക്ഷമത

ബോസ്റ്റൺ കൺസൾട്ടിങ് ഗ്രൂപ്പ് നടത്തിയ ഒരു പഠനപ്രകാരം 2020-  ൽ ലോകത്തിൽ 47 ദശലക്ഷം തൊഴിലാളികളുടെ ക്ഷാമം ഉണ്ടാകും എന്നാണ്. ഇന്ത്യയാകട്ടെ ഒരു ജനസംഖ്യാ വളർച്ചാ സ്ഫോടനത്തിന്റെ പാതയിലാണ്.  അതിന്റെ പ്രബലമായ ജനസംഖ്യാ കണക്കുകൾ ലോകമെമ്പാടും വലിയ തലക്കെട്ടുകൾ സൃഷ്ടിക്കുന്നുമുണ്ട്. ഇന്ന് ലോകത്തിലെ ഏറ്റവും കൂടുതൽ യുവത്വം നിറഞ്ഞ രാജ്യം ഇന്ത്യയാണ്. ഇവിടുത്തെ തൊഴിലെടുക്കുന്ന 62 ശതമാനം ആളുകളും 15 – 59 നും മധ്യേ പ്രായമുള്ളവരാണ്. ജനസംഖ്യയിൽ 54 ശതമാനവും 25 വയസിൽ താഴെയുള്ളവരും. 2022-ൽ ഇന്ത്യയിൽ മാത്രം 56 ദശലക്ഷം തൊഴിലാളികൾ ഉണ്ടാവും. ഇവിടെ ഓരോ വർഷവും 12 ദശലക്ഷം യുവാക്കൾ തൊഴിലാളികളായി ചേർന്നുകൊണ്ടിരിക്കുകയാണ്, അവർക്ക് വേണ്ടത്ര പരിശീലനവും വിദ്യാഭ്യാസവും ലഭ്യമാക്കുകയാണെങ്കിൽ വലിയ ഒരു മനുഷ്യവിഭവ സഞ്ചയമായി അവർ മാറും. ഇന്ത്യൻ വിപണിയ്ക്കു മാത്രമല്ല, ആഗോള സമ്പദ്വ്യവസ്ഥയ്ക്കു പോലും അതു ഗുണകരമായി മാറും. (12-ാം പദ്ധതിയുടെ ആസൂത്രണ കമ്മിഷൻ നയരേഖ)

ഇന്ത്യ, മറ്റ് പല ഏഷ്യൻ രാജ്യങ്ങളെയും പോലെ അഞ്ച് തൊഴിൽ വിപണി രൂപാന്തരങ്ങളിലൂടെ കടന്നു പോകുകയാണ്. അത്-കൃഷിയിടത്തിൽ നിന്ന് കൃഷിയിടമില്ലായ്മയിലേക്ക്, ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക്, അസംഘടിതമായിരുന്ന തിൽ നിന്ന് സംഘടനയിലേക്ക്, തുച്ഛമായ സ്വയം തൊഴിലിൽ നിന്ന് മാന്യമായ ശമ്പളമുള്ള ജോലിയിലേക്ക്, സ്കൂളുകളിൽ നിന്ന് ഉദ്യോഗ ങ്ങളിലേക്ക്, എന്നിങ്ങനെയാണ്. ഇന്ത്യ ഒരിക്കൽ വലിയ ശാപമായി കരുതിയിരുന്ന അതിന്റെ ജന സംഖ്യ ഇന്ന് ഏവരും ആഗ്രഹിച്ചു പോകുന്ന ജന സംഖ്യാ ലാഭവിഹിതമായി മാറിയിരിക്കുന്നു. ജന സംഖ്യാ ലാഭവിഹിതം എന്നാൽ വെറും ആളുക ളല്ല, അതിനർത്ഥം, സമർത്ഥരായ, വിദ്യാസമ്പന്ന രായ ജോലിയുള്ള ആളുകൾ എന്നാണ്. താഴ്ന്ന തൊഴിൽ ചെലവും സമ്പന്നമായ സാമർത്ഥ്യ ശേഖ രവും ആണ് ഇന്ത്യയിൽ ലഭിക്കുന്ന വ്യത്യസ്ത മായ പ്രയോജനം. ഇതാണ് ആഗോള തലത്തിൽ ഇന്നത്തെ ഇന്ത്യയുടെ ശക്തിയായി മാറിയിരി ക്കുന്ന വിജ്ഞാനാധിഷ്ഠിത സമൂഹം.

### ഇന്ത്യയിലെ വൈദഗ്ധ്യ പരിശീലനം

ആഗോള തലത്തിൽ രാജ്യങ്ങൾ വളരെ വേഗ ത്തിൽ വാർദ്ധക്യത്തിലേയ്ക്ക് നീങ്ങുമ്പോൾ ഇന്ത്യയ്ക്ക് സ്വന്തമായുള്ള ലോകത്തിലെ തന്നെ ഏറ്റവും യുവത്വം നിറഞ്ഞ അതിന്റെ ജനസംഖ്യ ഒരു ലാഭവിഹിതമായി മാറുകയാണ് ഇപ്പോൾ. പക്ഷെ ഇന്ത്യയുടെ ജനസംഖ്യയിലെ നാലിൽ മൂന്ന് ശതമാനവും അവിദഗ്ധരാണ്. ആഗോള സാമ്പത്തിക ഫോറത്തിന്റെ ടാലന്റ് റിസ്ക് റിപ്പോർട്ട് (2011) പ്രകാരം ഇന്ത്യയും ബ്രസീലും പോലെയുള്ള വികസ്വര രാജ്യങ്ങൾ വരെ താഴ്ന്ന തൊഴിൽ യോഗ്യത മൂലം വലിയ നൈപുണ്യ വിടവ് അഭിമുഖീകരിക്കുന്നു. രാജ്യത്തെ വ്യവ സായ മേഖലയക്ക് ആവശ്യമുള്ള വൈദഗ്ധ്യ മുള്ളവരെയല്ല ഇവിടുത്തെ വിദ്യാഭ്യാസ സംവി ധാനം പരിശീലിപ്പിക്കുന്നത്. ദേശീയ നൈപുണ്യ വികസന ദൗത്യത്തിന്റെ പരിശ്രമങ്ങൾ ഉണ്ടായിട്ടും 2022 ൽ 500 ദശലക്ഷം വിദഗ്ധ മനുഷ്യശക്തി എന്ന ലക്ഷ്യം നേടുക അത്ര എളുപ്പമല്ല.

### അവസരങ്ങളുടെ വിനിയോഗവും സാമ്പത്തിക വളർച്ചയും തമ്മിലുള്ള അന്തരം

ചില പ്രധാന കാരണങ്ങളും പ്രതിവിധികളും ചുവടെ ചേർക്കുന്നു

- അൽപ വികസിത രാജ്യങ്ങളിലെ ഉപജീവന സംവിധാനത്തിന്റെ ഘടനാപരമായ കാര്യക്ഷ മതയില്ലായ്മ, വിഭവ വിതരണത്തിലെ അപാ കത, കൃഷിയിടങ്ങളുടെ തുണ്ടുവത്ക്കരണവും ഉപവിഭജനവും, റോഡുകളുടെ അപര്യാ പ്തത, നിരക്ഷരത, വികസനങ്ങളോട് പുലർ ത്തുന്ന വൈമുഖ്യം, ശോചനീയമായ പാർപ്പി ടങ്ങൾ.
- ഉത്പാദനം, സംസ്കരണം എന്നിവയിൽ ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം, യുക്തമായ വിളകളിലേയ്ക്കുള്ള വൈവിധ്യ വത്ക്കരണം, പ്രകൃതി വിഭവ വിനിയോഗം, സാമ്പത്തിക, രാഷ്ട്രീയ വിതരണ സംവിധാ നത്തിലെ ശൂന്യ സ്ഥലങ്ങൾ നിറയ്ക്കൽ, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ പോലുള്ള പ്രവർത്തനങ്ങൾ എന്നിവ വ്യാപകമാക്കുക.
- ചെറുകുട വ്യവസായ സംരംഭങ്ങൾ പോലെ സ്വയം സുസ്ഥിര സംവിധാനം കൈവരിക്കാൻ ആവശ്യമായ ബദൽ വരുമാന ഉത്പാദന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സാമ്പത്തികമായും പാരിസ്ഥിതികമായും ആഗോളമായും പ്രാദേശികമായും സുസ്ഥിര മായ തന്ത്രങ്ങൾ (കൃഷിയിടങ്ങളിൽ ജോലി ഇല്ലാത്ത സമയത്ത് തൊഴിലാളികളെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതു പോലെ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ആകസ്മികമായി സംഭവിക്കാവുന്ന പ്രതിസ ന്ധികളെ തരണം ചെയ്യാൻ വൻ ധാന്യ ശേഖരം സൂക്ഷിക്കുക.
- പൊതു മുതലുകളുടെ സൂക്ഷിക്കലിലും കൊണ്ടു പോകലിലും സാമൂഹിക പങ്കാളിത്ത ത്തോടെ പുരോഗതി കൈവരിക്കുക.

### സപ്ലൈ – ഡിമാൻഡ് ഏകീകരണത്തിലെ പ്രശ്നങ്ങൾ

വ്യവസ്ഥപ്പെടുത്തിയ തൊഴിലില്ലായ്മ ഒരിക്കലും ആവശ്യമുള്ള ജോലിക്കാരുടെ ലഭ്യത കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ല. അതുപോലെ തന്നെ അറിയിക്കുന്ന ഒഴിവുകളുടെ എണ്ണം ലഭ്യമായ ജോലിയെയും പ്രതിഫലിപ്പിക്കുന്നില്ല. തൊഴിൽ, ഉത്പാദന രീതികൾ തമ്മിൽ വലിയ അന്തരമുണ്ട്. ഇന്ത്യയിലെ 93 ശതമാനം തൊഴിലാളികളും അനൗപചാരിക ജോലിക്കാർ മാത്രമാണ്. അവർക്ക് ലഭിക്കുന്നത് തുച്ഛമായ വേതനമാണ്. ഉത്പാദനവും മൊത്തത്തിൽ കുറവാണ്. കാർഷിക മേഖലയിൽ തൊഴിലെടുക്കുന്ന 58 ശതമാനം തൊഴിലാളികൾ മൊത്ത ആഭ്യന്തര ഉത്പാദനത്തിലേയ്ക്ക് നൽകുന്ന വിഹിതം വെറും 15 ശതമാനം മാത്രം. ഇന്ത്യയിലെ പകുതി തൊഴിലാളികളും സ്വയം തൊഴിൽ മേഖലയിലാണ്. ഇവരെല്ലാം തന്നെ പ്രായേണ ദരിദ്രരുമാണ്.

മിക്കവരും ഊന്നൽ നൽകുന്നത് തൊഴിലാളി ശേഖരത്തിലേയ്ക്കുള്ള കുത്തൊഴുക്കിനാണ്. ഓരോ മാസവും ഒരു ദശലക്ഷം വീതം തൊഴിൽ രഹിതർ ജോലിക്കു തയ്യാറായി അടുത്ത 20 വർഷത്തേയ്ക്ക് എത്തുകയാണ്. 200 ദശലക്ഷം പേർ ഇപ്പോൾ തന്നെ ഈ ശേഖരത്തിൽ ഉണ്ട്. പക്ഷെ ഇവർ കൃഷിയിടങ്ങളിലോ മറ്റെവിടെയൊക്കെയോ കുടുങ്ങി കിടക്കുന്നു. 2011 ൽ ഇന്ത്യയിലെ 12000 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 40 ദശലക്ഷം ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കവേ ഗവൺമെന്റിന് നല്കാൻ സാധിച്ചത് 300,000 ജോലികൾ മാത്രമാണ്.

### വിദഗ്ധ തൊഴിലാളി ശേഖരം രൂപീരിക്കുന്നതിലെ പ്രശ്നങ്ങൾ

ഭാവിയിൽ നമുക്കു വേണ്ടത് വിദ്യാസമ്പന്നരും വിദഗ്ധ പരിശീലനം നേടിയവരുമായ തൊഴിലാളികളെയാണ്. നമ്മുടെ വിദ്യാഭ്യാസ രീതി അതിനുള്ള സാഹചര്യമാണ് ഒരുക്കേണ്ടത്. ഇതിനുള്ള മുഖ്യവെല്ലുവിളി വിദ്യാലയങ്ങളിൽ നിന്നു പഠനത്തിന്റെ ഓരോ ഘട്ടത്തിലും വൻ തോതിൽ സംഭവിക്കുന്ന കൊഴിഞ്ഞു പോക്കാണ്. ഒന്നാം ക്ലാസിൽ പഠനം തുടങ്ങുന്നതിൽ ഏകദേശം 35 ശതമാനം വിദ്യാർത്ഥികൾ പത്താം ക്ലാസിൽ എത്തുന്നില്ല. പത്താം ക്ലാസിലെത്തുന്ന 26 ദശലക്ഷം വിദ്യാർത്ഥികളിൽ 10 ദശലക്ഷം ആ കടമ്പ കടക്കുന്നില്ല. 12-ാം ക്ലാസിലെത്തുന്ന 16 ദശലക്ഷത്തിൽ എട്ടു ദശലക്ഷവും ആ പൊതു പരീക്ഷയിൽ തോറ്റ് പിന്മാറുന്നു. 12-ാം ക്ലാസ് വിജയിക്കുന്ന എട്ടു ദശലക്ഷത്തിൽ അഞ്ചു ദശലക്ഷം പേർ മാത്രം തുടർന്ന് കോളജിൽ ചേർന്നു പഠിയ്ക്കുന്നു. ഇതാണ് വർത്തമാന കാല ചിത്രം. വിദഗ്ധ തൊഴിലാളികളുടെ ഒരു ശേഖരം സ്വരൂപിക്കുന്നതിന് നാം ആദ്യം ചെയ്യേണ്ടത് നമ്മുടെ വിദ്യാലയങ്ങളിലെ താഴ്ന്ന ക്ലാസുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക എന്നതത്രേ.

കൊഴിഞ്ഞു പോകുന്നവരിൽ ഭൂരിഭാഗവും ദരിദ്രരും പിന്നോക്ക വിഭാഗക്കാരുമായ വിദ്യാർത്ഥികളാണ്. പലപ്പോഴും മാതാപിതാക്കളുടെ ഉപജീവന ഘടകങ്ങൾ ഈ പ്രതിഭാസത്തെ സ്വാധീനിക്കുന്നുണ്ട്. അവയിൽ ചിലത് ചുവടെച്ചേർക്കുന്നു.

- വ്യാപാര അവസര സുരക്ഷയും വികസനവും
- സാമ്പത്തിക സുരക്ഷ (വരുമാനം, നൈപുണ്യം, സമയം)
- പോഷകാഹാര സുരക്ഷ (മാതൃ-ശിശു ആരോഗ്യ സംരക്ഷണം, കുടിവെള്ളം, ശുചിത്വ പരിപാലനം)
- പാരിസ്ഥിതികാവബോധ സുരക്ഷ
- വിദ്യാഭ്യാസ പങ്കാളിത്ത സുരക്ഷ
- സമൂഹ പങ്കാളിത്തം
- പാർപ്പിട സുരക്ഷ
- ഭക്ഷ്യ സുരക്ഷ
- ആരോഗ്യ സുരക്ഷ
- രാഷ്ട്രീയ നിയമ സുരക്ഷ

### മനുഷ്യ മൂലധനവും സാമ്പത്തിക വളർച്ചയും

പൊതുജന ജീവിത പിരമിഡിന്റെ അടിത്തട്ടു മുതൽ നൈപുണ്യ പരിശീലനം പുനർ നിർമ്മിക്കണം. സാമീപ്യവും പൊരുത്തവുമാണ് ഇതുവരെ ഈ നൈപുണ്യ ശേഖരം രൂപീകരിക്കുന്നതിന് പ്രധാനമായി കണ്ട കാരണങ്ങൾ. അവസരങ്ങൾ കണ്ടെത്തുന്നതിനും അത് സ്വായത്തമാക്കുന്ന

തിനും യുവജനങ്ങളുടെ പങ്കാളിത്താടിസ്ഥാനത്തിലുള്ള കഴിവുകൾ അഭികാമ്യമാണ്. യുവാക്കളിലെ അടിസ്ഥാന സംരംഭകത്വ കഴിവുകൾ, അത് വ്യാപാരമായാലും മറ്റ് ഏതു തരത്തിലുള്ളതായാലും പ്രോത്സാഹിപ്പിക്കണം.

**നൈപുണ്യ വികസനത്തിന്റെ ചട്ടക്കൂട്**

നേരത്തേ സൂചിപ്പിച്ചതു പോലെ സാമ്പത്തിക പുരോഗതിക്ക് രണ്ടു മാർഗ്ഗങ്ങളുണ്ട്. ഒന്ന്, സമ്പദ്വ്യവസ്ഥയെ താങ്ങിനിർത്തുന്ന നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിച്ചുകൊണ്ട്. പക്ഷെ, അതിന്റെ വ്യാപ്തി വളരെ പരിമിതമാണ്. രണ്ടാമത്തേത് സ്വയം തൊഴിൽ മേഖലയിലെ യുവാക്കൾക്കും സംരംഭകർക്കും കൂടുതലായി സാമ്പത്തിക പുരോഗതി ഉണ്ടാകാൻ സഹായിക്കുന്നതും ഉത്പാദകപരമായ നൈപുണ്യം ലഭ്യമാക്കുന്നതുമായ ഒരു പുതിയ ആവാസ വ്യവസ്ഥ സൃഷ്ടിച്ചു കൊണ്ട്. ഇതിന് അനന്തമായ സാധ്യതകളാണ് ഉള്ളത്.

നൈപുണ്യ വികസനത്തിലൂടെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് വിദഗ്ധർ നിർദ്ദേശിക്കുന്ന ചട്ടക്കൂട് താഴെ പറയുന്നു.

തൊഴിലാളികളുടെ കാര്യശേഷി വർധിപ്പിക്കുന്നതിന് അവർക്ക് നിലവിലുള്ള സാമ്പത്തിക സംവിധാനത്തിനുള്ളിൽ തന്നെ വിദഗ്ധ പരിശീലനം നൽകുക. അതായത് നിലവിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ വൈദഗ്ധ്യം. പഴയതും പുതിയതുമായ സമ്പദ്വ്യവസ്ഥയിലെ പരമ്പരാഗത വ്യവസായങ്ങളിൽ പോലും നൈപുണ്യത്തിന്റെ അഭാവം മൂലം നിലനിൽക്കുന്ന ചില വിടവുകളും തൊഴിൽ അവസരങ്ങളും നമുക്ക് കണ്ടെത്താൻ സാധിക്കും.

അടുത്തത് ഒരു സംരംഭകത്വ ചട്ടക്കൂടാണ്. ഇവിടെ പുത്തൻ സമ്പദ്വ്യവസ്ഥയിൽ ദീർഘവീക്ഷണത്തോടെ നാം പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുക. അനന്തമായ സാധ്യതകൾ പ്രദാനം ചെയ്യുന്ന ഒരു സംരംഭകത്വ ആവാസ വ്യവസ്ഥ രൂപപ്പെടുത്തണമെന്ന് ഒരു നിഗൂഢ ആഗ്രഹം കൂടി ഉണ്ട്. ഇതിനും രണ്ടു വഴികളാണുള്ളത്. ഒന്ന് ഇനിയും ആരും കണ്ടെത്താത്ത ചില അവസരങ്ങൾ നിലവിൽ ഉണ്ടാകണം. അതുവഴി യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർധിപ്പിക്കാം. അതിനായി അവരെ പരിശീലനത്തിലൂടെ ശാക്തീകരിക്കാം. അതായത് അവരുടെ ശേഷി വർധിപ്പിക്കുക. അടുത്തത്, സംരംഭകരെ ആശ്രയിച്ചു നില്ക്കുന്ന പുത്തൻ സമ്പദ്വ്യവസ്ഥയിൽ പൂർണമായും പുതിയ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഇവിടെ ലഭ്യമായ വിഭവങ്ങളും കഴിവുകളും പരിപോഷിപ്പിക്കുകയും, നൈപുണ്യ വികസനത്തിലൂടെ പുത്തൻ അവസരങ്ങൾ പ്രയോജനപ്പെടുത്തി ഒപ്പം പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ യുവത്വത്തെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഈ വഴികൾ രണ്ടും തൊഴിൽ സാധ്യതയ്ക്ക് ആവശ്യമായ നൈപുണ്യം തേടുന്ന നിലവിലുള്ളതോ പുതിയതോ ആയ അവസരങ്ങളുമായി ഒത്തുപോകുന്നവയാകണം. അപ്പോൾ ഇത് ഉത്പാദനക്ഷമതയും തൊഴിൽ യോഗ്യതയും സംരംഭകത്വവും വർധിപ്പിക്കും. ഈ പ്രക്രിയയ്ക്ക് വൻ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കും. അത് ഇന്ത്യയുടെ വികസനത്തിലേയ്ക്കും വളർച്ചയിലേയ്ക്കും നയിക്കുകയും ചെയ്യും.

**(ലക്നോവിലെ അമിറ്റി ബിസിനസ് സ്കൂളിലെ അധ്യാപകരാണ് ലേഖകർ)**



## മഹത് വചനം

"തന്റെ കടമ കൃത്യമായും ഭംഗിയായും
നിർവഹിക്കാത്തവന് അവകാശങ്ങളുമില്ല".

മഹാത്മാഗാന്ധി



# ജൈവകൃഷിയ്ക്ക് ഒരാമുഖം

സുരേഷ് മുതുകുളം

**വ**ളരെ പ്രതീക്ഷയോടെയാണ് 2016 നു വേണ്ടി കേരളം കാത്തിരിക്കുന്നത്. പതിറ്റാണ്ടുകളായി നമ്മുടെ മണ്ണും വെള്ളവും വായുവും നിരന്തരം മലിനപ്പെടുത്തിക്കൊണ്ടിരിക്കുന്ന രാസകൃഷിയോട് പരമാവധി വിട പറയാൻ അപ്പോഴേക്കും മലയാളനാട് സജ്ജമായിക്കഴിയും. ഒരർത്ഥത്തിൽ മുൻകാല ഭക്ഷ്യോത്പാദന നേട്ടങ്ങൾ കയ്യടക്കാൻ കേരളത്തെ മാത്രമല്ല, ഭാരതത്തെ തന്നെ സഹായിച്ചത് ആധുനിക കൃഷിപരിപാലന മുറകൾ ക്രോഡീകരിച്ച രാസകൃഷിയായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. എന്നാൽ അധിക വിളവ് ഉത്പാദിപ്പിക്കണം എന്ന 'അത്യാഗ്രഹത്തിൽ' രാസവളങ്ങളും രാസകീടനാശിനികളും യാതൊരൗചിത്യവുമില്ലാതെ പ്രയോഗിച്ചപ്പോൾ അത് നമ്മുടെ കണക്കുകൂട്ടലുകളെല്ലാം തകിടം മറിച്ചു. നിരന്തരമായ രാസവള പ്രയോഗത്തിൽ മണ്ണിന് സ്വതഃസിദ്ധമായ വളക്കൂറ് നഷ്ടപ്പെട്ടു. ക്രമേണ ഊഷരതയിലേക്ക് കൃഷിയിടങ്ങൾ വഴിമാറി. സസ്യസംരക്ഷണാർത്ഥം പ്രയോഗിച്ച രാസകീടനാശിനികളാകട്ടെ മണ്ണും ജലവും പ്രാണവായു പോലും വിഷമയമാക്കി. ഇതിന്റെ ഫലമായി മനുഷ്യരാശിയെ തേടിയെത്തിയതാകട്ടെ അർബുദം പോലുള്ള മാരകരോഗങ്ങളും. 'കുടത്തിൽ നിന്ന് ഭൂതത്തെ തുറന്നു വിട്ട അസന്ദിഗ്ദ്ധാവസ്ഥ!' ഇത് ഇനിയും തുടർന്നാൽ വരും തലമുറപോലും രോഗാതുര സമൂഹമായി പോകും എന്ന തിരിച്ചറിവിൽ നിന്നാണ് മണ്ണിനും മനുഷ്യനും ദോഷകരമല്ലാത്ത, പ്രകൃതി സൗഹൃദമായ ജൈവകൃഷി (Organic

farming) എന്ന ആശയം സജീവമായത്. കേരളത്തിലെ പൊതുസമൂഹത്തിന് ജൈവകൃഷിയോടുള്ള വർദ്ധിച്ച താത്പര്യം തിരിച്ചറിഞ്ഞ് 2016 ആകുമ്പോഴേക്കും സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പുകൾ സംസ്ഥാനകൃഷി വകുപ്പ് ആരംഭിച്ചു. അയൽസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന വിഷമയമായ പച്ചക്കറികൾ ഒഴിവാക്കി സുരക്ഷിത ഭക്ഷണം സ്വന്തമായി കൃഷി ചെയ്ത് ഉത്പാദിപ്പിക്കുക എന്നതാണ് ഇതിന്റെ കാതലായ സന്ദേശം.

**പ്രകൃതിയുടെ ജീവതാളം**

പ്രകൃതിക്കൊരു താളക്രമമുണ്ട്; അഭംഗുരമായ ജീവതാളം. ഈ ജീവതാളത്തിന്റെ നിമ്നോന്നതങ്ങൾക്ക് അനുസൃതമായാണ് നമ്മുടെ പൂർവ്വസൂരികൾ ജീവിതചര്യകളും കാർഷികവൃത്തി ഉൾപ്പെടെയുള്ള അതിജീവനമാർഗ്ഗങ്ങളും ചിട്ടപ്പെടുത്തിയിരുന്നത്. ഭൂമിയെ ആശ്രയിച്ച് വളരുകയും ജീവിക്കുകയും ചെയ്യുന്ന എല്ലാ ജീവജാലങ്ങൾക്കും പ്രകൃതിയുമായി സമരസപ്പെട്ടുള്ള ജീവതചര്യ സ്വീകരിക്കുകയേ തരമുള്ളൂ. വിവിധതരം വിളകളും മരങ്ങളും ഇടകലർന്നു വളരുന്ന വനത്തിലെ ആവാസവ്യവസ്ഥയാണ് ഇതിന് നല്ല ദൃഷ്ടാന്തം. പ്രകൃതിയും ജീവജാലങ്ങളും തമ്മിൽ യാതൊരുവിധ വലിപ്പച്ചെറുപ്പവുമില്ലാത്ത സഹജീവന സഹവർത്തിത്തമാണ് വനപരിസരത്തിന്റെ കാതൽ. അവിടെ ചെടികൾക്കാരും വളമിടുന്നില്ല. കീടരോഗബാധകളിൽ നിന്ന് രക്ഷിക്കാൻ ആരും കീടനാശിനികളും പ്രയോഗിക്കുന്നില്ല. എന്നിട്ടും എല്ലാ ചെടികളും വളരുന്നു, പൂക്കുന്നു, കായ്ക്കുന്നു. കാട്ടിലെ ജീവജാലങ്ങളെല്ലാം വിശപ്പറിയാതെ കഴിയുന്നു. ഒരർത്ഥത്തിൽ ഇവിടെ നിന്ന് നമുക്ക് കണ്ടുപഠിക്കാം ജൈവകൃഷി. മനുഷ്യൻ തനിക്കിഷ്ടമുള്ള വിത്ത്, ഇഷ്ടമുള്ള രീതിയിൽ നട്ട് താൻ തന്നെ നിശ്ചയിക്കുന്ന സമയത്ത് വിളവെടുക്കുമ്പോൾ പിന്നെ അവിടെ പ്രകൃതിയുടെ പങ്ക് എന്താണ്? ഇവിടെയാണ് മനുഷ്യേച്ഛ പ്രകാരമുള്ള കൃഷി പ്രകൃതിക്കെതിരാണ് എന്ന് പ്രകൃതികൃഷിയുടെ പ്രയോക്താക്കൾ പറയുന്നത്. രാസകൃഷിയുടെ നേർവിപരീതം എന്നോ മറുധ്രുവത്തിൽ നിൽക്കുന്നതെന്നോ ഒക്കെ ജൈവകൃഷിയെ വിശേഷിപ്പിക്കാം. മനുഷ്യനും മണ്ണും തമ്മിലുള്ള പരസ്പരപൂരകമായ കൊടുക്കൽ വാങ്ങലാണ് ജൈവകൃഷി. മണ്ണിന്റെ മനസ്സറിഞ്ഞുള്ള വ്യവഹാരം. ഇവിടെ പ്രകൃതിവിഭവങ്ങളുടെയും വിളവിന്റെയും ജീവജാലങ്ങളുടെയുമെല്ലാം ആരോഗ്യം സംരക്ഷിക്കപ്പെടുന്നു. മനുഷ്യരാശിയെ സ്വാസ്ഥ്യത്തിലേക്ക് വഴി നടത്തുന്ന കൃഷിയാണ് ജൈവകൃഷി എന്നു ചുരുക്കം.

**പത്ത് കല്പനകൾ**

"You are what you eat" എന്ന് നാം പറയാറില്ലേ. നാം കഴിക്കുന്ന ഭക്ഷണത്തിനുണ്ടായിരിക്കേണ്ട മേന്മയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. വിളവിന്റെ വിശുദ്ധി ഉറപ്പാക്കാൻ പര്യാപ്തമായ ചില അടിസ്ഥാന പ്രമാണങ്ങളുണ്ട്. ഇവയെ പത്ത് കല്പനകൾ എന്നു പറയാം. അവ ചുവടെ ചേർക്കുന്നു.

- വളങ്ങൾ, കീടനാശിനികൾ, സസ്യസംരക്ഷകങ്ങൾ, വിള വളർച്ചാവസ്തുക്കൾ എന്നിവയിലെല്ലാം രാസവസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുക.
- മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുകയും, മെച്ചപ്പെടുത്തുകയും ചെയ്യുക.
- കൃഷിയിടത്തിലും പരിസരത്തും ലഭ്യമായ പാഴ്‌വസ്തുക്കൾ പരമാവധി പുനരുപയോഗപ്പെടുത്താൻ ശ്രമിക്കുക.
- ജൈവസസ്യസംരക്ഷണ പ്രതിരോധ നടപടികൾ മാത്രം സ്വീകരിക്കുക.
- കൃഷിയിടത്തിൽ പരമാവധി സസ്യവൈവിധ്യം പുലർത്തുക.
- പ്രാദേശികമായി ഇണങ്ങുന്ന മൃഗപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കുക.
- ജനിതക സാങ്കേതിക വിദ്യയും അതിന്റെ നാനാവിധ ഉപയോഗങ്ങളും പൂർണ്ണമായും ഒഴിവാക്കുക.
- പ്രകൃതിയുടെ സ്വാഭാവികമായ ഭൂഘടന സംരക്ഷിക്കുക.

- പയർ ചെടികൾ കൃഷിസ്ഥലത്ത് പരമാവധി വളർത്തുക.
- വിഭവങ്ങളുടെ പുനരുപയോഗം ഉറപ്പാക്കുക.

ഇവയാണ് അടിസ്ഥാന പ്രമാണങ്ങളെങ്കിലും ഇവ എങ്ങനെ പ്രാവർത്തികമാക്കണം, എത്രത്തോളം പാലിക്കണം എന്നൊക്കെ കർഷകർ തന്നെയാണ് തീരുമാനിക്കേണ്ടത്, അതും അവരുടെ വിഭവ സാധ്യതകളും പ്രാദേശിക സൗകര്യങ്ങളും പരിഗണിച്ച്.

**മണ്ണ് ജീവനാണ്**

ആരോഗ്യമുള്ള മണ്ണാണ് സമൃദ്ധമായ കൃഷിക്ക് വേരോടാൻ സൗകര്യമൊരുക്കുന്നത്. സസ്യങ്ങളുടെ മാത്രമല്ല ഭൂമിയിലെ സർവചരാചരങ്ങളുടെയും നിലനിൽപ്പിനാധാരമാണു മണ്ണ്. ആരോഗ്യമുള്ള മണ്ണിലേ ആരോഗ്യമുള്ള വിളകൾ വളരുകയുള്ളൂ. "Healthy Soil Produce Healthy Crops" എന്നാണ് പ്രമാണം.

ആരോഗ്യമുള്ള മണ്ണിന് ചില മുഖമുദ്രകളുണ്ട്. ചെടികൾക്ക് കരുത്തോടെ വളരാൻ സഹായിക്കുന്ന മാധ്യമമാകണം നല്ല മണ്ണ്. വെള്ളം സംഭരിച്ചു വയ്ക്കണം. ആവശ്യത്തിന് ചെടികൾക്ക് നൽകാനും കഴിയണം. ഏത് ജൈവവസ്തുക്കളെയും അതിവേഗം അഴുക്കിച്ചേർത്ത് മണ്ണിന്റെ ഉർവരത വർദ്ധിപ്പിക്കാൻ ഉതകണം. വിവിധ രോഗാണുക്കളുടെ വളർച്ച തടയണം. സസ്യപോഷകങ്ങളുടെ ഉറവ വറ്റാത്ത സംഭരണിയായിരിക്കണം അവ. ഇതിനെല്ലാം പുറമെ ജൈവകൃഷിയുടെ അടിസ്ഥാനമായ മണ്ണിന്റെ വളപ്പറ്റ് വർദ്ധിപ്പിക്കാൻ സഹായകമായ ദോഷരഹിതമായ ഏതു മാർഗ്ഗവും സ്വീകരിക്കാം.

**എവിടെ തുടങ്ങണം?**

ജൈവകൃഷിയിലേക്ക് തിരിയണം എന്നാഗ്രഹിക്കുന്നവരെ പലപ്പോഴും അലട്ടുന്ന ചോദ്യമാണ് എവിടെ തുടങ്ങണം എന്നത്. മണ്ണ് പുഷ്ടിച്ചു തുടങ്ങണം എന്നതാണ് ഇതിന് പെട്ടെന്ന് പറയാവുന്ന ഉത്തരം. ജൈവകൃഷിയുടെ പാഠശാല എന്നു വിശേഷിപ്പിക്കാവുന്ന വനത്തിലെ വിളസമൃദ്ധിയുടെ അടിത്തറയായ പുതയുടെ (Mulch) പ്രാധാന്യം അത്ര ചെറുതല്ല. ചെടികൾക്ക് സുഗമമായി വേരോടാൻ പാകത്തിന് മണ്ണിനെ വായുസഞ്ചാരമുള്ളതാക്കുകയും മണ്ണിലെ നിരവധി സൂക്ഷ്മജീവികൾക്ക് യഥേഷ്ടം പ്രവർത്തിക്കാൻ സുവർണ്ണാവസരമൊരുക്കുകയുമാണ് മണ്ണ് പുതയിലൂടെ ചെയ്യുന്നത്. മണ്ണിനു മീതെ ഒരടി കനത്തിൽ പുതയിടാം. ജൈവപുതകൾ ദ്രവിച്ചുചേരാൻ പുതയ്ക്കു മീതെ കുറച്ചു ചാണകം വിതറുകയുമാവാം. പയറു പോലുള്ള ചെടികൾ വളർത്തി അത് മണ്ണിൽ ചേർത്ത് പുതയാക്കുന്ന പതിവുമുണ്ട്. ശത്രുകീടങ്ങളെ നശിപ്പിക്കാൻ രാസവിഷങ്ങൾ ഉപയോഗിക്കാതിരിക്കുക. കാരണം രാസപദാർത്ഥങ്ങൾ ശത്രുക്കളെ മാത്രമല്ല ചങ്ങാതി പ്രാണികളെയും ഔചിത്യരഹിതമായി നശിപ്പിക്കും. നാടൻ കീട നിയന്ത്രണവിധികൾക്കാണിവിടെ പ്രസക്തി. കേൾക്കുമ്പോൾ നിസ്സാരമെന്ന് തോന്നുമെങ്കിലും പുതച്ചു വളർത്തുന്ന വിളകൾ അവയുടെ വിളവിലും മികവിലും മേന്മയിലുമെല്ലാം അങ്ങനെയല്ലാത്തവയേക്കാൾ പതിന്മടങ്ങു ഭേദമാണ് എന്നു തെളിഞ്ഞിരിക്കുന്നു. കമ്പോസ്റ്റും മരപ്പൊടിയും വൈക്കോലും കരിയിലയും എല്ലാം വിവിധ ജൈവപ്പുതകളാണ്. പ്ലാസ്റ്റിക് ആണ് ഏക അജൈവപ്പുത. പുതയുടെ പ്രാധാന്യം ബോധ്യമായതു കൊണ്ടാണ് ആധുനിക കൃഷി രീതിയായ കൃത്യതാ കൃഷിയിൽ (Precision farming) മൺപ്രതലം തുറന്നിടാതെ പ്ലാസ്റ്റിക് പുത കൊണ്ടു മൂടുന്നത്.

**ജൈവ സർട്ടിഫിക്കേഷൻ പ്രധാനം**

അന്താരാഷ്ട്ര വിപണിയിൽ ജൈവ ഉൽപന്നങ്ങൾക്ക് ആവശ്യക്കാരേറിയതോടെ അവയുടെ നിലവാരമുറപ്പാക്കുന്ന സർട്ടിഫിക്കേഷനും പ്രാധാന്യം വർദ്ധിച്ചിരിക്കുന്നു. ജൈവകൃഷിക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഓരോ രാജ്യത്തിനും അവരുടേതായ മാനദണ്ഡമുണ്ട്. ഇതിന്റെ ചുവടുപിടിച്ചാണ് ഇന്ത്യയും ജൈവോല്പന്നങ്ങളുടെ കയറ്റുമതിക്കും ഇറക്കുമതിക്കും വിപണനത്തിനും വ്യക്തമായ മാർഗരേഖകൾ തയ്യാറാക്കിയത്. ഇന്ത്യയിൽ നടപ്പാക്കിയ പദ്ധതിക്ക് National Programme for Organic Production (NPOP) എന്നാണ് പേര്.



ഫോറിൻ ട്രേഡ് ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ട് (FTDR) അനുസരിച്ച് വാണിജ്യ- വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 2000 ലാണ് ഇത് പ്രവർത്തനം ആരംഭിച്ചത്. ഇന്ത്യയൊട്ടാകെ കൃഷി ചെയ്യുന്ന ജൈവവിളകളുടെ നിലവാരം ഉറപ്പാക്കാൻ NPOP ചില മാനദണ്ഡങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതാണ് National Standards for Organic Production (NSOP). യൂറോപ്യൻ യൂണിയൻ, സ്വിറ്റ്സർലണ്ട് എന്നിവയുടെ ജൈവമാനദണ്ഡങ്ങളോട് സമാനമാണ് നമ്മുടെ (NSOP) മാനദണ്ഡങ്ങളും. അമേരിക്കൻ കൃഷിവകുപ്പും (USDA) ഈ മാനദണ്ഡങ്ങൾ അംഗീകരിക്കുന്നുണ്ട്.

ജൈവകൃഷി മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്നവർക്ക് സാക്ഷ്യപത്രം നൽകാൻ ഇന്ത്യയിൽ നിരവധി അംഗീകൃത ഏജൻസികൾ നിലവിലുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ National Acreditation Board (NAB) ആണ് ജൈവസർട്ടിഫിക്കേഷൻ ഏജൻസികൾക്ക് അംഗീകാരം നൽകുന്നത്. NAB യുടെ സെക്രട്ടേറിയറ്റ് ആണ് 'അപെഡ' (APEDA). ഇന്ത്യയിലെ ജൈവകൃഷിയുടെ പുരോഗതി ലക്ഷ്യമാക്കി 1985ലാണ് കേന്ദ്രസർക്കാർ Agricultural and Processed Food Export Development Authority (APEDA) ക്ക് രൂപം നൽകിയത്. ഇന്ത്യയിൽ ജൈവസർട്ടിഫിക്കറ്റ് കൊടുക്കുന്ന അംഗീകൃത ഏജൻസികൾക്കെല്ലാം ആപെഡയുടെ അംഗീകാരമുണ്ടായിരിക്കണം. ഇത്തരം അംഗീകൃത ഏജൻസികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ അമേരിക്ക, സ്വീഡൻ, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റി അയക്കാം. സമാനമായ പരിശോധനാ മാനദണ്ഡങ്ങളായതിനാൽ ഇതിന് തടസ്സമല്ല. കേരളത്തിലുമുണ്ട് ഇത്തരം ജൈവസർട്ടിഫിക്കേഷൻ ഏജൻസികൾ. ആലുവയിൽ പ്രവർത്തിക്കുന്ന 'ഇൻഡോസെർട്ട്' ഇക്കൂട്ടത്തിൽ പ്രമുഖമാണ്. ഇന്ത്യയിൽ രണ്ടുതരം സർട്ടിഫിക്കേഷൻ നിലവിലുണ്ട്. വ്യക്തിഗത സർട്ടിഫിക്കേഷനും ഗ്രൂപ്പ് സർട്ടിഫിക്കേഷനും. 25 മുതൽ 500 വരെയുള്ള കർഷകരുടെ കൂട്ടായ്മയ്ക്കാണ് ഗ്രൂപ്പ് സർട്ടിഫിക്കേഷൻ കരണീയമായിട്ടുള്ളത്. സർട്ടിഫിക്കേഷന്റെ ചെലവ് കുറയ്ക്കാനും ഏറെ ഉല്പന്നങ്ങൾ ഒരുമിച്ച് ജൈവലേബലിൽപ്പെടുത്താനും ഗ്രൂപ്പ് സർട്ടിഫിക്കേഷൻ സഹായകമാണ്. കേരളത്തിൽ ഇപ്പോൾത്തന്നെ ഇടുക്കി, വയനാട്, കണ്ണൂർ, ജില്ലകളിലെ ധാരാളം കർഷകർ ഓർഗാനിക് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരാണ്. ഈ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് മികച്ച ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിൽ നല്ല വിലയ്ക്ക് വിറ്റഴിക്കാൻ ഇവർക്ക് കഴിയുന്നു. ജൈവകുരുമുളകും കൊക്കോയും ഒക്കെ ഇപ്പോൾത്തന്നെ ഇത്തരത്തിൽ വിറ്റുപോകുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രയോജനവും ഉപയോഗവും ഇനിയും കൂടുതൽ പേരിലേക്ക് വ്യാപിക്കേണ്ടതുണ്ട്.

എന്തായാലും പ്രകൃതിയോട് സമരസപ്പെടാനുള്ള ക്രമാനുഗതമായ ഒരു മടക്കയാത്രയാണ് ജൈവകൃഷിയിലൂടെ നാം നടത്തുന്നത്. ശുദ്ധമായ കൃഷിയും വിശുദ്ധിയുള്ള വിളവും എന്ന മഹദ്ലക്ഷ്യമാണ് നമുക്കു മുന്നിൽ. ഈ യാത്രയിൽ പ്രതിബന്ധങ്ങൾ തന്മയത്വത്തോടെ തരണം ചെയ്ത് കരഗതമാകുന്ന ലക്ഷ്യപ്രാപ്തിയാണ് ജൈവകേരളം.

**(സംസ്ഥാന ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ ഡപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)**

# ഡിജിറ്റൽ വിപ്ലവ പാതയൊരുക്കി ബി.ബി.എൻ.എൽ

അബ്ദു മനാഫ്. കെ



ഇന്ത്യയിലെ ഇന്റർനെറ്റ് സാങ്കേതികവിദ്യയുടെ ശാക്തീകരണത്തിനും രാജ്യത്തെ ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ്ഘടനയാക്കി മാറ്റുന്നതിനുമുള്ള ബൃഹത് പദ്ധതിയാണ് 'ഡിജിറ്റൽ ഇന്ത്യ'. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് സദ് ഭരണത്തിന്റെ ഗുണങ്ങൾ ജനങ്ങളിൽ നേരിട്ടെത്തിക്കുകയാണ് ഇതിന്റെ ലക്ഷ്യം. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ മന്ത്രാലയങ്ങളും വകുപ്പുകളും ചേർന്ന് കേന്ദ്ര ഇലക്ട്രോണിക്സ് വിവരസാങ്കേതിക വിദ്യ മന്ത്രാലയത്തിന്റെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇലക്ട്രോണിക് സേവനങ്ങൾ, ഉത്പന്നങ്ങൾ, നിർമ്മാണം, തൊഴിലവസരങ്ങൾ എന്നീ മേഖലകളിൽ എല്ലാവിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വളർച്ചയും 'ഡിജിറ്റൽ ഇന്ത്യ' ലക്ഷ്യമിടുന്നു.

രാജ്യത്തെ രണ്ടര ലക്ഷം ഗ്രാമപഞ്ചായത്തുകളെയും ഹൈസ്പീഡ് ഡിജിറ്റൽ ഹൈവേ വഴി ബന്ധിപ്പിക്കുന്ന പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഭാരത്നെറ്റ്. ഓപ്റ്റിക്കൽ ഫൈബർ ശൃംഖല ഉപയോഗിച്ചുള്ള ലോകത്തെ തന്നെ ഏറ്റവും വലിയ ഗ്രാമീണ ബ്രോഡ്ബാന്റ് കണക്ടിവിറ്റി പദ്ധതിയാണിത്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്ന പ്രവൃത്തി കേരളത്തിൽ നിശ്ചിത സമയപരിധിക്കും ഏറെമുമ്പ് പൂർത്തിയായി. നേരത്തെയുണ്ടായിരുന്ന നാഷണൽ ഒപ്റ്റി

ക്കൽ ഫൈബർ നെറ്റ്‌വർക്ക് പദ്ധതിക്കു തുടർച്ചയായാണ് ഭാരത് ബ്രോഡ്ബാന്റ് നെറ്റ്‌വർക്ക് ലിമിറ്റഡ് മുഖേന ബ്രോഡ്ബാൻഡ് സേവനം ഗ്രാമങ്ങളിലെത്തിക്കാനുള്ള ഈ പദ്ധതി പുരോഗമിക്കുന്നത്. ബി.എസ്.എൻ.എൽ, പി.ജി.സി.ഐ.എൽ, റെയിൽടെൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾവഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇത് കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ലക്ഷ്യപൂർത്തീകരണത്തിന് ഏറെ കരുത്തു പകരും. 'എല്ലാ പദ്ധതികളും ഡിജിറ്റൽ മാതൃകയിൽ, എല്ലാ സേവനങ്ങളും ഇൻർനെറ്റിലൂടെ'എന്നതാണു പദ്ധതി ലക്ഷ്യമിടുന്നത്. കേരളത്തിൽ ബി.എസ്.എൻ.എൽ. വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.



ഭാരത് നെറ്റ് പദ്ധതി നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധിയായി 2017 മാർച്ച് ആണ്. എന്നാൽ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളും 978 ഗ്രാമപഞ്ചായത്തുകളും നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്കിൽ ബന്ധിപ്പിക്കുന്ന പ്രവൃത്തി ഇക്കഴിഞ്ഞ മേയ് മാസത്തിൽ തന്നെ പൂർത്തിയായികഴിഞ്ഞതായി പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ സംവിധാനം (സ്പെഷൽ പർപസ് വെഹിക്കിൾ) ഭാരത് ബ്രോഡ്ബാന്റ് നെറ്റ്‌വർക്ക് ലിമിറ്റഡിന്റെ (ബി.ബി.എൻ.എൽ) ചീഫ് ജനറൽ മാനേജർ റോയ് എം ജേക്കബ് അറിയിച്ചിട്ടുണ്ട്.

ഗവൺമെന്റിന്റെ സേവനങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ സാധാരണക്കാരിലെത്തിക്കുകയാണ് ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ലക്ഷ്യം. ഇ-ഗവേർണൻസ്, ഇ-കൊമേഴ്സ്, ഡിജിറ്റൽ ലോക്കർ, ഇ-ഹോസ്പിറ്റൽ, ഇ-എഡ്യുക്കേഷൻ എന്നിവ പ്രോത്സാഹിപ്പിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ഔദ്യോഗികരേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാനും, അവ ഗവൺമെന്റ് ആവശ്യങ്ങൾക്കായി സമർപ്പിക്കാനും ഉതകുന്ന ഒന്നാണ് ഡിജിറ്റൽ ലോക്കർ സംവിധാനം. ഇതുവഴി വിലപ്പെട്ട രേഖകൾ കളഞ്ഞ് പോകുമെന്ന ഭയാശങ്ക ഒഴിവാക്കാനാകും. ആശുപത്രികളിലെ സേവനം ഓൺലൈൻ രജിസ്ട്രേഷനിലൂടെ ലഭ്യമാക്കുന്നതാണ് ഇ-ഹോസ്പിറ്റൽ സംവിധാനം. ആശുപത്രി ഫീസുകളും മറ്റും അടയ്ക്കാനും, ഡോക്ടറെ കാണുന്നതിനുള്ള സമയം നിശ്ചയിക്കാനും, പരിശോധനാ ഫലങ്ങൾ ഓൺലൈനായി ലഭിക്കാനും മറ്റും ഇത് പ്രയോജനപ്പെടും.

നഗരങ്ങളിൽ ലഭ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ഗ്രാമങ്ങളിലെത്തിക്കാൻ ഡിജിറ്റൽ ഇന്ത്യ വിഭാവനം ചെയ്യുന്നു. ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് വഴി ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് 100 എം.ബി.പി.എസ് ബാന്റ്‌വിഡ്ത്തുള്ള ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കും. ജില്ലാ തലങ്ങളിലുള്ള ഓഫീസുകളിൽ 100 ജി.ബി.പി.എസ് വേഗതയിലുള്ള കണക്ഷനുകൾ ഉണ്ടായിരിക്കും. കേരളത്തിലെ എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും ഇതിനായുള്ള ഒപ്റ്റിക്കൽഫൈബർ കേബിളുകൾ ബി.ബി.എൻ.എൽ. സ്ഥാപിച്ചുകഴിഞ്ഞു. ഒരു കിലോമീറ്റർ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർകേബിളുകൾ സ്ഥാപിക്കുന്നതിന് 4.5 ലക്ഷം രൂപയാണ് ചെലവുവന്നത്. 8000 കിലോമീറ്ററിൽ ബി.എസ്എൻ.എല്ലിന്റെ ഫൈബർകേബിളും അവശേഷിച്ച 800 കിലോമീറ്ററിൽ പുതുതായിവാങ്ങിയകേബിളുമാണ് ഉപയോഗിച്ചത്. ഇതിൽ 8000 കിലോമീറ്റർ ബി.എസ്.എൻ.എൽ കേബിൾ അടുത്തഘട്ടത്തിൽ മാറ്റി സ്ഥാപിക്കും. ഇതിന്റെ പദ്ധതി നടത്തിപ്പ് ഏറ്റെടുക്കുമെന്നും ഇതിനായി പ്രത്യേക ഉദ്ദേശ്യ വാഹനം രൂപീകരിക്കുമെന്നും സംസ്ഥാന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ട്.

സാർവ്വദേശീയ നിർബന്ധിത സേവനനിധിയിൽ നിന്നാണ് പദ്ധതിക്കാവശ്യമായ തുക ലഭ്യമാക്കുന്നത്. നഗര പ്രദേശങ്ങളിൽനിന്ന് ടെലികോം കമ്പനികൾക്ക് ലഭിക്കുന്ന ലാഭവിഹിതത്തിൽ നിന്ന് നിശ്ചിത ശതമാനം ഗ്രാമീണ മേഖലയിലെ ടെലികോം അടിസ്ഥാനസൗകര്യവികസത്തിന് ഉപയോഗപ്പെടുത്തുകയാണ് ഈ ഫണ്ടിന്റെ ലക്ഷ്യം.

സ്പെക്ട്രം മാതൃകയിൽ ലേലപ്രക്രിയയിലൂടെയാവും ഒപ്റ്റിക്കൽ ഫൈബർ കേബിൾ അനുവദിക്കുക. ഗ്രാമീണമേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വൻതുക ചെലവഴിക്കന്നതിൽ നിന്ന് കമ്പനികൾക്ക് രക്ഷനേടാം. വർദ്ധിച്ച ചെലവ് ചൂണ്ടിക്കാട്ടി ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതും ഇതോടെ അവസാനിക്കും. നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന കുറഞ്ഞ ബ്രോഡ്ബാന്റ്സ്പീഡ് 512 കെ.ബി.പി.എസ് എന്നത് 2 എം.ബി.പി.എസ് ആയി ഉയർത്താനാവും. ഗ്രാമപഞ്ചായത്തുകളിൽ 24 ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വരെയും ബ്ലോക്ക് തലങ്ങളിൽ 48 മുതൽ 96 ഒപ്റ്റിക്കൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വരെയും വിവരവിനിമയത്തിന് ലഭ്യമാകും. ഇതുവഴി കൈകാര്യംചെയ്യാൻ സാധിക്കുന്ന ഡാറ്റയുടെ അളവുംവേഗതയും വളരെക്കൂടുതലാണ്. കുറഞ്ഞ ചെലവിൽ പരമാവധി മികച്ച സേവനം നൽകാൻ ഇതിലൂടെ സാധിക്കും. സ്വകാര്യകമ്പനികൾക്ക് ബി.ബി.എൻ.എല്ലിന്റെ ഈ സൗകര്യം വാടക നൽകി ഉപയോഗിക്കാനാവും.

കേബിൾ ഓപ്പറേറ്റർമാർ, വൈഫൈ സംവിധാനം, ചെറുകിട സേവന ദാതാക്കൾ എന്നിവർവഴി ഇന്റർനെറ്റ് സേവനം ലഭ്യമാക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റുകളെയും സഹകരിപ്പിച്ചായിരിക്കും പ്രവർത്തനം മുന്നോട്ട് കൊണ്ടുപോവുക.

BBNL
ACCESS ACROSS INDIA
भारत ब्रॉडबैंड नेटवर्क लिमिटेड
(भारत सरकार का उपक्रम)
BHARAT BROADBAND NETWORK LIMITED
(A Govt. of India Undertaking)

പദ്ധതിക്കാവശ്യമായ ജിഗാബിറ്റ് പാസ്സീവ് ഒപ്റ്റിക്കൽ നെറ്റ്വർക്ക് 'ഇന്ത്യയിൽ നിർമ്മിക്കൂ' പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ചതാണെന്ന പ്രത്യേകതയുമുണ്ട്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ടെലിമാറ്റിക്സിനാണ് ഉപപകരണങ്ങളുടെ നിർമ്മാണത്തിന്റെയും ശൃംഖലയുടെ അറ്റകുറ്റപണികളുടെയും ചുമതല. ഗ്രാമങ്ങളിൽ മികച്ച ടെലികോം സേവനങ്ങൾ ലഭ്യമാക്കാനുള്ള അടിസ്ഥാനസൗകര്യം ബി.ബി.എൻ.എൽ സൃഷ്ടിച്ചു കഴിഞ്ഞു. നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും സൗജന്യമായി കുറഞ്ഞത് 50 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടവും 200 വാട്സ് വൈദ്യുതിയും ബി.ബി.എൻ.എല്ലിന് നൽകുന്നുണ്ട്.

പദ്ധതി നടത്തിപ്പിൽ കൂടുതൽ സജീവമാകണമെന്ന നിർദേശം സംസ്ഥാന ഗവൺമെന്റ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി ഫലപ്രദമായി നടപ്പിലാകുകയാണെങ്കിൽ ഗ്രാമാന്തരങ്ങളിലെ പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ പ്രദാനം ചെയ്യാൻ ഗവൺമെന്റ്-അർദ്ധ ഗവൺമെന്റ സ്ഥാപനങ്ങൾക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷ, ബാങ്കിംഗ്, കാർഷികം, പെൻഷൻ എന്നീ സംരംഭങ്ങൾക്ക് ഗ്രാമങ്ങളിൽ വേഗത കൂട്ടാൻ ഈ പദ്ധതി ഉപകരിക്കും. നേരത്തേ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ ജില്ലയായി ഇടുക്കി തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

**(തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ ഇൻഫർമേഷൻ അസിസ്റ്റന്റാണ് ലേഖകൻ)**

## നിങ്ങൾക്കറിയാമോ?

# ഡിജി ലോക്കർ

ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ കീഴിലുള്ള അതിപ്രധാനമായ ഒരു സംരംഭമാണ് ഡിജിലോക്കർ. ജനന സർട്ടിഫിക്കറ്റുകൾ, ആധാരങ്ങൾ, വിലപിടിപ്പുള്ള മറ്റ് രേഖകൾ തുടങ്ങിയവ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സൗജന്യ ഡിജിറ്റൽ സെയ്ഫ് സേവനമാണ് ഇത്. മൂർത്തമായ രേഖകൾ വളരെ ചെറിയ ഇലക്ട്രോണിക് രൂപത്തിലാക്കി ഇവിടെ സൂക്ഷിക്കുന്നു.

ഡിജി ലോക്കറിന് രണ്ടു പ്രധാന ഭാഗങ്ങളാണുള്ളത്. റിപ്പോസിറ്ററിയും അക്സസ് ഗേറ്റ് വേയും. റിപ്പോസിറ്ററി എന്നാൽ ഇലക്ട്രോണിക് രേഖകളുടെ ഒരു ശേഖരമാണ്. ഉപയോക്താക്കൾ ഇത് ഒരു നിശ്ചിത ഫോർമാറ്റിൽ അപ്‌ലോഡ് ചെയ്യുന്നു.ആവശ്യസമയത്ത് ലഭ്യമാകത്തക്ക രീതിയിലാണ് ഈ അപ് ലോഡിങ്. അക്സസ് ഗേറ്റ് വെയാണ് ആവശ്യ സമയത്ത് രേഖകൾ യൂണിഫോം റിസോഴ്സ് ഇൻഡിക്കേറ്റർ വഴി ഉപയോക്താവിന് തിരികെ ലഭ്യമാക്കുന്നത്. യൂണിഫോം റിസോഴ്സ് ഇൻഡിക്കേറ്റർ ഇ- രേഖയുമായുള്ള ഒരു ലിങ്കാണ്. ഗേറ്റ് വേ ഇലക്ട്രോണിക് രേഖ സൂക്ഷിച്ചിട്ടുള്ള സംഗ്രഹാലയത്തിന്റെ വിലാസം തിരിച്ചറിയുകയും, യൂണിഫോം റിസോഴ്സ് ഇൻഡിക്കേറ്റർ അത് തിരികെ ലഭ്യമാക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് രേഖയുടെ പങ്കുവയ്ക്കൽ രജിസ്റ്റേർഡ് രേഖാലയങ്ങളിലായിരിക്കും. അങ്ങനെയാണ് ഇലക്ട്രോണിക് രേഖകളുടെ ആധികാരികത ഓൺലൈനായി ഉറപ്പുവരുത്തുന്നത്.

ഒരു ഇ മെയിൽ അക്കൗണ്ട് തുറക്കുന്നതു പോലെ എളുപ്പമാണ് ക്ലൗഡിലോ സൈബർ സ്പേസിലോ ഉള്ള ഡിജിറ്റൽ ലോക്കർ തുറക്കുന്നതും. ആധാർ രേഖ കൈവശമുള്ള ഏതു വ്യക്തിക്കും മൊബൈൽ ഫോണുമായി ബന്ധിപ്പിച്ച് ഇത് പ്രവർത്തിപ്പിക്കാം. ഔദ്യോഗിക സർട്ടിഫിക്കറ്റുകളും രേഖകളും സുരക്ഷിതമായി വയ്ക്കുന്നതിനുള്ള വ്യക്തിഗത സൂക്ഷിപ്പു സ്ഥലമായി ഇതിനെ കാണാം. ഇത് തുറക്കുന്നതിന് ആധാർ നമ്പർ എന്റർ ചെയ്താൽ മതിയാവും. അപ്പോൾ നിങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ ഫോണിലേയ്ക്ക് ഒരു സന്ദേശം എത്തും. ഈ പാസ്‌വേർഡാണ് നിങ്ങളുടെ ഡിജിലോക്കർ തുറന്ന് ഉള്ളിൽ കടക്കുന്നതിനുള്ള ഏക മാർഗ്ഗം. എന്നാൽ ഒരിക്കൽ ഉള്ളിൽ കടന്നാൽ പിന്നീട് നിങ്ങൾക്ക് പാസ്‌വേർഡ് മാറ്റുകയോ നിങ്ങളുടെ ഫെയ്സ് ബുക്ക് ലോഗ് ഇൻ പാസ് വേർഡുമായി ഡിജിലോക്കറിനെ ബന്ധിപ്പിക്കുകയോ ചെയ്യാം. വലിയ ആധാരങ്ങൾ പോലുള്ള മൂർത്തരേഖകൾ ചെറുതാക്കി ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുകയാണ് ഡിജിലോക്കറിന്റെ ആശയം. ഉദാഹരണത്തിന് നിങ്ങളുടെ ജനന സർട്ടിഫിക്കറ്റ്, മറ്റ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഡിജി ലോക്കറിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ പാസ്പോർട്ടിന് അപേക്ഷിക്കുമ്പോൾ, പാസ്പോർട്ട് ഓഫീസർക്ക് നിങ്ങളുടെ ആധാർ ഉപയോഗിച്ച് ഡിജിറ്റൽ ലോക്കറിൽ നിന്ന് ഓൺലൈനായി നിങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കാവുന്നതാണ്. നിങ്ങൾ ആ രേഖകൾ മുഴുവൻ വലിയ ഫയലായി അപേക്ഷയ്ക്കൊപ്പം കൊണ്ടുപോയി കാണിച്ചു ബോധ്യപ്പെടുത്തേണ്ടതില്ല. രേഖകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്താൽ മാത്രം മതി. വേണമെങ്കിൽ ഡിജിറ്റൽ ഒപ്പും അതിൽ പതിക്കാം.ഗവൺമെന്റിൽ നിന്ന് നിങ്ങൾക്ക് ലഭിക്കുന്ന എല്ലാ ഇലക്ട്രോണിക് രേഖയും ഈ ലോക്കറിൽ സൂക്ഷിക്കാം. ഇത്തരം രേഖകൾ നൽകുന്നവർ, ഗവൺമെന്റ് വകുപ്പുകൾ, സിബിഎസ്ഇ പോലുള്ള സ്ഥാപനങ്ങൾ, രജിസ്ട്രാർ ഓഫീസ്, ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് എന്നിവയ്ക്കെല്ലാം നിങ്ങളുടെ ലോക്കറിലേയ്ക്ക് അപ് ലോഡ് ചെയ്യാവുന്നതാണ്. അപ്‌ലോഡ് ചെയ്തിട്ടുള്ള രേഖകൾ നിങ്ങൾക്ക് ഇ മെയിലിൽ കൂടി മറ്റുള്ളവർക്ക് നല്കാം. അതേസമയം ഗവൺമെന്റ് ഏജൻസികളിൽ നിന്നു നല്കുന്ന രേഖകൾ നിങ്ങൾ അധികാരപ്പെടുത്തിയിട്ടുള്ള ബാങ്ക്, യൂണിവേഴ്സിറ്റി, പാസ്പോർട്ട് ഓഫീസ്, ട്രാൻസ്പോർട്ട് വകുപ്പ് തുടങ്ങിയ ഇടപാടുകാർക്ക് കാണാവുന്നതുമാണ്.

# മഹാത്മാഗാന്ധിയുടെ കൃതികളുടെ ഡിജിറ്റൽ പതിപ്പ് പ്രകാശനം ചെയ്തു



മഹാത്മാഗാന്ധിയുടെ കൃതികളുടെ സമാഹാരം 100 വാല്യങ്ങളാണ്. മൊത്തം 55000 പേജുകൾ വരും. ഇതു മുഴുവൻ ഇപ്പോൾ ഡിജിറ്റൽ ഫോർമാറ്റിൽ ലഭ്യമാക്കിയിരിക്കുന്നു. ലോകമെമ്പാടും ആർക്കും ഇപ്പോൾ ഇത് വായിക്കാം. വാർത്താവിതരണ പ്രക്ഷേപണ, ധന, കമ്പനികാര്യ വകുപ്പ് മന്ത്രി ശ്രീ.അരുൺ ജെയ്റ്റ്ലിയാണ് മഹാത്മാഗാന്ധിയുടെ കൃതികളുടെ ഇലക്ട്രോണിക് പതിപ്പ് 2015 സെപ്റ്റംബർ 8-ന് പുറത്തിറക്കിയത്. ന്യൂഡൽഹിയിലെ ഗാന്ധി പീസ് ഫൗണ്ടേഷനിൽ നടന്ന ചടങ്ങിൽ വാർത്താവിതരണ പ്രക്ഷേപണ സഹ മന്ത്രി കേണൽ (റിട്ട.) രാജ്യവർധൻ റാത്തോറും സന്നിഹിതനായിരുന്നു. കൃതികളുടെ ഇലക്ട്രോണിക് പതിപ്പ് ലഭ്യമാകുന്ന ഗാന്ധി ഹെറിറ്റേജ് പോർട്ടലിന്റെ ചുമതല വഹിക്കുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ സഹകരണത്തോടെ സബർമതി ആശ്രമം പ്രിസർവേഷൻ ആൻഡ് മെമ്മോറിയൽ ട്രസ്റ്റ് ആണ്.

ഗാന്ധിജിയുടെ തെരഞ്ഞെടുത്ത കൃതികളുടെ ഇലക്ട്രോണിക് പതിപ്പ് രാജ്യത്തിന്റെ മഹത്തായ പൈതൃകം സംരക്ഷിക്കുന്നതിനും തലമുറകൾക്ക് കൈമാറുന്നതിനും ഉപകരിക്കുമെന്ന് തദവസരത്തിൽ മന്ത്രി ശ്രീ.അരുൺ ജെയ്റ്റ്ലി പ്രസ്താവിക്കുകയുണ്ടായി. പുസ്തകങ്ങളുടെ ഡിജിറ്റലൈസേഷൻ പദ്ധതിയുടെ മൂല്യത്തെ എടുത്തു പറഞ്ഞ മന്ത്രി ജെയ്റ്റ്ലി, ഇതിനായി സഹകരിക്കാൻ മുന്നോട്ട് വന്നിരിക്കുന്നത് ഗാന്ധിജി തന്നെ ആരംഭിച്ച സ്ഥാപനങ്ങളാണ് എന്നും ചൂണ്ടിക്കാട്ടി. കൃതികളുടെ ഹിന്ദി പതിപ്പായ സമ്പൂർണ ഗാന്ധി വാങ്മയത്തിന്റെ ഡിജിറ്റൽ പതിപ്പും ഉടൻ പുറത്തിറങ്ങുമെന്ന് അദ്ദേഹം വ്യക്തമാക്കി.

അഹമ്മദാബാദിലെ ഗുജറാത്ത് വിദ്യാപീഠവുമായി ഗാന്ധിജിയുടെ കൃതികൾ ഡിജിറ്റലൈസ് ചെയ്യാൻ 2011 സെപ്റ്റംബറിലാണ് പ്രസിദ്ധീകരണ വിഭാഗം ധാരണാപത്രം ഒപ്പിട്ടത്. ഗുജറാത്ത് വിദ്യാപീഠം മുൻ വൈസ് ചാൻസലർ പ്രഫ.സുദർശൻ അയ്യങ്കാർ, പ്രശസ്ത ഗാന്ധിയൻ പണ്ഡിത ശ്രീമതി ദീനാബെൻ പട്ടേൽ, സബർമതി ആശ്രമം പ്രിസർവേഷൻ ആൻഡ് മെമ്മോറിയൽ ട്രസ്റ്റ് ഡയറക്ടർ ശ്രീ ത്രിദീപ് സുഹൃദ് തുടങ്ങിയ പ്രമുഖ ഗാന്ധിയന്മാർ ഉൾപ്പടുന്ന വിദഗ്ധ സമിതിയാണ് ഈ ജോലിക്ക് മേൽ നോട്ടം വഹിച്ചത്.

മഹാത്മാ ഗാന്ധിയുടെ കൃതികളുടെ സമാഹാരം കേന്ദ്ര ഗവൺമെന്റിന്റെ പ്രസിദ്ധീകരണ വിഭാഗം 1956 ലും 94 ലും പുറത്തിറക്കിയിരുന്നു. ഗാന്ധിജിയുടെ വാക്കുകൾ അദ്ദേഹത്തിന്റെ എഴുത്ത് എന്നിവ ഉൾക്കൊള്ളുന്ന ഈ കൃതികൾ 1884 മുതൽ അദ്ദേഹം കൊല്ലപ്പെടുന്ന 1948 ജനുവരി 30 വരെയുള്ള സംഭവബഹുലമായ കാലഘട്ടത്തിന്റെ കൂടി ചരിത്ര രേഖയാണ്.

Yojana (Malayalam) October 2015 Rs. 20 RNI. 22588/72 Postal Regn. Regd. KL/TV (S) 29/2015-17
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1/10/2015




ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം.**